Vol 3. No. 3. Sept. 1953.

# BHĀṢĀTRAIMĀSIKAM

(MALAYALAM QUARTERLY)

UNIVERSITY LIBRARY
31 JAN 1955
MADRAS

TRAVANCORE UNIVERSITY
ORIENTAL MANUSCRIPTS LIBRARY
TRIVANDRUM.

## ഉള്ളടക്കം


I — പുറം

1. ഗവേഷണസമിതി (റിപ്പോർട്ടുകൾ)
2. ഭദ്രകാളീസ്തവം (സ്തോത്രം) 1—4
3. ഉണ്ണിച്ചിരുതേവീചരിതം (പ്രബന്ധം) 1—22
4. മംഗലയാത്തിര 1—12
5. പൊന്നിറത്താൾകഥ (തെക്കൻപാട്ട്) 33—49
6. ജ്ഞാനമുത്തുമാല (പ്രാചീനഗദ്യം) 29—48

II

1. നായിക്കന്മാരുടെ തിരുവിതാംകൂർ ആക്രമണം 1—8
   ശൂരനാട്ടു കുഞ്ഞൻ പിള്ള
2. വിജ്ഞാപനപരമ്പര—
   1. അനന്തപുരവർണ്ണനം 1—2
   2. ഓറിയൻറൽ മാനസ്ക്രിപ്റ്റ്സ് ലൈബ്രറി 1—2
   3. കൗടലീയം 1—2
   4. ഉണ്ണുനീലീസന്ദേശത്തിൻെറ പ്രാചീനമാതൃക 1—4
   5. അവന്തിസുന്ദരി 1
   6. കേശിമഥനം ആട്ടക്കഥ 1
   7. പ്രാചീനഗ്രന്ഥസംഭരണം 1
3. തൃക്കപ്പയററിലെ ഒരു സദ്ഭുതഗാനം 1—4
   (കേരളത്തിലേ പഴയപാട്ടുകളുടെ
   കലവറയിൽനിന്നു് ഒരു 'കവിത്തം')
   പി. കെ. ശിവശങ്കരപ്പിള്ള എം. എ.
4. അഭ്യർത്ഥന { തിരുനാവായ വാധ്യാൻ നമ്പൂരിപ്പാടു്, ചെറുമുക്ക വൈദികൻ നമ്പൂരിപ്പാടു്, ഊരമ്പിള്ളി മനയ്ക്കൽ സുബ്രഹ്മണ്യൻ നമ്പൂരിപ്പാടു് } 1—2
5. ഗുരുസമ്മതപദാൎത്ഥങ്ങളും കൗമാരിലമതോപന്യാസവും } ശിരോമണി വി. ജി. നമ്പൂതിരി 1—2

# ഗവേഷണസമിതി

യൂണിവേഴ്സിറ്റി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയോടു് അനുബന്ധിച്ചു നടത്തുന്ന ഗവേഷണസമിതിയുടെ ഈയാണ്ടത്തെ ഉദ്ഘാടനം ൧൯൫൨ ഡിസംബർ ൧-ാംനു (൧൧൨൮—൪—൧൬) ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ നിർവ്വഹിച്ചിരിക്കുന്നു. സംസ്കാരസംബന്ധമായ പ്രവർത്തനങ്ങളിൽ പ്രത്യേകം താൽപര്യമുള്ള അദ്ദേഹം തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ പ്രാധാന്യത്തെ പുകഴ്ത്തുകയും, അതിന്റെ പ്രവർത്തനങ്ങളെ വേണ്ടവണ്ണം അഭിനന്ദിക്കുകയും ചെയ്തു.

മന്ത്രിയവർകളെ സ്വാഗതം ചെയ്തുകൊണ്ടു് ആണറ റി ഡയറക്റ്റർ ഈ സ്ഥാപനത്തിൻെറ ചരിത്രവും, പ്രവർത്തനവും ചുരുക്കത്തിൽ പറകയുണ്ടായി. ശ്രീ. ഗണപതിശാസ്ത്രികൾ തുടങ്ങിയ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ ചുരുങ്ങിയ തോതിൽ സമാരംഭിച്ച ഗ്രന്ഥശേഖരണവും, പ്രസിദ്ധീകരണവും ക്രമേണ വളർന്നു് ഇന്നു തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിലുള്ള ഒരു മഹാസ്ഥാപനമായി തീർന്നിരിക്കുകയാണു്. ൩൦൦൦൦-ൽപരം ഗ്രന്ഥങ്ങൾ ശേഖരിച്ചുവച്ചിട്ടുള്ളതും, നൂറ്റിയെഴുപതോളം സംസ്കൃതഗ്രന്ഥങ്ങളും, എൺപതോളം മലയാളഗ്രന്ഥങ്ങളും, പ്രധാനപ്പെട്ട ചില തമിഴ്ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നതുമായ ഈ സ്ഥാപനം ഭാരതത്തിലെ ഭാഷാഗവേഷണശാലകളിൽ പ്രധാനമായ സ്ഥാനം വഹിക്കുന്നു. എന്നാൽ ഈ സ്ഥാപനത്തിൻെറ പ്രാധാന്യവും ഇവിടത്തെ പ്രവർത്തനങ്ങളുടെ പ്രയോജനവും ഇനിയും വേണ്ടപോലെ പൊതുജനങ്ങൾ മനസ്സിലാക്കിയിട്ടില്ല. ഗവേഷണസംബന്ധമായി ഇവിടെ വളരെയൊക്കെ ചെയ്തിട്ടുണ്ടെങ്കിലും ഇനിയും ചെയ്യാൻ അവശേഷിക്കുന്ന കാര്യങ്ങളെപ്പററി ഓർക്കുമ്പോൾ സംതൃപ്തിയേക്കാൾ കൂടുതൽ സമുത്സാഹത്തിനാണു വക. അതിനാൽ കാലോചിതമായി സ്ഥാപനത്തെ പരിഷ്കരിക്കുന്നതിനും, ഇവിടത്തെ ഗവേഷണകൃത്യങ്ങളിൽ പ്രവർത്തിക്കുന്ന പണ്ഡിതന്മാർക്കു് സമുചിതമായ പ്രോത്സാഹനം നല്കുന്നതിനും യത്നിക്കേണ്ടതു് സ്ഥാപനത്തിൻെറ മേന്മയ്ക്കു്

ആവശ്യമാണെന്നു പറഞ്ഞുകൊണ്ടു് ആണററി ഡയറക്റ്റർ മന്ത്രിയവർകൾക്കു സ്വാഗതം നല്കി.

മന്ത്രിയവർകളുടെ അനതിദീർഘവും അത്യന്തസമുജ്ജ്വലവുമായിരുന്ന പ്രസംഗം ഈ സ്ഥാപനത്തിൻെറ ഭാവിപ്രവൎത്തനങ്ങൾക്കു് വലിയ ഒരു പ്രചോദനം ആയിരുന്നു. കേരളീയസംസ്കാരത്തെയും, ഭാരതീയസംസ്കാരത്തെയും കാലോചിതമായി പ്രകാശിപ്പിക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹം സ്പഷ്ടമാക്കി. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെപ്പററി വേണ്ടുവോളം പൊതുജനങ്ങളെ അറിയിക്കേണ്ടതാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. കൗടലീയ അൎത്ഥശാസ്ത്രം പോലെയും, ഭാസനാടകങ്ങൾ പോലെയും ഉള്ള കൃതികൾ പ്രകാശിപ്പിച്ച ഈ സ്ഥാപനത്തിനു ചാരിതാൎത്ഥ്യത്തിനു വേണ്ടുവോളം വകയുണ്ടെന്നും, എന്നാൽ പുതുതായി എത്രയോ കാൎയ്യങ്ങൾ ഗവേഷണസംബന്ധമായി ചെയ്യാനുണ്ടെന്നും പറഞ്ഞുകൊണ്ടു് ഗവേഷണസമിതിയുടെ ഈയാണ്ടത്തേ പ്രവൎത്തനങ്ങളെ അദ്ദേഹം ഉദ്ഘാടനം ചെയ്തു.

# യൂനിവേഴ്സിററി
# ഓറിയൻററൽ മാനുസ്ക്രിപ്ററ്സ്
# ലൈബ്രറി ഗവേഷണസമിതി

പ്രസ്തുത സമിതിയുടെ ഉദ്ഘാടനയോഗം ഈ മാസം ഒന്നാം തീയതി, ബഹു: ധനകാര്യമന്ത്രി, പനമ്പിള്ളി ഗോവിന്ദമേനോന്റെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. അനന്തരം 12-12-1953-ൽ സമിത്യദ്ധ്യക്ഷൻ ശ്രീ. ശൂരനാട്ടു് പി. എൻ. കുഞ്ഞൻപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ വിശേഷാൽ യോഗത്തിൽ വച്ചു താഴെപ്പറയുന്ന പ്രമേയങ്ങൾ ചർച്ചചെയ്തു് അംഗീകരിച്ചു.

(1) മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന ഭാഷാത്രൈമാസികത്തിന്റെ പ്രതികൾ തിരു-കൊച്ചിയിലെ ഗ്രന്ഥശാലകളും, കാളേജുകളും, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറും, ദേവസ്വം ലൈബ്രറികളും വാങ്ങിക്കുന്നതിനു വേണ്ട നടപടികൾ ചെയ്യുക.

(2) ഇപ്പോൾ മലയാളം, സംസ്കൃതം മുതലായ ഭാഷകളിൽ ഇവിടെ നടത്തുന്ന ഗവേഷണം വിസ്തൃതമായ രീതിയിൽ നടത്തുന്നതിനു വേണ്ട പദ്ധതി തയ്യാറാക്കുക.

(3) പ്രസ്തുത ഡിപ്പാർട്ടുമെൻറിൽനിന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ളതും, പ്രസിദ്ധപ്പെടുത്താവുന്നതും ആയ ഗ്രന്ഥങ്ങളുടെ ലഘുനിരൂപണങ്ങൾ സാമാന്യജനങ്ങളുടെ അറിവിനായി പത്രങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തുക.

ഗവേഷണസമിതിയുടെ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിനു നിശ്ചയിക്കയും താഴെപ്പറയുന്ന അംഗങ്ങളെ സമിതിയിലേക്കു തെരഞ്ഞെടുക്കുകയും ചെയ്തു.

# പ്രവർത്തകസമിതി

അദ്ധ്യക്ഷൻ

ശ്രീ. ശൂരനാട്ടു പി. എൻ. കുഞ്ഞൻ പിള്ള.

ഉപാദ്ധ്യക്ഷൻ

ശ്രീ. കെ. എസ്. മഹാദേവ ശാസ്ത്രികൾ

സെക്രട്ടറി

ശ്രീ. എൻ. രാഘവൻ നായർ

ഖജാൻജി

ശ്രീ. എൻ. പരമേശ്വര ശാസ്ത്രികൾ

അംഗങ്ങൾ

ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
ശ്രീ. ഏ. രാമചന്ദ്രശാസ്ത്രി
ശ്രീ. എൻ. പരമേശ്വരൻ നമ്പ്യാതിരി

# ഭദ്രകാളീസ്തവം

[തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലയിലെ 8398-ാംനമ്പർ ഗ്രന്ഥമാണു് ഈ പ്രസിദ്ധീകരണത്തിനു് ആലംബം. ഉത്തരകേരളത്തിൽ 'തിരുവർകാട്ടു്' എന്ന ക്ഷേത്രത്തിലെ പ്രതിഷ്ഠയായ ഭദ്രകാളിയേയാണു് ഇതിൽ കീർത്തിച്ചിരിക്കുന്നതു്. കവി, കോലത്തുനാട്ടു രാജാവിന്റെ ആശ്രിതനായിരുന്നു എന്നു പ്രസ്തുത കൃതിയിൽനിന്നു ഊഹിക്കാം.]

ജയ ജഗദീശേ! ജലദനികാശേ!
ജഗതി നിറഞ്ഞ ജഗത്ത്രയതായേ!
ഭഗവതി! ഭദ്രേ! ഭവകൃതമുദ്രേ!
കബളിതപാപേ! കടുതരകോപേ!
ഭയകരകായേ! വരതരമായേ!
പടുരുചികൊണ്ടു പ്രതിനവകൊണ്ടൽ-
പ്പടലികമങ്ങും പരിചിൽ വിളങ്ങും
കചഭരരമ്യേ! മുനിജനഗമ്യേ!
തുഹിനകരത്തെല്ലൊളിവൊടുമെത്തും
കനകകിരീടേ! മുകിൽനിരയുടേ
ചിതറിന ചമ്പാവിലസിതസമ്പാ-
ദനപടുഫാലസ്ഥലമിഴിലോല-
ജ്വലനശിഖാളീസതതകരാളീ-
കൃതനിഖിലാശേ! വിദലിതപാശേ!
മലർശരവില്ലിൻചതുരത വെല്ലും
പുരികമിളക്കുംപൊഴുതു നമിക്കും
ത്രിഭുവനലോകേ! തരളവിലോകേ!
മദകളകാഭിപ്രകടിതകമ്പി-
പ്രതിഭയകൊമ്പിൻപ്രതിമകലമ്പും
വിലസിതഗണ്ഡേ! ധൃതനരമുണ്ഡേ!
മധുമദമേന്തിക്കുതുമിഴിനീന്തി-
ക്കിമപി കുഴഞ്ഞും കനിവൊടയഞ്ഞും
ഝടിതി മറിഞ്ഞും പ്രകൃതി തെളിഞ്ഞും
മരുവിന തൃക്കൺനളിനമിളക്കം
പെരുകിന വക്ത്രേ! മഹിതചരിത്രേ!
രുഷിതവശത്താൽ വിരവൊടടുത്താ-

കലതരമുരളെച്ചരംഹിതതലമേച്ചാ-
റഴകിനൊട്ടുമ്പിത്തെളിവിനൊടേമ്പൽ-
ധ്വനിവിഭവം തേടിന മുഖരശ്രേധ്യേ!
ശശധരശകലദ്യുതിതതിശകലി-
ച്ചഴകെഴുമെകിറിൻകട്ടരവമുഖരീ-
കൃതരണഭ്രമേ! രിപുജനഭീമേ!

ചട്ടലകപാലകമാലകൾ തങ്ങിവിളങ്ങിന കണ്ഠി!
വികണ്ഠിതമദ്ധ്യസമുദ്ധതമേവിന യൗവനഗർവ്വിതപർവ്വത-
കമ്പനലമ്പടമംഗലഭംഗിനിരംകുശകൊങ്കകൾകൊണ്ടു
തിരണ്ട വിലാസകലാവതി! ശംഖനിരർഗ്ഗളചക്രവരങ്കര-
വാളിക വട്ടക പരിശ കടുത്തല ശൂലവുമെന്നിവ കോലിന
കൈത്തലശാലിനി! ഷട്പദമാലികദർപ്പമടക്കമെനല്പത
ചേർന്ന കറുപ്പിരലുംനവരോമലതാരുചികോമളതാപദ
മദ്ധ്യലതേ! വരയുദ്ധരതേ! ജാരത്തിലെടുത്ത സമസ്തജഗത്ത്രയ-
മുദ്ധതശക്തിഭരത്തെവളത്തിന സത്ത്വനിധേ! കരിഹസ്തവരത്തിനു
നിത്യമുരത്ത വിപത്തികൊടുത്തതിവൃത്തതമെത്തിന
തുടരണ്ടിനുമൊട്ടുമെടുക്കരുതാത്ത നിതംബഭരേ!
രണഡംബരസംഭൃതഡംഭവിജൃംഭിനിലിമ്പരിപുക്കളെ വെന്നവർതൻ
കടർമാലകൾകൊണ്ടുടഞാണണിയും പരഭൈരവി!
പരിഭ്രതാരാതിവ്രാതം മേതിൽകൌതുകരീതിസമേതമുപേത-
പ്രേതപ്രീതി കളിച്ചുരുളീടിന വേതാളത്തിൻ വലിയ കഴുത്തി-
ലിരുന്നരുളുന്ന പരമ്പൊരുളേ! നിറമമ്പിന ചാരുചിലമ്പുകലമ്പി
ചെമ്പല്ലവരുചി മുമ്പുവണങ്ങും ചരണാംബുരുഹേ!
കരുണാംബുനിധേ! ചലവാരിധിഘോരതരാരവഭൈരവ-
ദാരികവീരശരീരവിദാരണകാരണദാരുണശൂലവിലോല-
വിശാലവിലോചനഭ്രഷ്ണഭീഷണരോഷണഭാഷണഭാവവിഭാവിനി
ഭുവനകദംബകമാശു കലുങ്ങ, ത്രിദശജനങ്ങൾ തെളിഞ്ഞുവണങ്ങ,
പെരിയ ഹരിത്-കരിപംക്തി നടുങ്ങ, ത്രിദശരിപുപ്രകരങ്ങളടങ്ങ
പന്നഗവരനു കഴുത്തുമയങ്ങ, തിരുമുറിയേറ്റു ഘനങ്ങൾ നുറുങ്ങ,
കൊടിയമഹാശിഖികണ്ണിൽവിളങ്ങ, പവരിയിലച്ചുരണങ്ങൾപിണങ്ങ,
പദരജസാ, സുരസിന്ധുകലങ്ങ, പരിസരസീമ്നി പിശാചുകൾതിങ്ങ,

ത്രിജഗതിചാരുചിലമ്പൊലിപൊങ്ങത്തനുരുചികൊണ്ടുടനേ
വെയിൽമങ്ങ,
കിംപുരുഷാളി പുകണ്ണുതുടങ്ങ, പരമസുഖേ മുനിമണ്ഡലി മുങ്ങ,
ചികുരനിശാകരഖണ്ഡമനങ്ങപ്പട്ടരടിത്തേന ജഗത്തു മുഴങ്ങ,
തിരുമിഴിയൊക്കെ മിഴിച്ചു മിഴിച്ചു മധൂളികുടിച്ചുകുടിച്ചു
മദേന ചിരിച്ചു ചിരിച്ചു കരാളമിറച്ചി ചവച്ചു ചവച്ചു
രദങ്ങൾ കടിച്ചു കടിച്ചു സുഖേന നടിച്ചു നടിച്ചു പുളച്ചു കളിച്ചു-
രുളുന്ന മഹേശ്വരി, ശാശ്വതി!
നീയത്രേ നിഗമത്രയമായതു നീയത്രേ ഭുവനത്രയമായതു
നീയത്രേ കമലാസനനായതു നീയത്രേ കമലേക്ഷണനായതു
നീയത്രേ പരമേശ്വരനായതു നീയത്രേ മൊഴിമങ്കയുമായതു
നീയത്രേ മലർമങ്കയുമായതു നീയത്രേ മലമങ്കയുമായതു
തപനനു വെയിലായതു നീ ഹിമകരനൊളിയായതു നീ
ദഹനനു ശിഖയായതു നീ വരുണനു രസമായതു നീ
പവനനു ബലമായതു നീ പുരുഷനു മനമായതു നീ.

പൂവിൽ പരിമളമേളംപോലെ
പൂർണ്ണപയോധിയിലോളംപോലെ
പവനൻതങ്കലിളക്കംപോലെ
വരരത്നത്തിൽ വിളക്കംപോലെ
പൊരിയും തീയിലൊരുഷ്ണംപോലെ
പരമാത്മാവിൽ വിളങ്ങും മായേ!
കർമ്മപ്രാചുരിചേർത്തു സമസ്തം
നിർമ്മിപ്പാ(ൻ) ഭുവനത്തെ നടേ നീ
രക്ഷിപ്പാ(ൻ) പുനരഴകൊടശേഷം
ഭക്ഷിപ്പാ(ൻ) പുനരുല്ക്കടരോഷം
കെൽപ്പെത്തീടിന നിൻ നിനവേതും
കല്പിപ്പാനരുതാർക്കുമിതമ്മേ!
തെക്കു വടക്കു കിഴക്കു പടിഞ്ഞാ-
റൂർദ്ധ്വമധസ്സാലെന്ന വിഭാഗവു-
മമ്പൊടു പണ്ടു കഴിഞ്ഞതുമിപ്പോ-
ഴുള്ളതുമിന്നി വരുന്നതുമെന്ന വി-
ശേഷവുമൊക്കെ വരഞ്ഞു നിറഞ്ഞു

തെളിഞ്ഞൊരുനാളുമൊരുത്തനമിത്ര
പരപ്പിതിലുണ്ടു നിരന്തരമെന്നു തിരിക്കരുതാത
പരമ്പരമായി വിളങ്ങിന നിങ്കൾ
ധരണീചക്രമശേഷം പാർത്താൽ
അണുവായ്‌ത്തോന്നിയൊരണുവോടൊക്കും.
കളകളഘോഷം വാർധിപൂരം
കുകയിലെ നീർത്തുള്ളിയൊടൊക്കും.
ദിനകരഹിമകരദഹനന്മാരും
ഖദ്യോതംതന്നൊളിവിനൊടൊക്കും.
കൊട്ടതായ്‌മേവിന മാരുതവേഗം
കൃമിനിശ്വാസക്രീഡയൊടൊക്കും.
വിപുലത പേർന്നു വിളങ്ങും വ്യോമം
നവരമെറുമ്പിൻ കുക്ഷിയൊടൊക്കും.
ക്ഷേത്രഗനോടും ഭൈരവനോടും
മാതൃക്കളൊടും ഭൂതങ്ങളൊടും
പ്രേതങ്ങളൊടുംകൂടി ക്രീഡി-
ച്ചഴകിയ തിരുവെറികാടാണ്ടരുളിന
കുറവിയലാത ചിദാംകുരനീവീ
നീലക്കണ്ണെന്നതന്നിൽ നികാമം
ചാലപ്പൊങ്ങിന കരുണാഭംഗ്യാ
കോലക്ഷ്മാപതിവംശമശേഷം
പാലിപ്പാൻ പരികല്പിതദീക്ഷേ !
വേദാകാരേ ! നാദാകാരേ !
മന്ത്രാകാരേ ! തന്ത്രാകാരേ !
ജീവാകാരേ ! ഭാവാകാരേ !
തത്ത്വാകാരേ ! സത്ത്വാകാരേ !
വിദ്യേഽവിദ്യേ ! ഭുക്തേ ! മുക്തേ !
ബുദ്ധേ ! സിദ്ധേ ! ശക്തേ ! യുക്തേ !
ഗൌരീ ! മാരീ ! ശാന്തേ ! കാന്തേ !
ശിക്ഷേ ! രക്ഷേ ! ജനനി ! നമസ്തേ !

ശുഭം.

# ഉണ്ണിച്ചിരുതേവീചരിതം

[ഭാഷാത്രൈമാസികത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കുകയും, ഇപ്പോൾ പുസ്തകരൂപത്തിലാക്കത്തക്കവണ്ണം തയ്യാറാക്കുകയും ചെയ്തിട്ടുള്ള ഉണ്ണിയച്ചീചരിതം എന്ന കൃതി കഴിഞ്ഞാൽ പിന്നെ ഈ ഉണ്ണിച്ചിരുതേവീചരിതംപോലെ പഴക്കമുള്ള ഒരു ചമ്പൂപ്രബന്ധം കണ്ടുകിട്ടിയിട്ടില്ല. വലിയകൊട്ടാരം ഗ്രന്ഥപ്പുരയിലെ 1056-B എന്ന ജീർണ്ണപ്രായമായ താളിയോലഗ്രന്ഥമാണ് ഇതിൻെറ മാതൃക. പ്രസ്തുത ഗ്രന്ഥത്തിൽ ഉണ്ണിയച്ചീചരിതം കഴിഞ്ഞുള്ള ഓലകളിൽ ഈ പ്രബന്ധം എഴുതപ്പെട്ടിരിക്കുന്നു.

തെക്കേമലബാറിൽ 'ചോകിരം' എന്ന ഗ്രാമത്തിൽ, 'പൊയില'ത്തു 'തോട്ടുവായ്ക്കുള്ളിൽ' വീട്ടിലെ 'ഉണ്ണിയപ്പിള്ള' എന്ന നടിയുടെ പുത്രിയാണ് ഇതിലെ നായികയായ ഉണ്ണിച്ചിരുതേവി. ഈ സുന്ദരിയുടെ ഗുണവർണ്ണനംകേട്ടു കൌതുകവിവശനായിത്തീരുന്ന ദേവേന്ദ്രൻ, 'അവനിതലാഭരണ'മായ അവളുടെ 'കോയിൽ' തേടിച്ചെല്ലുന്നതും, അവിടെ വാണിയരും ആഢ്യന്മാരും, ചാത്തരും നായന്മാരും മററുമായി വളരെ ജനങ്ങൾ പററിക്കൂടിയിരിക്കുന്നതു കണ്ടു മടങ്ങിപ്പോകുന്നതുമാണ് ഇതിലെ പ്രതിപാദ്യം. സാഹിത്യചരിത്രത്തേയും ദക്ഷിണകേരളചരിത്രത്തേയും സംബന്ധിക്കുന്ന വിലയേറിയ ഒരു കാവ്യരേഖയാണിതു്. അസമഗ്രമായ ഈ പ്രബന്ധത്തിൽനിന്നു കവി ആരെന്നു ഗ്രഹിക്കാൻ കഴിയുന്നില്ല.]

വെള്ളെള്ളുക്കപാലമപി വെണ്മഴുവക്ഷമാലാ-
ച്ചൂലം പിടിച്ചരവു ചുററിന കണ്ഠദേശം
ആറോട്ടുനീറുമണിയും വപുരാറെഴുത്തി-
ന്നൂലം മുദേഽസ്തു മമ മുഗ്ദ്ധശശാങ്കമൌലേഃ.

വിഘ്നോ വിഘ്നപ്രശാന്തിം പ്രദിശതു പൊയില-
ത്തുണ്ണിയപ്പിള്ളപുത്രീം
വർണ്ണിപ്പാൻ വല്ലതാകെൻറിത മമ തൊഴുകൈ-
യ്യിൻറു വാഗ്ദേവതായാഃ
അച്ചംകെട്ടിന്നു മച്ചുമുഖജനിതമഹാ-
കാവ്യചന്ദ്രോദയേഽസ്മിൻ
ഗദ്യം ഖദ്യോതകല്പം ഗളിതരുചിതുട-
ങ്ങിൻറനക്കേ നമോഽസ്തു.

അസ്തി ശ്രീമന്മലനാട്ടിന്നൊരലംകൃതിസാരം നട്ടുവെടമെന്ന പൊയ്യയിൽ നളിനന്നാട..................ാനൊരരങ്ങിവലക്ഷ്മ്യാഃ,

നടവിടകവിവരകേളീനിലയം നാലോടരുപത്തു സൽഗ്രാമാണാം
നായകമണിരിവ ഹാരമണീനാം നൻറും വിഴുവിയ വിപ്ര — —
ണങ്ങൾക്കാകരമാകിയ ചോകിരമെൻെറാരു മഹിതഗ്രാമവിശേഷം.

വെള്ളിമാമലയിൽനിൻറു മുകപ്പിള്ളയാൽ
വച്ചുകൊണ്ടുച്ചിതം വിച്ചയായിന ശിവം
കട്ടുകൊണ്ടതിനെയൻറാട്ടടം പോയനാൾ
കിട്ടിയങ്ങിടയിലേ കാത്തികേയസ്സ്വയം
ക്രുത്തബാണങ്ങൾകൊണ്ടാത്തുചെൻറവനെയെ--
യ്യാത്തുചെയ്യളവിലേ സോfപി ഭൂപാലക-
ശ്ചാപമൌവീരവം കരുമുകിൽക്കുരലിതെ-
ൻറവിരതം കരുതിയും പരിപതച്ഛരഗതാം
ബർഹിപഗ്ര..............................
.....................തൻവരവതായ്ത്തോൻറിയും
തസ്യബാ ( ? വാ ) ഹനമയിൽത്തോകകേകാകുല:
പീലിഭാരം വിരിച്ചതിമുദാ പൊഴിയുമ-
ക്കണ്ണനീരോടഴിഞ്ഞാ..................
പ്പൊഴുതുചെയ്യളവിലുദ്വേഗരോഷേണ തൻ
വേലെടുത്തെറിവതെൻറവനൊരുമ്പെട്ടതും
കണ്ടുതൻ കരുണയാ തൊണ്ടരിൽ പ്രചുരയാ
പണ്ടു ബാണാസുരൻവാതിൽകാത്തെമ്പിരാൻ
പള്ളിവില്ലേററുചെൻറാത്മജം പ്രതി രുഷാ
കൊണ്ടുകൂടിയതറിഞ്ഞിണ്ടൽമിക്കതിതരാം
അംബികാഭഗവതീ തം ബലാദഥ ഗൃഹം
കൊണ്ടുപോയവസരേ ഗീതസംകാശയോ-
രാതവർമ്മാ നൃപോ ഭൂതനാഥസ്യ ത-
ത്തി..................ടംപനപമം ഭൂതലേ
പൂതധീ സ്ഥാപയാമാസ യസ്മിൻ ഖലു.

ഇടത്തുപാട്ടു ചേടിമാർ വലത്തുപാട്ടു പൂതമാ-
യടിത്തളിപ്പൂണക്ക് പൊച്ചിലംപിനോടേ-ംപുമി-

ട്ടുട്ടത്തക്രൂരയിമ്പുലിത്തോലിക്കു ക്രൂരപാത്തിയാ-
ഴ്ത്തിടിച്ച ലീലയാ ശ്ശുകം ശ്ശുകന്നുമുന്നാൽ മുദ്രയും
കുളുത്ത്കുങ്കുമത്വിഷാ തളുത്ത്ഭാഗമൊട്ടടം
മണിക്കടിമ്പു കുത്രചിൽ ഫണിപ്രബദ്ധകുണ്ഡലം
കുഴൽകലാപകങ്ങളും മുഴക്കമുള്ള മാററമൃ-
ന്തമ്മിൽകലന്നസുന്ദരം പുരങ്ങളെകൊണ്ടതങ്ങിമൈ-
യ്യൂരങ്ങിരുങ്ങ······കുരങ്ങ കാന്തിനേർത്തും
കുരാൽനിറത്തിരുക്കണ്ണരം പകുത്തിരണ്ടുപക്കമും
പുകച്ചുകില്ലൊഴുപ്പണിഞ്ഞ പൂമലക്കരുംകുഴൽ-
പ്പുറൈക്കൊരദ്ധമദ്ധചന്ദ്രമുദ്രിതം കപാട്ടമായ്
കപചിച്ചമേനി പച്ചയാ കപചിച്ചുവന്ന വിച്ചയാ-
യുമൈക്കു വാമമംഗമായ്ത്തരാക്കു ദക്ഷിണഞ്ചമ-
ച്ചിവണ്ണമുജ്ജപലാകൃതിസ്സമസ്തഭക്തരക്ഷണേ
നിസർഗദക്ഷിണസ്സദാ സുഖേന യത്ര സന്നിധിം
ദധാതു ദക്ഷിണാശിവഃ.

ആഴ്വാഞ്ചേരിവിരിഞ്ചസനാഥൻ
നീലഞ്ചുവരുകർണ്ണികയാമാ-
റെട്ടില്ലംകൊണ്ടകവിതളൊണ്ടായ്
ബന്ധുഗ്രാമബഹിർദ്ദലബന്ധുര-
മഴകിയ വേദധ്വനിയാം ത്ധംകാ-
രൈരിവ വിഭ്യാധനമാന്തേൻകേ-
ളേവാ ചില വിദ്വദ്വിജമധു-
പൈരതിരുദ്ധം മലർമകളാലുപ-
ലാളിതമധികം മലർമകൾനാഥൻ
നാഭിയിൽമലരും നളിനംപോലെ
ഭാതി ച യന്നിഖിലോ·············മൂലം.

പുത്തുമലർക്കാവിൽ വന്നൊഴുമിളംകൊടികളും
കൊടികൾപൂവിതളിൽനിൻവൃതിരുമപ്പൊടികളും
ചുഴലവും കമുകിനൈതത്തഴകുമക്കൊടികളും
കൊടിനനൈപ്പാൻവരും മൂദനാട്ടുക്കൊടികളും

മഹിതകൎമ്മങ്ങളിൽപ്പരിഗളന്മടികളും
ത്തുംഗഃമ ധാവതത്കുതിരത്തനാടികളും
വനമുഖേ ചകിതമാൻഝടിതിപാഞ്ഞോടികളും
നദികളിൽ കുളിവിധൌ കൃതവധൂത്തുടികളും
നളിനിയിൽ കളിചെയ്യും കളഭമാം പിടികളും
വിഫലസൂകരമഹാമൂരിടകൈത്തടികളും
വിടരിൽനന്മുടികളും പെരുക നല്ലടികളും
നടികളും കുടികൊള്ളും പൊയിലമെൻറുണ്ടു
തത്രൈവഭാഗേ.

അരികിട്ടും പല താനങ്ങളിൽനി-
ൻറഴകു പടച്ചമയും പടകാരോ
മതിമാൻ തോല്ക്കുമുപായമന്നോടി-
ക്കവ്വന്നാട്ടുപുരിക്കാമാറു ച-
ടങ്ങിന്നൊരു കേടിൻറിവിളങ്ങി-
ൻറത്ഭുതകൎമ്മവിഹാരവിരാജീ
മുററി – – യംപുല്ലസിതംകൊ-
ണ്ടച്ചമിതാഹിരിഭാവവിശേഷോ
മേല്മേലരണിയരാകിയെരിഞ്ഞ-
ത്തേജോരാശിപരീതോ നൻറും
കുശലതയാ പരികലിതോ നിയതം
നിയതം കിമപി ച സൌമ്യം പാനം
വിദധച്ചിലരതിലേ പുനരടികൾ പ-
ദംകൊണ്ടറിയപ്പെട്ടതിമാത്രവി-
ചിത്രശ്ലാപാദപി ച ശരാദപി
മുഷ്കരസൂകരരെപ്പൊരുതേറ നെ-
റുത്തുഞ്ഞോകിരരക്ഷണരചിതോ-
ത്സാഹോ നൻറും വള്ളുവനാട്ടു മ-
ഹാസാമന്തസമൂഹംപോലെ
യത്ര വിഭാതി ച ചോമായിഗണഃ

യദുകുലതിലകമണി,രസിതമണിമുറിവുനിറമുടയതിലുരുവു-
ടയവ,നടിമലരരുണ······ത നികടഗതശകടമുടയവ,നിടയ
മടവയരിടൈയറിവരിയ പരിശുപെരിയതയിരൊട്ടറിയുറു
നറുനെയ്യുമുയിരൊട്ടു (നിശി?) നിശിചരിമുലയുമമൃതുചെയ്യു-
മമിതരുചിരവിരളമിരിം പൊടിവളമിഴകിയരമണികൾ
ചെലുചെലമുരലമുഷ്ഠരജിതതമിഴമഴകിയ
കുഴവിയിഴയുമുരലൊട്ടുടനിരുമരുതിനിടയിൽ നിജ
ഗമനമുടയവ,നനചരശിശുഭീതദിതകളിയിലസുരർക-
ളവുകളയുമവ,നഖിലപശുഖുരരചിതരജസി പൊലിയു-
മവ,നലരണികുഴലിൽ മയിലുടയ തനഫമണിയുമവ,-
നരുകി——വരയമുനമരുവുമുരഗപതി തലയിൽ
നടമിയലുമവ,നതിലളിതകളമുട്ടുകുഴലൊലികബളിത
ഹൃദയഗളിതകബളമുഖരഹിതചെവിചെലന
വനമൃഗമുടയവ,നധികമഴയൊഴിയുമള ധൃതഗിരിയെന
മിടവിയ കുടയുടയ ഭുജമുടയവ,നഭി (പതതി?പതിന)കുതിരയു-
രുവുമമരരിപു കൊലചെയ്യുമവ,നമല,നിഭബലസഹിത,-
നഭിനവകമലദലനയന,നസിധനരരിദരഗദകളൊട്ടു
ഗരുഡനപരിയെഴനരുളി(ന?) നരകവധമൊരുനൊടിയിൽ
വരുവുതൊരു പടപൊരുതവ,നമരതരുഹരണ-
നിപുണ,നമരകരുമപര,നരുമറയുടയ പൊരുളമരു-
മിട,മിളനെൽച്ചെറിയുമിനിയപൊയിലിലകിന
പൊയിലമിതി പരിലസതി പുനരവിടൈയൊരിടം.

---

വാട്ടമില്ലാമലർക്കാവിൽ വണ്ടിണ്ടതൻ
പാട്ടിനാലുള്ള സമ്പല്ലലീമേത്യ(?) ക്രൂ-
ത്താട്ടവല്ലുമ്മലത്തൻറമ്പൊരിൻറടം
നാട്ടിലെങ്ങും നിലം നല്ലതാരാഞ്ഞതസൗ
നാട്യവിദ്യാ സഹായം കോയിൽകൊൾവാനുടൻ
നാട്ടിനോരില്ലമെൻറിഞ്ഞതന്നേ വർണ്ണിതം
ക്രൂട്ടമായ്‌വന്ന കാമീശ്വരാൻ കാന്തയാ
ക്രൂട്ടവാൻ നല്ലചേടീ ചിരം കേട്ടതേ

കൂട്ടിൽവാഴും കയിൽപ്പെൺ കഴററിൻറടം
കോട്ടമുള്ളംഗനാചില്ലിവില്ലുമ്മലെ-
ക്കോട്ടയുംകൊണ്ടുപോർതൊട്ടുവാൻകല്പിതം
തൊട്ടിയാരംഭെറും കാമിച്ചിത്താശയം
തൊട്ടുവാൻ തൊട്ടിയാം മാതർനേത്രോല്പലം
തോട്ടമണ്ണിൻറ താംബൂലവല്ലീമയം
തോട്ടുവായ്പൂത്ത കൈതെപ്രസൂനോജ്ജ്വലം
തോട്ടുവാഴ്ക്കുള്ളിയെൻവുണ്ടു തസ്മിന്നദീയേടനാടീമന്ദിരം.

ദ്വിജസത്തമസ്യ തൊടല(ാ)മള വയലങ്ങളിൽമദതോയധിക-
മധുരങ്ങളിൽ മധുരങ്ങളിൽമരുവും കളലപിതങ്ങളിൽ
ലപിതങ്ങളിലെഴമംബുജമിളിതങ്ങളിൽ മിളിതങ്ങളിൽ
വളർതാറതിൽ നിലയഞ്ചിതനിലയഞ്ചിതമരമണ്ഡിത
വിപുലങ്ങളിൽ വിപുലങ്ങളിലരവിന്ദിനികളിലാസിത
കളിലാസിതകളഹംസികൾ നിരതങ്ങളിൽ നിരതങ്ങളിൽ
വിസകോടിഷു നിവസന്നിതി പലടത്തപി വിരിയിൻറിത്തു
ഖലു യത്ര ച കടവൻ.

അഞ്ചിക്കരുകല ചഞ്ചുക്കളെയിട
വഞ്ചിച്ചവകളെമിഞ്ചിച്ചുടനവ
ത്തുഞ്ചിക്ക........................ക-
ഥഞ്ചില്ലഴിവന ചഞ്ചൊല്ലൊരു കയൽ
പൊൽചുററണിവള മെച്ചിറെറാലിയൊട്ടു
ചുഞ്ചുകപണദളിനെഞ്ചിൽകുളിർവള
സഞ്ചിച്ചമൃതിവസിഞ്ചില്ലുഴമിയ
പുഞ്ചെക്കഴനി പൊലിഞ്ഞെതടമൊരിടം.

വളമാറ്റെന്തഴും കതളി തളിരീട്ടുകാവുനില
നിലയഞ്ചമെഞ്ഞകളി കളിയുണ്ടുപാട്ടുമളി-
മളിനീകൃതസ്തബകബകകർണ്ണികാരമയ-
മയകില്ലൊടിക്കമകമകരന്ദപാനപര-
പരപുഷ്ടമല്ലസിതസിതമല്ല നല്ല കമിഴ്

കമിഴിൻറപൂവുമിഴ മിഴികിൻറരേണുമധു-
മധുരമ്മലിഞ്ഞവനിവനിതാംഗിശേഖികൊടി
കൊടിചുററിനീൾകമുകു മുകിൽ ചാൻറുതൊൻറുമട-
മടവീസമേതമയിൽ മയിലെൾപൊലിഞ്ഞമല-
മലരാകുലാവിലയിൽ വിലയില്ലയാത തല-
തലത്തുമുല്ലമരചമരപ്രഭൃതരുചി
തരുചിത്രകാനലാവു പലവുള്ളടം കുഹചിത്.

പെരുംപരുത്തരുംപുകൊംപേലണ്ണും ചെണ്ണുകങ്ങൾ
തൺപകങ്ങളും നിരംപുവാനൊരുംപട്ടം കരുമ്പുസമ്പദാ
വരംപൊലിഞ്ഞദേശമ്പാ കരുംപൂതൻപരംപരാഭരം
പൊരിഞ്ഞതെങ്ങിടെ.........പകംവളന്നതിണ്‌കരും
പനൈകടംബമ്പാ പൊരുംപരല്‌കുലംപെറും കരിമ്പു
നല്ലിണററിനാലൊരിമ്പമുററ ഭാഗമും
വരം പലാവുമാവുനൽപഴംപൊഴിഞ്ഞവീതിയുംവരമ്പുമൂട്ടമാറു
നെൽത്തഴെച്ചെഴും പുലങ്ങളും വിളങ്ങുമങ്ങു കുത്രചിത്.

വളർനീലമണിക്കളിർമാമലവീണ്ണൊരുകാലമലിഞ്ഞു
പൊലിഞ്ഞമുതിച്ചുവയിട്ടു കലന്നുപോലതിശീതള-
ഹൃദ്യഗഭീരമിരിണ്ടുളവററു തെളിഞ്ഞജലാഭരണം
തരുണഭ്രമരങ്ങൾ കളിച്ചിതൾ ചാഞ്ഞരു............
കളഭം സുചിരം കളകണ്ഠികണാകളഹംസമഴിഞ്ഞ-
സുവല്ലഭയാ ബിസവല്ലികൊടുത്തുപൊരുന്നമടംനവ-
ശൈവലതംപലമമ്പൊട്ടതമ്പിടവായിൽ മരിണ്ടു
കൊടുത്തുകെ.........ത്തഴകിക്കരുകക്കരുകക്കഴയും
ജലകുക്കുടചക്രസമാകുലിതാം ചെറുമീനിരപാത്തു
പതത്രികമേച്ചിറകിൻപവനേന ചുഴൻറുമെഴ-
ഞ്ഞെറിയോ ചില വീചികൾകൊണ്ടുദല...............റും
നൈസ്തലുമാമ്പലുമുല്പലമു.........റിവുററു വിളങ്ങി
വിചിത്രതരം പൊയിലത്തമ ചാത്തനുടേ ബഹള
സ്വപനാമഗളത്തിരുനാമനിരെപ്പരിശാകി വെളുത്തു
പ.........ളവാം പരൽമീമ്പരിതഃപെരുമാറു-
ന്നികടാലയവത്തിനിമാർ ചില പത്തിനിമാർ വിപുല-

സ്തനിമാരൊളിയിൽ കുളിചെയ്യുവരിൻറ ജനാനിഫ
നാണിവണക്കി– –മിതെൻറിതി തോൻറുമളന്തെളിതേൻ
പതുകിച്ചിരിയിൻറ സരോരുഹപാരുതരം പല തോഴിക–
ളോടു റപലീലമുടൻ വിളയാടുവുതെൻറവരു·········
························നാവചന്ദനകുങ്കുമ
ശാരദയാ പരിലാസിനിലാവണിയിൻറ ചുവപ്പിലകിൻറ
·········ന്തിതന·························
രയജ്ഞവിധെയ പണ്ടൊരുന·········തഥ വിഭാഗത്തി–
ന്നമരപതി:·····························–
ലാഘ്വാവൃഞ്ഞവിചിത്രരസാർദ്രാമീടിന തന്വലമണ്ണിന
ഗന്ധാചേടീപഞ്ചമഭംഗിയിൽ മധുരം കൊതിവരു······
·················രം പൊഴിയുമ്മൊഴി പൊന്നൊ–
ഴിൻറ ഘർമ്മജലം കണ്ണിന്നമൃതമെനക്കിൻറുണ്ണിച്ചിരുതേവി–
യോമല്മുഖകമലം.

ഇവ്വണ്ണമസ്യാഃകാമിനോ മണിപ്രവാള·········
കേട്ടതീവ വിസ്മിതഃ ശചീപതിഃ സപ– –ദാസമേത്യ തത്സമീപ
മങ്ങുരുക്കരന്നൊരക്കണം വയസ്യനാൻറു ചൊന്നവാറു–
വക്കടൊചുലോകമൃദ്ര വന്നവാറു നില്ക്കുവേറൊരർത്ഥമർത്ഥയേ
മഃനാഥരേയമാരിതിന്നിലാക്കെന്നക്ക കഥ്യതാമിതെൻറ
പൃച്ഛദിച്ഛയാ ശനൈരവന്നു പിന്നെയൊട്ടു ഭിന്നഹാസ–
മിഞ്ഞഃന ജ·········ഞ്ഞയിൽ കേൾക്ക·········–
നിശ്ശു ചെവിതന്നതിനികടേ പുനരവിടൈ വിരാജിതമളകാ
ലംകയുമമരാവതിയെൻറിവകളിലേററമുമുചിതസമൃദ്ധ്യാ
കീഴാകിലുമഥ മേലായ്പുരുവൊൻറിയലിത്തമ്മിലെഴ–
മ്മുലചിത്ത്രിട്ടയലാട്ടും മൃദുമധ്യലതാനാം മയിലൈച്ചാന്ന
മലക്ക്ബെരീണാം വയലിൽ കാർകുവളൈക്കെതിരാകി–
ക്കയലൊത്താമളവുഞ്ചെവിയാകിൻറയലൈച്ചെൻറു
പൊരും നയനാനാം വെയിലത്താംബുജകാന്തി കുറൈക്കു–
മ്മുയലുററമൃതമയൂഖമുഖീനാം കുയിലൈപ്പഴിചെയ്യു–
മഴകിയവചസാം പൊയിലത്തുള്ള വിദഗ്ധനടീനാം
അസ്ഥിവിചിത്രമൊരാ··· ·········രത്നം.

തതസ്തത്ര വന്നാവിരാസീത്സതീ നിത്യരമ്യാ സ്വയം നൃത്തകേളീവിധാനേ വധൂവേഷധാരീ ഗളേ കാളകൂടം കളഞ്ഞിട്ടു ഗീതാമൃതം വച്ചുകൊണ്ടൊരു മുക്കൺപിരാനെൻറുതോൻറിക്കവല്ലും ഗുണാലംകൃതാ രൂപശീലാധികാ രായരപ്രേയസീ പൊങ്ങിയെങ്ങും വിളങ്ങിൻറ കീർത്തിശ്രിയാ ശോഭിനീ പങ്ങമിക്കഉജ്ജ്വലാ നങ്ങയയ്യേതി കാചിന്നടീനായികാ.

തസ്യാം താസീത് പുനഃ സത്യഭാമാനിതാ വിശ്വലാകൈകവശ്യൗഷധം നല്ല ശീലാ⋯⋯മ-ന്ന മല⋯⋯കീർത്തിപ്രഭാ വെണ്ണിലാവിന്നുമല്ലാനകാന്തിക്കുമഭ്യർത്ഥിഃചതശ്ചാഃകാരങ്ങൾതങ്ങൾക്കുമിന്ദോഃ കലാംനൈവതസ്മിൻകളംകസ്യ⋯⋯ ⋯മാകെയ്യുമവ്യാജലക്ഷ്മ്യാശ്ചമാണിക്കമത്രാ⋯⋯⋯കാഠിന്യമെന്നും പിഴെക്കല്ല കാമപ്രസൂതം.

ഹന്തകിം വിസ്തരൈരായിരന്നാവു കൊ-
ണ്ടാമളഞ്ചൊല്ലിലും വായിൽമിഞ്ചും ഗുണാ
രായരമ്പിള്ളയെൻറായതാക്ഷീശിഖാ
യാ ഖലു ശ്രൂയതേ.

ഉൽപന്നാ പുനരുപചിതലക്ഷ്മീ-
ശ്ശിപ്പിക്കിവ തരളാകൃതി തനിമ-
ത്തപ്പിള്ളെക്കൊരുതിരുമകളസ്യാ-
സ്സാക്ഷാദപിചാദ്ധ്യാത്മിക (യാ ?) വിദ്യാ
പരമാനന്ദസുധാർണ്ണവസൂതി
യിൽ ഗുണകർമ്മണവർണ്ണനി പോരാ
വാല്മീകേരപി കവിതാ വലസി-
ൻറായില്ലു, മഹമപി പുകഴ്‌വാനവളെ-
ത്തുനിയിൻേറനിതി സമ്പ്രതി മോഹാൽ.

ചെന്താമരമലർ ചേവടിയെൻറാൽ
ചെന്തളിരെന്നെ വെടിഞ്ഞിട്ടുമല്ലോ.

പുറവടിനളിനപ്പുറവിതളെൻറാൽ
പു(ണ? ന)ന്നരാമൈക്കൾ മുകം പിഴയാതോ?
കേതകിമൊട്ടു കണൈക്കാലെൻറാൽ
കേകിഗളങ്ങൾ പലാതികൾ കേഴും.
തൂയമണിത്തൂൺതുടയു……മെൻറാൽ -
ത്തുടവിയ കതളി തുവ(ർ) പിടിയാതോ.
മംഗലമല്ലു മണത്തിടിലെൻറാൽ
മദനൻ തേത്തട്ടരിയപ്പട്ടമ-
ങ്ങരയാലിലയെൻറുദരം ചൊന്നാൽ
അരിയോ കൈത്തലമെന്തു നിനൈപ്പൂ.
മിന്നക്കൊടിമുട്ടകൊടി നടുവെൻറാൽ
മീനധ്വജനുടെ കൊടിമുനിയാതോ.
കൊങ്ങിൻമുകുളമുരോരുഹമെൻറാൽ
തൂങ്ങുംമുകറു കുരുംപ തനക്കും.
കൈയിണ കല്പകവല്ലരിയെൻറാൽ
കയ്യും മാം പ്രതി ചംപകമാലാ.
കട………കു കഴത്തെന്നുന്നാൾ
കാഞ്ചനനാഴി കയത്തിട്ടുമെല്ലോ.
പതവിയ പങ്കജമാനനമെൻറാൽ
പാർവ്വണശശിനാ പകയാകാതോ.
കോവൈവെള്ളെങ്കനി വാമലരെൻറാൽ
കോപിക്കും നന്ന കോലപ്പകഴം.
മുറുവൽക്കാന്തി നിലാവെന്നുന്നാൾ
മുല്ലപ്പൂമലർ മറയിട്ടുമെല്ലോ.
കിളരൊളിമൂക്കു കിളിച്ചുണ്ടെൻറാൽ
കിമപി ച തിലമലർ കലഹിക്കും മയി.
ദർപ്പണമെൻറു കപോലം ചൊന്നാൽ
ദശമീചന്ദ്രനുമനുശോചിക്കും.
ചെറുവരി ചിന്തിമരണ്ടിമചെററി–
ച്ചെവിയോളം ചെൻറിരുൾക്കുന്നതടം

കർണ്ണംചേററിലെഴും കുവളെപ്പൂ-
വെൻറാൽ വെതകെട്ടമ.............
കണ്ടച്ചാർത്തി.......................
ന്നഞ്ചിതചില്ലികളരുതിരയെന്റാ-
ലഞ്ചമ്പൻവില്ലതിൽമേല്ക്കാട്ടും
മതിയാംനെററി മതിക്കീറെൻറാൽ
മനസിജപട്ടമൃ...............
...................................
നീർമുകിൽമാലകൾ നീർമുറുകാതോ?
കേവലമൊൻറിനെയൊപ്പിപ്പാനൊ-
ന്റിയയാ വിരിഞ്ചിച്ചവൾ തന്നംഗൈ-
രെൻറാൽ നില്പതിന്നിസ്ഥതിരിവിടെ-
ന്നെസ്സുഷാ ഭൂഷണമഖിലവധൂനാം
കഥിതാ ഗാഥയിലിഹ യാ പൂർവ്വം
കണ്ണിന്നമൃതമയൂഖമുഖീനാം
ഉണ്ണിച്ചിരുതേവീതി മുദാ ഞാൻ
വർണ്ണിച്ചളവിൽ മതിന്നിവയെല്ലോ
രോമ............ങ്ങളുമഭിദധതീവ.

അത്തുകേട്ട ദേവപതിരതികൌതുകേന പുന-
രളവററ കാന്തിപദമവനീതലാഭരണം
അവൾതന്നെ ഞാനുമിനി മലരമ്പനും മനമു-
മുഴറിൻറതിന്നു സഹ ഭവതാ സമേത്യ ചുക-
മവലോക്യ നേത്രഫലമപി പെറവുകൊൾവതിതി
കഥയൻ കനിഞ്ഞവനുമവൾകോയിൽ നോക്കിയുടൻ
അവനോടുകൂടഗമൽ.

നാണംകെട്ടിടയിട്ടുടനകമും
പുറമും ചിന്തകളെഞ്ഞക്കവിടമു-
മപി മറെറാരിടമുമുടനേ കാട്ടി-
ക്കൊട്ടിക്കൈവിരൽചൂട്ടിയെതിർത്തിരു-
പക്കമുമേവക്കും ചിരി നലിയും-
വണ്ണം നിന്നെച്ചുട്ടുകുഴിപ്പൂ

വുലയിന്നുന്നിപ്പുഴത്തിട്ട
ചത്തിട്ട പാറയി മൂത്തമ്മേ മണൽ
മൂഴക്കരിയെൻവൂത്തൽകയ്യൻ
ചൊന്നത്തുകൊണ്ടമ്മൂത്രക്കഴിമുട
വിററത്തുമുറവും കാത്തിയവാണിയ
മെല്ലോ നിമ്മിത്തീക്കത്തെടിനിൻ-
മുലമുച്ചൂർകുരുതലമൂരപ്പട്ട-
കൊള്ളിയെടുത്തപ്പൊന്നിയിൽ വയ്യൻ.
നിള്ളയെ ന്തൽപൂട്ടിന വള്ളോനാർ
കള്ളോ തന്നിത്തു? കള്ളച്ചെവുമീ.
ചിക്കിരമുരിതരുമാറു പറഞ്ഞി-
ട്ടക്കരെയീയപ്പോയനൊരുക്കാ-
ലക്കരുമത്തിന്നായിനനാൾ നി-
ന്നക്കിരപിച്ചവിടക്കേ നാറീ-
തായുകെക്കട്ടനിൻവായിൽ കുരുവെഴ-
നായില്ലൂടനീ തേയക്കവെവും
കമ്മപ്പുലയരെയത്തു ചെയ്തിട്ട-
ത്തൊമ്മുകിടെച്ചത്തു ചെമ്മോ ചൊല്ലൊരു
ചെമ്മീട്ടനാ, തവിടോ ചിരികേടീ
ചൂനിയമേ പോനാനറിയേനോ
ചോനിയർതച്ചരിടെപ്പട്ടോനി-
ച്ചോനിയിലൂനമറിഞ്ഞേത പോയിത്തു
വാരാസ്സോയിട്ട ചൂരാപ്പോയിട്ട
മുറിതലമാന്തടി മറുതാ······രു
മറുതാ നീയൊരു മറുതലയല്ലെ-
ൻറിത്ഥം നിൻറു തൊഴത്തകൾ വയ്യും
ചിററങ്ങാടിവിരാജിതഭാഗം.

പാകമരെപ്പണമൊരുപണമോ······················-
ച്ചൊരു വീശം കാണി കുറെഞ്ഞരമാവോടെട്ടോവാതിയരെ-
ത്തിരമം കാല്‌ത്തിരമമിരണ്ടേമുക്കാല്‌ത്തിരമംകൈകുറെയറു-
പലമറുപലമരെ ················ വ്വണ്ണന്നിറപേശി

നിറുത്തിപ്പഞ്ചച്ളാകയിടൈച്ളാകനടൈച്ളാകയിതച്ചു
മുതല്ക്കുന്തട്ടും നെല്ലിന്നിൻറു ചെലുത്തരുതിന്നിയിട്ടു പുടവെ-
യ്ക്കിടുമിതു ബഹുഭാഷാഭിഃ പൊന്നന്തിരമമുമച്ചു······പിന്നയു-
മെല്ലാംകൊണ്ടു വഴങ്ങി വിളങ്ങും വാണിയരാൽ കൃതകോ-
ലാഹലമങ്ങായാനാർ ചിറയാന്നഗരം കണ്ടായാനവനഥ
വിസ്മയജലധൌ.

ഭൂയസ്തസ്യാഃ കോയിൽ പുറപ്പെട്ടെതിരേ വന്നണവോ
ചില ചേടീരമ്മച്ചിപ്രഭൃതീരനുവർത്തിച്ചവകളെ
വെററിലയുള്ള്വർ തീററിക്കളിരി പിടിച്ചവകൾക്ക
ചുടാതേ തങ്ങളുന്നങ്ങുമതൊൻററിയാതേ താഭിരുടൻ
ഗുണസൂനടയാദീനിടയിൽ വശിച്ചു (?) പഴക്കാ ദതപാ തങ്ങളെ-
യിടയിട്ടവകൾ പറഞ്ഞമ്മാമീ വളസക്കഥതേറി കേട്ടെതി
ഹൃഷ്ടതയാദിതപുളകാം കാണാമോ മമ കാണരുതോ കിമു?
വീണാരവമപി നാണിക്കുംമൊഴിവീണാം കിന്നു പയറ്റിന്റോളോ
കൃത്തസ്ത്രീകുലഭൂഷണമഥവാ കൃത്തിന്നംഗമിയറ്റിന്റോളോ?
സഭ്യപ്പാട്ടുകൊട്ടുത്തു സലീലം തത്ര തളത്തിൽ വിളങ്ങിന്റോളോ?
മാറാരപിച നമുക്കിതമുള്ളോർ ചെല്വ്വുതു നാമുമിനി······
കെൻറാങ്ങുഴറിയകാ പൂകിന്റോരൊളിവീടപ്രഭുജളകാമിഗണം
കണ്ടു ചിരിച്ചവർമന്ദിരമതുലം കലിതകുതൂഹലമവനദ്രാക്ഷീത്.

ഔർവ്വാനലോജ്ജ്വലിതതേജോവിലീനതിര
ചുററിത്തിരണ്ടുപരമൈനാകശൈലമതി-
രുച്ചൈരെഴിൻറതിവനമ്പൊന്മതില്പൊലിവ-
ലണ്ണിത്തുലോം വളരുമുല്ലാസിഗോപുരമു-
മാദിത്യനശ്ചിനികൾ മാനത്തുനിൻറവശ-
മോടിത്തുയന്നിടയിൽ മേല്പാടിളെച്ചുതിതി
കല്പിച്ചുകാണുമവർ വിച്ചെപ്പുടും പരിശു
പച്ചെൻറ നന്മണിഭിരുഴ്ത്തുന്നമഞ്ഞധികമു-
ത്തുംഗമായരുണനസ്മിന്നണൈഞ്ഞവനി-
തെൻറാട്ടു തോൻറുമള പക്കത്തെഴുത്തുമെഴിൽ
മാണിക്യശൗ······രരുചിമാ················,

……ലിനി…………കേളിമയിൽ
നൃത്താട്ടമാറു കൃതനൃത്തംപലഞ്ചു
നിജകാന്തിപ്പരപ്പിനിയ
ചന്ദ്രാതപം കിമപി മത്വാ പിപാസയൊടു
പാലെൻറു പാത്തുമത്തു കോലിൻറ പംക്തിളിയു-
മൊൻറാത്തുക്കൂട്ടമിളവെണ്മുത്തുപന്തലപി
കാന്താകുചപ്രണയി താന്താമ്മൃതിന്നവിടം
പൂട്ടുമ്മഹാരജതവട്ടുള്ളരങ്ങപി ച
മേല്മേൽ വിളങ്ങിവരുമച്ഛപ്രഭാവലിഭി-
രൈക്യക്രമേണ ചില ചേടീജനസ്യ വര-
വാമഭ്രുവാമവിടെ ചെൽവപ്പള്ളി……ള-
മുന്മേഷി ചെംപകഴദീപ്ത്യാ ചുവന്നതൊരു
ചീററത്തിനാലരുണമെൻവല്ലഭാവദന-
മെൻറിഞ്ഞ:ന തരുണർ ചേടിക്കുമാറു പര-
മുത്ഭാസിമണ്ഡപമു……………………
………ങ്ങളെന്നുമുരകല്ലോട്ടരെച്ചതുല-
ശോഭാവിശുദ്ധനവഹേമസ്ഫുരൽപുരയു-
മൊൻറാൻറിവണ്ണമവനാലോക്യ തൻ ത്രിദിവ-
മത്യന്തചിത്രതരമനപസ്മരത്.

ഇല്ലത്തുള്ളതുമുടയതുമെല്ലാ-
മറുപുറയാക്കിയൊരടിയുറകെട്ടി-
ച്ചവിടൈത്തങ്ങളെയറിയിപ്പാനെ-
ന്റിത്ഥമുഴെച്ചു ഭഗീരഥവൃത്ത്യാ
നിത്യഞ്ചെൻറധികാരിഭ്രാന്ത്യാ
ശപാനമ്പോലുമുപശപാനിച്ച-
ങ്ങന്തഗ്ദ്ധതനഹമെൻറു നടിച്ചെം-
ട്ടടനേ മുററുമകംപൂന്നേരം
തദ്ദൈവവാരികഭടരാലിടിയു-
ണ്ടടരുന്നൊററിയിലൊഴുകിന രുധിരം

കുംകുമമരുളിച്ചെയ്തുകൊണ്ടൊരു
കുറിയിട്ടേനിതി ഡംഭ്രനടിച്ചതുവു-
മ്മാറു ചിലവാഢ്യരുടൻപോയ്പിന്നെ-
ക്കഥമപി രാജസമീപം പ്രാപി-
ച്ചവരാരേനമൊരുത്ത ഒ.........
നോക്കിപ്പറയും കഥയിലകിഞ്ചി-
ല്ലൂരമായ്പൂത്തുംക്രൂട്ടിമുതിന്നിടയേ-
നിൻെറമ്പ്രാനെൻെറതിലദ്ധോ-
ക്തിയിലേ വാങ്ങുക ജനമെൻെറുക്കേത
പുനരപി പോകാഞ്ഞക്ഷണമീഴ്ക്ക-
പ്പട്ടു വിരെഞ്ഞു പുറപ്പെട്ടൊരു നി-
ർമ്മാല്യമിരന്നങ്ങേനന്തന്നരു-
ളീതിദമെമ്പാൻ ചൂടിസ്സഭ്യപ്പട്ടവാൻ
തത്ര സമേതാനന്താഴത്തി-
ന്നേറിന കാലത്തത്താഴ-
ച്ചുററിന കയ്യൻവന്നുഴറീ-
ട്ടെങ്ങളെയരുളപ്പാടെൻെറുണ്ടെഴ-
നില്ലുവുമൊട്ടായ്കൊണ്ടാൻ.

നിങ്കാര്യ്യമുമുണ്ണത്തിരുപ്പാന്നേൻ എരിവുള്ളോ ചില ചുരുക്കം-
വെററിലയുമ്മമ തിരുവുള്ളമെയ്യരുളീതിവ ഞാൻ
ഒരിടത്തുണ്ടുമറന്നിതുവച്ചിട്ടെന്മാൻ ചാരിയിരുന്നരുളീട്ടൊരു
നെന്മണിയമിഴ്വളമഞ്ഞളംപുരണ്ടിത്തു പൊന്നിൻപെട്ടിയെടുത്തു
തുറപ്പാ-
നെന്നോടിൻെറു വിചാരിച്ചരുളീതിക്കെറ്റീല കണക്കുംപാട്ടമു-
മിന്നുന്നീരുയ വേണ്ടുമിതാരുംവാൻ എൻെറുവരിച്ചരുളീയിതുമുണ്ടി-
ൻെറന്നെക്കൊന്റേറാ നിന്നുടെയൊരുമനുഷ്യം (?) വിട്ടക്കാവ-
ലിയാറിരുപ്പാരെൻെറിന്നാരും ചൂഴററരുളീതെന്നോടേവം
ചാത്രാ വെററില തീററാക്കാല്നിമ്പിഴ കുറുവന വിരുന്നരുളി
നടത്തപ്പാപ്പാരുടെ ഭ്രമിവിലക്കിച്ചപ്പാല്തൊട്ടകിടത്തീ-
ട്ടൊണ്ടാമപ്പാവത്തിന്നപി ച നിന്നെച്ചാലിപ്പാല്ലേക്കംപെരു

ഞാനേമൂലം, ചിരുതേവിക്കൊരു ചേരിക്ക……ത്തരു-
മാറുഞ്ചെറുതെമ്മില്പ്പേശീതെപ്പോഴ്ക്കിട്ടുവുതത്തുമൊട്ടെല്ലാം
വേറെ ചൊല്ലുവനെൻറീവണ്ണം ബഹുധാ ജല്പിച്ചാത്മസ്വജന-
മൊരുത്തരെയപ്പൊൺനരപതിയേകിവിളിച്ചു
വരിൻറവനാക്കിക്കൊണ്ടഥ പോകിൻേറാ ചിലരായ
കുലസ്ഥിതിദുഃസ്ഥിതലോകാനിഹ പരലോകവിഹീനാൻ
കണ്ടേൻ.

തങ്ങൾമുഖോദരമാമളയില്പ്പുക്കിരുപക്കമു-
മുയരത്തലനീട്ടിത്തമ്മിൽവളഞ്ഞു പിണഞ്ഞിരണ്ടഹികൾ
ചെവിത്തലയേറിനപോലെ മീശപുരിഞ്ഞവയേന്തിനിതാന്തം
കണ്ടാൽകഴവുനിനൈക്കാമാറപ്പലകചിരെച്ചു
നിരെച്ചുപരത്തിനപോലെ പലതിരുനാമമിടം പടന്തുക്കി-
പ്പുളകെന്നമ്മഴപൊഴിയുംകാലം, പൂത്തുപൊലിഞ്ഞു വിരി-
ഞ്ഞൊരുപാട്ടം വാലുണ്ടായ്ക്കുററിതൾചെററിനകൈതപ്പൂ-
വാന്നെറിയൽ പിറകുതറിക്ക പൊരുത്തിപ്പൊന്നുകുലാവും
വാലുണ്ടായച്ചങ്ങാതികളോടായിലെടാപ്പോയ്സഖ്യപ്പെട്ടുവാൻ
പോകുൻേറത്യ വിസർഗ്ഗംകാട്ടി വിസൂഷകമാടിയിരുക്ക-
മ്മറുതായ് ബ്രാമണർ നമ്മെശ്ശെല്ലൊട്ടാരെൻറിപ്പാൽനിൻേറ
രാഭണനിവ മൈഥിലിമുന്നം ചില ഹാസ്യവിലോഭന
വൃത്ത്യാ ജാല്യമുരിട്ടിമുരിട്ടഭിലാഷയവർക്കറിയിച്ചഥ
ഇസ്തിദവസ്തിഗളന്ത്രൂം പുസ്തിരിപുസ്തിഗഢാഷ്ഠം വഷ്ഠന്ദാക്ക്ഷി
ദമിഷ്യുതമഷ്ഠരമഷ്ഠിബജിഷ്ഠംവഷ്ഠി വിലഷ്ഠണമുഡ്മന്ദൃഢ്മാ
ദ്രീഹളുനശ്ലിനനഗ്രമിസിരുവേഗാസെയിസിരുവാമൊഴി
യെൻറിത്ഥമഴെച്ചൊരുവല്ലാരിയമാ വെററിലതിൻറു
ചൊരുക്കിത്തങ്ങളിലങ്കമെറിഞ്ഞു കിഴെഞ്ഞന്യോന്യം
ചത്താചത്താ ചെറുമാ നിന്നെച്ചത്തികെട്ടപ്പൻ, പുത്തി
കെട്ടപ്പൻ, പൊത്തിലുമളയിലുമുൾപ്പൂകിപ്പൻ, പത്തിര
മൂരിപ്പാതൊടടിപ്പൻ, കുത്തിക്കടർകുടവ……………
ടനടമെട്ടിപ്പൊരുതെതിർകിട്ടിത്തിട്ടന നട്ടുളകായ്ത്തല

നട്ടുളകായ്ത്തല കീറക്കൊണ്ടുന്നാട്ടിന തണ്ടയെ വെട്ടിയൊടിപ്പൻ,
നീട്ടിന നിങ്കലി കലിമൂണാകലി കലിനെന്നക്കലകിച്ചുതടപ്പൻ,
കീഴ്ക്കണ്ണിട്ടക്കമെമുയത്തിക്കിഴകത്തു പൊസ്സു കിഴിച്ച (ത്തു)കാലൈ-
ക്കിഴകിഴവരുമുതിരക്കളികൊണ്ടെങ്കളരിപ്പൊടികിളരാമ ചമൈപ്പൻ,
കെട്ടാ പാ……………………കേട്ടുകൊളായിൽ
കഴയൂരക്കഴെകത്താർ കാണക്കഴികണ്ടമ്മാററലകിടയിൽ
കഴലുഞ്ചുരുക കഴത്തിൽപ്പാച്ചിച്ചുഴറിച്ചോരിയൊഴക്കിക്കഴെകി-
ക്കഴൽ ചെസ്സിട്ടഴികൊഴെ നിന്നടൽ കഴകിന്നൂൺവഴി കല്പിക്കിന്റേറൻ
എന്റീവണ്ണം വാശി പറൈഞ്ഞു വളഞ്ചിയരപി ച പരിച്ചന്തരുമെ-
ന്റിരു ക്രൂരണ്ടായ് ദൃഷ്ടാദൃഷ്ടഫലഭാവങ്ങളിരണ്ടും തുണയായ്
പോരിന്റോ ചില നായന്മാരെപ്പശ്യന്നേഷ കുതൂഹലമാപ.

പറമ്പത്തു നീന്തിച്ചു പററും ദ്വിജേന്ദ്രാന്മഹാമോഹവെള്ളത്തിൽ
നീന്തി സ്ഫുടം തങ്ങൾ പേരാററുവീതികുലീനാത്മനാമില്ലമു-
ഞ്ചുട്ടടൻ കല്പവിപ്രായ ദൂഷിച്ചു ചൊല്ലിന്റ കാവ്യാഗ്നിനാ
തങ്ങളും വെന്തു നിസ്തേജസോ ലീലയാ കാലദണ്ഡോപമാം
ചുററുകെട്ടുന്തടീം കൈപിടിച്ചങ്ങനേ സഭ്യരാസ്സന്നിരുന്നൊന്നടേ
പുസ്രൂനെ-
ബ്ഭസ്രൂനൈച്ചാകയോസിപ്പുതെന്റാട്ടദിക്ഷേവമായ്
ചൊന്ന……ാപ്പാനവൻ തന്നയേ ചാകമോസീട്ടു പോന്നോൻ നടേ;
സപ്പയാം പുല്ലുമപ്പാശ്ചയാം കോലുമുണ്ടായ്ശ്ചമഞ്ഞാടു-
കൊന്റിഞ്ഞനേ ക്രൂടി നിന്റെങ്ങളെഗ്ഗ്രസ്തിരഞ്ചെയ്യുമ-
ച്ചോക്കിരപ്പാപ്പിനൈശ്ചിക്കനെക്കന്നെവാനിക്കണം പോയ്കണം
ക്രൂടെവേണ്ടുമ്മരിശ്ചാദി കേട്ടിട്ടു മീന്മാങ്കിതപ്പൊത്തകം
കൊണ്ടുപോരിന്റ ചാത്രൻ പുറത്തിട്ടു നാലഞ്ചു
കൊണ്ടെമ്പിളേ ഘോസ്രൂമും മൂ(സൂ)സ്രൂമുഞ്ചോതിയാന്തേ ചുക-
മ്മുററു……മ്മനടേ പുസ്രൂിയൈബ്ഭസ്രൂിയെസ്സെസ്സു പൂകിശ്ച തേ
മശ്ചിനിച്ചാച്ച്യാക്കീട്ടു വേട്ടേന്നിനൈച്ചാലെനക്കേ കുയാ-
ണ്ടുണ്ടു പണ്ടുത്തു…ാമാഗ്ഗ……ക…ാടംപിലും ഞാങ്ങളെ

മേല്ത്തരം കാഞ്ഞിയൂരാം പുലൈപ്പാഴിടേ കാല്ക്കളൈ-
ഞ്ഞിട്ടവന്മണ്ണു തീണ്ടീട്ടു ചത്തന്റു മുഴ്കിക്കുളിച്ചിട്ടു തോഴം
കെടുത്തേന്നിന്നിപ്പോക പോയില······ക്രുത്തത്തിമാർ നമ്മെയു-
ന്നിന്തനാകാക ചെയ്താരിതി ക്രോധപൂവ്വം പുറപ്പെട്ടു ചെന്റെറാന്റു
കോലിടപിജാൻ തല്ലുവാനന്ദ്യതാൻ പൻറിപോലേ പരം
മുഷ്ക്കരാനീദൃശം പൻറിയൂരാളരെത്തത്ര കണ്ടാനയം.

പഴതായ് മഞ്ഞൾപുരണ്ടുമുറിഞ്ഞുതൊരുപവീതമുമിട്ടൊററമഴക്ക-
നടുത്തു മടന്തയർ കിമപി തുവത്തും മുറിതുണി വേണ്ടിച്ചുറ്റിയ തിന്മേ-
ല്പ്പാട്ടുംപോഴ് തലയിൽ ചുററുമത്തും പട്ടുക്കുറയുമൊരുപാട്ടു തുറുത്തൊ-
ടെഴുത്താണ······ഗരി······കൊണ്ടാഢ്യവധൂനാ-
ഞ്ചോറു നശിപ്പിച്ചവകളുടേ പേർകൊണ്ടു മുതല്പ്പേരുണ്ടാക്കിപ്പിററർ
ചൊല്ലിന കവിയും മുണ്ടുമ്മുറിയും കുട്ടിത്തങ്ങളുരിച്ചുളവാക്ക-
ഞ്ചെട്ടെപ്പാട്ടും പലവിതമെഴുതിന്റേറാലകളെല്ലാമെല്ലാപ്പാടും
വച്ചമ്മടിയിൽ കയ്യിൽ ചില ചില കാതിലുമിട്ടതി വിക്രുഷ്ടാകൃതി
മന്ത്രാംകത്തി·········ൻപോലേ വന്നു പുറപ്പെട്ടസഭായോഗ്യം
കിറിയും പേശി വെറുപ്പിച്ചോററം തംപൊന്മകളരുമച്ചാട്ടിയുമി-
ൻറച്ചൊല്ലിച്ച നിഴല്ക്കു നമക്കിൻറമ്മച്ചിയുമമ്മകളും പോലെ
നങ്ങച്ചിയുമമ്മകളും നമ്മോടെങ്ങൾ കുറുംപുറയാർകുളമാളും
തംപാക്കളുമൊരുതാളന്തന്നാൾ ഉയ്യക്കൊണ്ടാർ മകളെക്കൊണ്ടി-
ൻറായിൽ കൊണ്ടാടുവതിന്നി നാം പോയാൽ കോതോമ്മങ്കയിൽ
വൃത്തം ചൊന്നാൻ;
നല്ലു നംകിലിതനെ(ന്മേ)ലിന്നാൾ* ചെന്തലയൻ ചെറിയന്തരി വല്ലും
വെള്ളപ്പങ്കവി വെള്ളംപോലേ വേലത്തലയിലടങ്ങുവതെല്ലാ-
മവിയരിയുണ്ണി···ാമച്ചിപ്പെണ്ണുപചരിയാഞ്ഞാളവൾ മേല്ക്കുളിയേ
മമ്മക്കിളിയെക്കൊണ്ടു പിരാന്മേലമ്മാനെപ്പാട്ടുണ്ടാക്കിച്ചേൻ
ചാത്തൻ തുട്ടൻ ചാകടിയൊവ്വാ ചംകരനൊട്ടവതാളും കൊട്ടും,
പങ്ങിനിയുത്തിരമെത്തിന നാളു ഗു···············
···ള്ളടാളും നങ്ങയുമങ്ങള പണിയില്ലെണ്ണയുമൂണും കിട്ടും

* നല്ലു നമ്മിലതന്മേലിന്നാൾ (പ്ര)

പാലൈക്കാട്ടൊരുപെണ്ണൊണ്ടതിനെപ്പാടിയുയത്താൻനടയമ്മെയ്യേ
നാരണി കാളിമകൾക്കു നാണി···യ്ച്ചാരണരായിതു ചാത്തിരരെല്ലാം
പേരാറുപ്പുറത്തൊരു സൗജന്യം പെരുത്തു പെരുങ്ങോട്ടുണ്ണിപ്പെണ്ണി-
നുണ്ണിക്കണ്ടനവൾക്കമ്മകളുന്നാരണിമകൾമേൽ ചൊല്ലിന പാട്ടി-
നീരണ്ണ മൂവണ്ണ വെള്ളയിരട്ട കഴിച്ചു മുരങ്ങമനെക്കുമെനക്കും
തന്നാൾ മററും കേളകച്ചുവരന്നീചി ചുവന്നതു വന്നിട്ടെങ്ങൾ
തുയക്കു മറന്നാളെല്ലാമുണ്ണിച്ചിരുതേവീ നിന്മേലൊരു സന്ദേശപ്പാ-
ട്ടൊണ്ടതു കേൾക്കെൻറിത്ഥം വീരസ്തോഭം ക്രുട്ടിക്കപ്പെള്ളമുള്ളവായ്
ത്തലയും പെരുക വിറെപ്പിച്ചുഴറിപ്പാട്ടും പാടരെയവിടെ-
ക്കണ്ടേൻ.

ദകട്ടകൊൾവിൻ കുറിക്കൊണ്ടടോ കേവലം
വിടരുടേ പരിശു ഞാനരുതിയായ് ചൊല്ലുവൻ;
കളഗിരാം വീട്ടിൽ നിൻറിനിയരായ്പോരുവാൻ
ജളത കൈവിട്ടവക്കേള്ളതു കണ്ണീർ തുലോം;
പണിപടിൻറിതുമതേ ചതിപടും മാതരാൽ
മഥിതചാണക്യനന്തേവാ············
············ ·നരുന്ധതിയെയുമ്മാദൃശാം
തേറിനാരെൻറു തോൻറിപ്പതൊട്ടായിലും
ക്രുറവീത്തുഴകുതായ് കുറിയുമിട്ടൊരു മലർ-
പ്പൂവു ചൂടിച്ചമഞ്ഞവസരേ ചെൻറുടൻ
ക്രുടെയാടിച്ചിരിച്ചവകളോടാർദ്രയൻ
കഥകൾകൊണ്ടറെ വൈകാതളം പൊഴുതിരു-
ന്നവർ വെറുത്തെൻറിയേ പോക ധൂർത്തതിലും
മററൊരുത്തരിലവൾക്കമ്പു താമറികിലും
വിററുകൊൾവേതിനെക്കളു മുകം വയ്പുത-
ല്ലേതു ചെയ്കിലുമരങ്ങിപ്പുര··················

··················തമ്മാമിയോടനപിതാം
ഭുജഗസംവേഷ്ടിതാമിവ ച ചന്ദനലതാം

വെടിവരേത്തും കൊടാത്ത.................
........................ഴിവുതല്ലെമ്മിലാ--
രൊരു ജഋന്നാഴ്ച്ചകൊണ്ടാമുപായങ്ങൾകൊ–
ണ്ടു..................................
......................................

ലൈക്കപകരിച്ചിവർ കിടപ്പിത്തു ചുകം
പെരിക മൂൎക്ക പുത്തുമല്ലവകളിൽ കെട്ടമളം
വെള്ളമേറിന.........പ്പൂ.........സ്സേഹമാ–
കായിലും വിരസരാം പ്രണയമെള്ളള ന ചേൽ
നായിലും നിന്ദ്യരാം ഭവതി സക്ത്യതിശയേ
ദൈവഗത്യാ വണ്ടാ......................
......ള്ളള്ളറൈപ്പടയരായ് കഴിക...വമ്മറൈ--
ച്ചുതുമിതുന്നൊടിവുതല്ലപരമൊൻറുപടിശാ–
മൃന്യശയ്യാ വിധൌ വല്ലിതുമൊഴിഞ്ഞെതിരവേ
മുകമറി..........................കെററുകൊ–
ണ്ടധികനിഷ്ഠുരഗിരാ പറകയും പരിഹരി–
ച്ചവിഷയേ കലഹിതൊഴികയും കെററുകൊ–
ണ്ടവകളെക്കൊണ്ടു വപ്പിച്ചുകൊണ്ടിഞ്ഞനേ
മദനകേളീമഹാമണ്ഡലം വാണ്ണവ–
ന്വുണ്യവാൻ വീടരിൽ മൂൎദ്ധാഭിഷിക്തോ ഭവേ–
ദീദൃശാം തരുണരെത്തൊട്ട ശിക്ഷാവചോ
മുതുവിടെന്നിഗദിതം കപചന കേട്ടാനവൻ.

അന്തമ്മോഹമിരിക്കൊട്ടായ്യെല്ലാണ്ടൊട്ടെ പോന്നു പുറപ്പെട്ടവോ ചില ബോധനവുങ്ങ കണക്കേ കറിമേൽ തലനാളൊപ്പിന മുഴവരികൊണ്ടേ വെളവെളനേറിപ്പൊങ്ങിവിളങ്ങിന മായാജലധിയിലിട്ടമ്മറുചുഴി പോലേ പൊലിയും പൊയ്യോതിരമുളവാസ്സലമെന്നുമിടിത്തീ ക്രട്ട– ......ദ്ധപനിപോലെ മേൽമേൽക്കഞ്ഞിരച്ചലയമൈക്ക നിതാന്തം മഞ്ഞൾ പിരണ്ടിതൊരുപവീതമുമിന്നുക്കൊടി നിഭമിടയേതൊൻറ–ക്കളിരിപിടിക്കമ.........................നാരുഭരമായ്മ–

ററൊരുപാട്ടതിരിഞ്ഞു കുളെളഞ്ഞൊരു കുപഥിക്കൊളകണക്കേ മുററും
ചെൻറുതളത്തിൽ ചത്തകണക്കേ കണ്ണുംചാമ്പി വിറന്നവളന്നൊരു
പൊങ്ങലിയത്തളൂപൊരും വപുഷാ മുന്നല്പക്കമറെച്ചു പരേഷാം
വെററിലനീട്ടമ്മാണികൊട്ടക്കം വെള്ളാരം കല്പൂരിമിഴൊരു
കർപ്പൂരച്ചിമിഴക്കൊണ്ടു കൃതപൂർവ്വമൊരുത്തനെയരികേ ചാരിയ-
വന്നതു
വേണ്ടുപറഞ്ഞതുമത്ഥം പോത്തന്നീലതു പേശിക്കൊൾവതു വല്ലവർ
വല്ലഭനാരോരിന്നകം നമ്മോടഴകതു പാകടമിൻറിവ വന്നതു
പണ്ടയളമ്മുതൽ താരാതൊഴികിൽ പാണ്ടിയനോടു പൊരുത്തം
വേണ്ടാ;
മുന്നൊരുകാലമവൈരാവതമാമാന നമുക്കു ചരിഞ്ഞിതു കെട്ടി-
ട്ടമരേശ്വരനാരവിടേ വന്നാർ, പററും പൊന്നുംകൊണ്ടത്തളയിൽ
ചിററപ്പനവൻ വിററപ്പിന്നെയതങ്ങേ നില്പിതു പേരാററുപുറ-
ത്തൊരു യാഗത്തിൽ പേരാൺപെരുനമ······ഴുതുന്നാൾ
മരുതല പേടിച്ചോടീതെല്ലോ ചാത്രാ പോരുക നാമ്മും കേൾ പുതു
സറുസരജ്ഞാ പാടിക്കണ്ടു വത്താഴിതരാമെൻറാ·········
നമ്മുടനത്തൊഴികൾ കളത്രമിരുപ്പാനണ്ണിച്ചിരുതേവിക്കൊരു-
വണ്ണന്നാമ്മെ വശിപ്പാൻ ഭാഗ്യം പോരുന്തായുമവന്നു വെരുപ്പി-
ച്ചാളെൻറിത്ഥം പളകും പലപല ഡംഭംജാല്യമുമജ്ഞാനമുമിട-
വിരിവും പടവാത്താകൃതി വിടപരിഹാസാന്തൂലൂൺവഴിയാകിയ
വെളി-
യവരാദി··································
യൊട്ടങ്ങിന നാളും വെളിയവരാം പ്രഭു നാരീപ്രണയാൻ
വെളിയവരാ...·······························
··········രുതാകിലുമന്നമാശ്രിതരായ്പ്പട്ടായയ······മറി-
·········മ്പോലേ പാളെക്കീററു നിധായ ച കക്ഷേ
നീറാക്ക··································
വിട്ടത്തിന്മേലിഹ ഭുവികേവ······രുംവണ്ണക്കല്ലൊ-
ണ്ടെഴുതിയിഴക്കപ്പൊണ്ണനവീണ്ണവി··············ങ്ങളിരന്നു
കയപ്പിച്ചപ്പൊഴങ്ങോ·········ഢ്യപ്പേരും ക്രൂട്ടിക്കവികൾ
വരെച്ചുകൊട്ടത്തള·············ക്കിനി പേശ്ശും

ചെറുചാത്തിരരും വേറേ കുഹചന ക്രുട്ടിത്തമ്മിലുമത്ര
തവാഭ്യ······രിതമണേ···············ങ്ങനപോലേ
പണി പെട്ടിത്തു പൌഷ്ണം ഭോജനമായിട്ടിന്നെ······
··············································
ഗ്രോഹിപട്ടശ്രാദ്ധമണഞ്ഞിത്തു ചാ····················
··············································
······കിട്ടും ചെങ്ങഴനീർപ്പൂവുമ്മറയഞ്ചേരിക്കേരള–
മിശ്രാമറവാച·····························
·················ർനാട്ടിൻ വ്യാഖ്യയുമാച്ചാങ്കൂത്തും
ജഗതി കുളുഫലമെല്ലോ രജ്ജൌ സപ്പ്ഭ്രാന്തികണഃ···
···············രുതാഞ്ചിരുതേവീചെറുമു············
ന്തിയിൽ മുക്താംബുധിവരിൻറിള്ളു ശുക്തൗ രജതഭ്രാ···
···············ലതാസക്തായാഃ കഃ സിദ്ധാന്തഃ ന്യായഃ–
············ കുതഇതി ബഹുധാ സംവ്യവഹാര–
മിയ··········································
വദേവന്ദചിവിധാം ദൃഷ്ടിസഹസ്രചഥേ സവിദശേധൗ

മാണിക്കാലംകഴിവതിന്മേ·········

ശുഭം.

# മംഗലയാതിര *

(നാലുവൃത്തം)

[തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലയിലെ 285-ാംനമ്പർ പകപ്പാണു് ഈ പ്രസിദ്ധീകരണത്തിന്റെ ആലംബം. ഒന്നാം വൃത്തത്തിൽ തിരുവാതിരയെക്കുറിച്ചുള്ള പുരാണകഥയും, ശ്രീപാർവ്വതിയുടെ വിവാഹവും, രണ്ടാം വൃത്തത്തിൽ രാധാമാധവലീലയും, മൂന്നാം വൃത്തത്തിൽ ഗോപിമാരോടു രാധയുടെ ആവലാതിയും, നാലാം വൃത്തത്തിൽ രാധയുടെ കൃഷ്ണാന്വേഷണവും സമാഗമവുമാണു പ്രതിപാദിച്ചിരിക്കുന്നതു്.]

## ഒന്നാം വൃത്തം

മംഗലയാതിര തൻ പുരാണ-
മെങ്കിലോ കേട്ടാലുമുള്ള വണ്ണം.
പണ്ടൊരു ത്രേതായുഗത്തിങ്കല്
ജന്മമായ് കന്യകയും ജനിച്ചു. 1

അക്കന്നി[1] കാലേ ചൈരപ്പത്തില്
പാർവ്വതി വാഴ്കവാഴ്കെന്നു ചൊല്ലി
മലർമങ്ക വാഴ്ക വാഴ്കെന്നു ചൊല്ലി
പൂരം കുളിച്ചവൾ നോററിരുന്നു. 2

ബുദ്ധി തെളിഞ്ഞൊരു പൂജ ചെയ്തു്
കൊങ്ക കിളിർത്തു വരുന്നകാലം
ഉത്തമനായൊരു വേദിയൻതാൻ
വന്നിട്ടു കർമ്മവിവാഹം[2] ചെയ്തു. 3

കുടി കുളി കല്യാണം കഴിയുമ്മുമ്പേ
ഈഷൽ[3] കൂടാതെ വന്നന്തകനും

---

* മംഗല-ആതിര (തിരുവാതിര).
1. കന്നി=കന്യക
2. കർമ്മവിവാഹം=മുറപ്രകാരമുള്ള വിവാഹം
3. ഈഷൽ=സംശയം

വേദിയൻ തന്നുയിർ കൊണ്ടുപോയി
കന്നി കരഞ്ഞിട്ടുള്ളൊച്ച കേട്ടു. 4

കൈലാസത്തിങ്കൽ പട മുഴങ്ങി
മാലയും കൊണ്ടവനിങ്ങു പോന്നു
മാമലർമങ്കയ്ക്കു മാല ചൂടാൻ
പൂമലർമാല കൊടുക്കുന്നേരം 5

മാമലർമങ്ക മനം തെളിഞ്ഞു
പൂമലർമാല ചൂടുന്നന്നേരം.
മാല നീളം പോരാഞ്ഞെന്തുകൊണ്ടു്
പൂവെങ്ങുമില്ലാഞ്ഞോ എന്തുകൊണ്ടു് 6

നിന്തിരു ചെങ്ങാതിയായവളെ
ഇന്നലെ കമ്മവിവാഹം ചെയ്തു
കുടികുളി കല്യാണം കഴിയുമ്മുമ്പേ
ഈഷൽ കൂടാതെ വന്നന്തകനും 7

വേദിയൻ തന്നുയിർ കൊണ്ടുപോയി
കന്നി കരഞ്ഞിട്ടുള്ളൊച്ച കേട്ടു
കൈലാസത്തിങ്കൽ പട മുഴങ്ങി
മാലയുംകൊണ്ടു ഞാനിങ്ങു പോന്നു. 8

നിന്തിരുദേവി നിറം പകന്നു
നെഞ്ചിരുദേവി നിറം പകന്നു
കൈയിലേ മാലയും താനെറിഞ്ഞു
നീലകണ്ഠൻ തിരുകാക്കൽ ചെന്നു് 9

നിന്തിരുപ്പാദം വണങ്ങുന്നോക്കു്
മംഗല്യബാധ വരികയില്ല
കഷ്ടമേയെന്നുടെ ശങ്കരരേ
കമ്മപ്പിഴയോ വരുത്തൊല്ലയേ. 10

എന്നുടെ ചെങ്ങാതിയായവളെ
ഇന്നലേ കമ്മവിവാഹം ചെയ്തു
കുടികുളി കല്യാണം കഴിയുമ്മുമ്പേ
ഈഷൽ കൂടാതെ വന്നന്തകനും 11

വേദിയൻ തന്നുയിർ കൊണ്ടുപോയി
കന്നി കരഞ്ഞിട്ടുള്ളൊച്ച കേട്ടു
കൈലാസത്തിങ്കൽ പടമുഴങ്ങി
മാലയും കൊണ്ടവനിങ്ങു പോന്നു. 12

ഇന്നവളീറൻ നനച്ചിടുകിൽ
ഞാനും നനച്ചു പിഴിഞ്ഞുടുപ്പും.
ഇന്നവൾ കാർകൂന്തൽ നിലത്തിടുകിൽ
ഞാനും പൂഞ്ചായൽ നിലത്തിടുവൻ 13

ഇന്നവൾ കണവനിണപിരികിൽ
ഞാനും തിരുമേനി തീണ്ടോളല്ലേ
കോപം ധരിച്ചു തൃക്കൺ ചുവന്നു
കാലപുരത്തേക്കു നോക്കി നാഥൻ 14

അന്തകനുള്ളിൽ ഭയം തുടങ്ങി
കൊണ്ടാടി നിന്ന മലരമ്പനെ
ചുട്ടുകളഞ്ഞതുമോത്തു കാലൻ
ത്രിപുരവധം ചെയ്തതോത്തു കാലൻ 15

ഭക്തനായുള്ളൊരു മാണി[1] തന്നെ
രക്ഷിച്ചുകൊണ്ടതുമോത്തു കാലൻ
ധമ്മരാജാവും ഭയപ്പെട്ടിട്ടു
വേദിയൻ തന്നുയിർ കാഴ്ചവെച്ചു 16

വേദിയൻ തൻെറ ശിരസ്സിന്മേലു്
മാറത്തുമാകെത്തളിച്ചുകുളി

1. മാണി=(ഉപനയനം കഴിഞ്ഞ ബാലൻ)

നിദ്രയും നീങ്ങീട്ടിരുന്നപോലെ
വേദിയൻ താനുമുണർന്നിരുന്നു. 17

വിദ്യയും ബുദ്ധികൾ പൂർണ്ണമായി
മാമലർമങ്കയോടൊന്നരുളി
കന്യകേ ചെന്നു നീ കാണ്കയെന്നു
മാമലർമങ്കയും തോഴിമാരും 18

കന്യാഗൃഹത്തിലകത്തു പുക്കു
മയങ്ങിക്കിടന്ന മലർകന്യകെ
കോരിയെടുത്തു മടിയിൽ വച്ചു
[1] മാറാരം പൂണ്ട മുഖമണച്ചു 19

ആഭരണങ്ങളും ചേർത്തണിഞ്ഞു
മലർമങ്കപ്പെണ്ണിൻ വരം കൊടുത്തു
മക്കളെ പലരേ പെറുക നീയു്
മംഗല്യബാധ നിനക്കില്ലെന്നും. 20

കന്നിയും കന്യേടെ ചേന്നരും
കണവനുമായി സുഖിച്ചിരുന്നു.
മാമലർമങ്കയും തോഴിമാരും
കൈലാസത്തിങ്കലെഴുന്നെള്ളീട്ടു് 21

ആഭരണങ്ങളും ചാർത്തിക്കൊണ്ടു്
കൈലാസത്തിങ്കൽ സുഖിച്ചിരുന്നു.
ഇപ്പാട്ടു പാടുന്ന മങ്കമാർക്കു
നീളമായു് വാഴ്ക നെടുമംഗല്യം. 22

..............................

* പാർവ്വതി ചെയ്ത തപസ്സു തന്നെ
ജയിച്ചാറേ തോഴിമാരോടും കൂടി

---

1. മാറാരം=മാറിലെ ഹാരം
* ഇവിടം മുതൽ പാർവ്വതീവിവാഹമാണു കഥ.

മാമലരാജപുരത്തു ചെന്നു
മാമലർകന്യകേ വേൾപ്പാനായി 23
[1] മാമുനിമാരോടു ചൊല്ലി വിട്ടു
മാമുനിമാരുമുഴറിച്ചെന്നു
കല്പിച്ചു കന്യേ വിവാഹമെല്ലോ
മേല്ക്കാവിലെല്ലോ പരമേശ്വരൻ 24

ഹരനു തിരുവേളി കല്പിച്ചാരേ
[2] ഐന്തൂണു കല്യാണമാഘോഷിപ്പാൻ
ജ്ഞാതികളും തന്റെ ബന്ധുക്കളും
നാഗത്തന്മാരും നരന്മാരെല്ലാം, 25

ദേവാസുരന്മാരും രാക്ഷസരും
ഭൂതഗണങ്ങളും വന്നുകൂടി
നാലു ദിക്കിലുള്ള രാജാക്കളും
നന്നായ് ചമഞ്ഞിട്ടു വന്നാരൊക്കെ. 26

ഊണിനു കാലമണഞ്ഞിതെങ്കിൽ
ഉഴറണമെന്നു ഗണിതന്മാരും
[3] മാതേവർ തന്റെ ജടമുടിയിൽ
[4] മാനിച്ചുലപ്പെണ്ണ ചാത്തിക്കൊണ്ടു്. 27

നീരണിയുന്ന തിരുമേനിമേൽ
നൈ കൊണ്ടു തുള്ളിവിടാതെ ചാത്തി
അഗ്നി ചൊരിയും തിരുനെററിമേൽ
ഭംഗിയിൽ ചന്ദനം ചാത്തിക്കൊണ്ടു്. 28

---

1. മാമുനിമാരെന്നു ഇവിടെ പറയുന്നതു സപ്തർഷികളെ ഉദ്ദേശിച്ചാണ്.
2. ഐന്തൂണ്=വിവാഹമുഹൂർത്തത്തിനു് അല്പം മുമ്പു് അതു സംബന്ധമായി വരനു കൊടുക്കുന്ന ആഹാരം.
3. മാതേവർ=മഹാദേവൻ
4. ഉലപ്പെണ്ണ=നീരു വററിച്ച എണ്ണ.

കാതോളമഞ്ജനങ്കൊണ്ടെഴുതി
കാമനെപ്പോലെ ചമഞ്ഞിരുന്നു.
അന്നേരം വന്നിട്ടരുന്ധതിയു-
മമൃതത്തിനമ്പിൽ വിളമ്പുന്നോരു 29

1 2
വെളുത്തു നരുത്തു പതുത്ത ചോറും
വിലക്കുവോളം നെയ്യും ശക്കരെയും
പഴുത്ത പഴങ്ങളും പാലും തേനും
ചമച്ച കറികൾ പല വിധത്തിൽ 30

സുരഭി കറന്ന സുധ(യും) തൈരും
സുലഭമായെല്ലാർക്കും വേണ്ടുവോളം
തിരുവാങ്കൊളത്തൊരു ഘോഷമിന്നു്
ശ്രീനീലകണ്ഠക്കിനിയൂണു്. 31

ശേഷിച്ച ചോറു കിടന്നതിനെ
കാളിക്കും തന്റെ ഗണങ്ങൾക്കെല്ലാം
കാട്ടിക്കൊടുത്തവരുണ്ടാരൊക്കെ
കാളിയും തന്റെ ഗണങ്ങളുമായ് 32

പേകളും കൂടെ പുറപ്പെട്ടപ്പോൾ
കണ്ടൊരു മാലോകർക്കെല്ലാപേർക്കും
കാമദേവനെന്നു തോന്നുമല്ലോ
പടിക്കൽ ചെന്നമ്പോട്ടു നിന്ന നേരം. 33

നെടുക്കത്തിലാത്തു പലരു കൂടി
മാനിച്ചു മങ്കമാർ മാതേവരെ
മംഗലമായെതിരേറ്റുകൊണ്ടു്
മിററത്തു ചെന്നങ്ങു നിന്ന നേരം. 34

---

1. നരുത്തു്=പശിമ വന്ന
2. പതുത്ത=മൃദുവായ

മൂൎത്തികൾ മൂവരുമൊത്തുകൂടി
വെണ്ണീറിരന്നു കുളിച്ചുവന്നു
പുണ്യാഹം ചെയ്തു വിളക്കുമുമ്പായ്
വച്ച മണിപ്പീഠത്തേലിരുന്നു. 35

പാനക്കുടവുമുഴിഞ്ഞരന്ന്
ഭംഗിയിൽ മാലയും തോളിലിട്ട്
പാൎവതി തൊട്ട പുടകകൊണ്ടു്
മാതേവർ തന്നെയലംകരിച്ചു. 36

മാതേവർ തൊട്ട പുടകകൊണ്ടു
പാൎവതി തന്നെയലംകരിച്ചു്
മന്തിരം ചൊല്ലീടും മാതേവരു്
മന്തരകോടിയുടുത്തിതെല്ലോ. 37

കാലു കഴുകിയകത്തു പുക്കു
1
ആവണ വച്ചതിന്മേലിരുന്നു
ആവാഹിച്ചമ്പോടരനിരുന്നു
ആരണന്മാൎക്കെല്ലാം ദാനം ചെയ്തു. 38

അഗ്നിയെടുത്തു ചൊരിഞ്ഞുകൊണ്ടു്
അന്നേരമമ്മയടുക്കളയിൽ
പാൎവതി തന്നെയലംകരിച്ചു
നാരായണൻെറ വലത്തുകയ്യാൽ. 39
മങ്കയ്ക്കു താലി കഴുത്തിൽ കെട്ടി
മാല കണ്ണാടി കൊടുത്തു കയ്യിൽ
കുണ്ഡലംകൊണ്ടങ്ങണിഞ്ഞു മുടി
കൊണ്ടരന്നേരമിരുതിരിയും 40
2
കാട്ടീട്ടു നിന്നാരടിയാരപ്പോൾ
കൈയിലേക്കൂറ കൊടുത്തിതെല്ലോ

1. ആവണ=ആമ അണിപ്പലക (ആമപ്പലക).
2. അടിയാർ=ദാസിമാർ

മുക്കണ്ണൻ തന്റെ മുഖത്തു നോക്കി
മുഖദൎശനവും കഴിച്ചിതെല്ലോ. 41

തൃക്കൈയ്യിൽ മാല കൊടുത്തിതല്ലോ
ബ്രഹ്മനും [1]കൗണ്ഡ്യമായ് നീർകൊണ്ടന്നു
മന്തിരം ചൊല്ലീട്ടു മങ്കകൈയിൽ
[2]ഗാണവും നീരും കൊടുത്തിതല്ലോ 42

ചേൎത്താരേ മാതേവരേററുകൊണ്ടു്
ചീൎത്തൊരു ഗാണവും കൂടെക്കൂട്ടി
അങ്ങോട്ടുനീങ്ങീട്ടങ്ങഗ്നിമുമ്പിൽ
ഒന്നാകുമാവണമേലിരുത്തി. 43

ഹോമങ്ങൾ ചെയ്തുതുടങ്ങിയല്ലോ
മുററിലിരുന്ന മലരെടുത്തു
മുഷ്ടിയായിട്ടതും നാരായണൻ
തൃക്കൈകൾ നാലുമൊരുമ്പാടാക്കി. 44

ചിന്തിക്കളയാതെ ഹോമം ചെയ്തു
മൂൎത്തികൾ മൂവരുമൊത്തുകൂടി
മൂന്നു പ്രദക്ഷിണം വച്ചിതല്ലോ
അന്നേരം പേടിച്ചിട്ടഗ്നിതാനും 45

കൂടെ പ്രദക്ഷിണം വച്ചിതെല്ലോ
അമ്മി ചവിട്ടിച്ചിട്ടമ്മികയും
അമ്മി ചവിട്ടിയരുന്ധതിയും
അങ്ങുള്ള ബന്ധം മുറിച്ചിതെല്ലോ 46

തൃക്കോത്തറയെന്നു കേട്ടിരിപ്പൂ
തൃക്കോത്തറയും തിനാർകുളവും

---

1. കൗണ്ഡ്യമായ് നീർ കൊണ്ടന്നു് = കിണ്ടിയിൽ വെള്ളം കൊണ്ടുവന്നു്.

തിരുവാങ്കുളവും ഗുരിയിൽകാടും
ഇസ്ഥലം നാലും നിനച്ചുകൊണ്ടു്
ഇഹലോകത്തേക്കു ഗമിച്ചു നാഥൻ. 47

ശങ്കരൻ തന്നെ നിനച്ചു കൊണ്ടാൽ
സന്തതിക്കേറ്റം പ്രധാനമെല്ലോ
പാർവ്വതി തന്നെ നിനച്ചുകൊണ്ടാൽ
നീളമായ് വാഴ്ക നെടുമംഗല്യം. 48

.................................

---

## രണ്ടാം വൃത്തം

ശുകപുരി വാണരുളും ഭഗവാനേ വണങ്ങുന്നേൻ
ശുകവാണി വാണിമാതേ, ശുകഗീതം നൽകീടേണം
കളഗോപിമാരുമായി കളിയാടും വാസുദേവൻ
കളവേണി ഗീതംപാടി കനിവോടേ വാഴുംകാലം
മധുരാക്ഷിമാർക്കുള്ളിൽ മദമേറീടുക മൂലം
മടിയാതെ രാധയുമായ് മറഞ്ഞങ്ങു പോയി കൃഷ്ണൻ.
അകലെപ്പോയൊരു ദിക്കിലഴകോടേ വിനോദിച്ചു.
അന്നേരം ഗോപിമാരുമതിഖേദം പൂണ്ടുകൊണ്ടു്
തിരയുന്നു കാടുതോറും കരയുന്നു കാമിനിമാർ.
മുകിൽവർണ്ണനന്നേരം സുഖമോടേ രാധയുമായ്
അകലെപ്പോയൊരു ദിക്കിലഴകോടു വിനോദിച്ചു.
രമണിയാം രാധേ ബാലേ! രമിപ്പാനായ്‌വന്നാലും നീ
കുളുർമുല പുണരുവാൻ കൌതുകി ഞാനെന്റെ രാധേ!
കുളുർവഹ്നി തന്നിലേറ്റം മുഴുകുന്നിതെന്റെ ദേഹം
കളവല്ലേ കല്യാണാംഗീ! കലഹിച്ചിടൊല്ലേ ബാലേ!
അതുകേട്ടു രാധ ചൊന്നാളഖിലേശാ! കേട്ടാലും നീ
പല നാരിമാരുമായി പലകാലം രമിക്കുന്നു
ഖലനാകും നിന്നോടിപ്പോൾ കലഹിച്ചാലെന്തുഫലം

അയി രാധേ! നിന്റെ ദാസനഹമെന്നു ധരിച്ചാലും
എങ്കിലെന്റെ വാസുദേവാ എന്നെത്തോളിലെടുത്താലും
നിൻകഴത്തിലിരിപ്പാനുമാഗ്രഹമെനിക്കു കൃഷ്ണാ!
കാണിനേരമെന്നെത്തോളിലേററിക്കൊണ്ടു നടക്കാമോ
കാണിനേരമല്ല രാധേ! താമ്രപാണി വന്നാലും നീ
മുകുന്ദന്റെ ഗളംതന്നിൽ സുഖമോടേ കരേറുവാൻ
അരികേപ്പോയ് ചേൎന്നുനിന്നങ്ങഴകോടെ കാലുയൎത്തി
അധിരോഹം ഭാവിച്ചപ്പോളവിടെ കാണാതേ പോയി
അഴകേറും മുകുന്ദനെ; മധുവൈരി വിരവോടേ
മറഞ്ഞങ്ങു ഗമിച്ചപ്പോൾ പുലി, പന്നി, മഹിഷങ്ങൾ
വലിയോരു ഗജങ്ങളും, കലമാനും, കരടിയും
കലഹിച്ചു വരുന്നതു കുറയാതെ കണ്ടുകണ്ടു
മുറയിട്ടു മണ്ടിമണ്ടി മുകുന്ദനേ തേടിത്തേടി
വനന്തന്നിലങ്ങുമിങ്ങും വരവാണി നടക്കുമ്പോൾ
ഒരുദേശേ മററുള്ളോരു തരുണിമാരെയും കണ്ടു
അവരോടു ചേൎന്നുകൂടി അടവിയിൽ നടകൊണ്ടു.

---

## മൂന്നാം വൃത്തം

മററുള്ള ഗോപിമാർ കാനനം തന്നിൽ
മണ്ടിവരുന്നോരു രാധയെക്കണ്ടു
ചുററും നിരക്കവേ നിന്നുരചെയ്തു
എന്നെയും കൊണ്ടല്ലോ പോയ് മുകുന്ദൻ
പിന്നെയുമെന്തു നിനക്കുളവായ്
ഞങ്ങളെക്കൂറില്ല മാധവനെന്നു
ഞങ്ങൾക്കു മുന്നമേ ബോധവും വന്നു.
എന്നോടുകൂടി രമിക്കുന്ന കാലം
ഏററം തെളിഞ്ഞു പറഞ്ഞിതു ഞാനും
എന്നെക്കഴുത്തിലെടുക്ക മുകുന്ദ

എന്നാലതും ചെയ്യാമെന്നരചെയ്തു
മുട്ടുകാൽകുത്തി മുകുന്ദനിരുന്നു
പെട്ടെന്നു ഞാൻ ചെന്നു പിന്നിലും നിന്നു.
കാലുമുയർത്തിക്കരേറുവാനായ്
കൗതുകത്തോടു തുനിഞ്ഞൊരുനേരം
കാർമുകിൽവർണ്ണനെക്കണ്ടതുമില്ല
കാനനംതന്നിൽ ഞാൻ താനേ ശേഷിച്ചു
കാട്ടുമൃഗങ്ങളെക്കണ്ടു വിറച്ചു
കാട്ടിലുഴന്നു നടക്കുന്നനേരം
നിങ്ങളെക്കാണ്മാനും സംഗതിവന്നു.
ഞങ്ങളുമെല്ലാരും നിന്നുഴലുന്നു.
വൃക്ഷങ്ങൾതന്നോടും വള്ളികളോടും
പക്ഷിമൃഗത്തോടും ചോദ്യംതുടങ്ങി.

---

## നാലാം വൃത്തം

സിന്ദുവാരമേ, കുന്ദജാലമേ–സുന്ദരാംഗനേയുണ്ടോ കണ്ടു (ചൊൽ)
മുല്ലമല്ലികേ, നല്ലമാലതി, മല്ലവൈരിയേയുണ്ടോ കണ്ടു (ചൊൽ)
ചന്ദനങ്ങളേ, ചെമ്പകങ്ങളേ! ചന്ദ്രവക്ത്രനേയുണ്ടോ കണ്ടു (ചൊൽ)
* കോകിലങ്ങളേ കേകിവൃന്ദമേ! കേശവൻതന്നെയുണ്ടോ കണ്ടു (ചൊൽ)

---

* ഇവിടംമുതൽ കുറെ വ്യത്യാസപ്പെടുത്തി ചില ദിക്കുകളിൽ ചൊല്ലാറുണ്ട്. ആ പാഠം:—

"കോകിലങ്ങളേ! കേകിവൃന്ദമേ! ഗോകുലേശനെയുണ്ടോ കണ്ടു ചൊൽ?
അരയന്നങ്ങളേ! അരയാൽക്കൂട്ടമേ! അരവിന്ദാക്ഷനെയുണ്ടോ കണ്ടു ചൊൽ?
വള്ളിക്കെട്ടിലേ പുള്ളിമാനേ! നീ വല്ലഭൻതന്നെയുണ്ടോ കണ്ടു ചൊൽ?
ഇങ്ങനെയോരോ ഗോപനാരിമാരങ്ങുമിങ്ങുമേ ചോദ്യം ചെയ്തപ്പോൾ
ഓടപ്പൊൻകുഴലൂതിക്കൊണ്ടെത്തി കോടക്കാർവർണ്ണൻ കോമളരൂപൻ."

അശപ്രപുഞ്ജമേ, നിങ്ങളാരാനും അച്യുതൻതന്നെയുണ്ടോ കണ്ടു
(ചൊൽ)

വള്ളിക്കെട്ടിലേ പുള്ളിമാനേ! നീ വല്ലഭേന്ദ്രനെയുണ്ടോ കണ്ടു
(ചൊൽ)

വെള്ളപ്പക്ഷിക്കു വെണ്മയേകുന്ന വേദമൂർത്തിയെയുണ്ടോ കണ്ടു
(ചൊൽ)

ഇങ്ങനെയോരോ ചോദ്യംചെയ്തുംകൊണ്ടംഗനാവൃന്ദമങ്ങുമിങ്ങുമേ
കാനനംതന്നിൽ സഞ്ചരിക്കുമ്പോൾ കാണുമാറായി കാർവ്വർണ്ണൻതന്നെ.
കണ്ടു ഗോപിമാർ കൊണ്ടോടിക്കൂടി കഞ്ജനേത്രന്റെ സന്നിധിപൂകി
രാസക്രീഡയും ചെയ്തു ഗോപിമാർ രാപ്പകൽവാണു മോദത്തോടെന്നും.

...... ..................................................................

..........................................................................

സമാപ്തം.

---

എങ്കേ താൻ പോകിലാമോ?
തിചൈ അളന്തു കള്ളരെല്ലാം തികത്തിരിയും[1] വേളയിലേ
കാട്ടാളമ്മൻ കോവിലിലേ പൂശൈ ഇട പോവതക്ക്
വാറാനേ വേതിയനും.
ഉരുളിയും അരിയുമായ് ചവരി[2]തന്നിൽ തീയുമാക
ചുനക്കരെക്ക[3] വേതിയനും ചെല്ലുമന്ത വേളയിലേ
കണ്ടാനേ വേതിയനും കാരികയാം[4] പൊൻകൊടിയൈ
എന്ന പിള്ളെ പൊൻകൊടിയേ! ഇന്ത ആളില്ലാത അടവിയിലേ,
അരും ചുനക്കരെതന്നിലേ ആലുമരം മൂട്ടോടേ
അണഞ്ഞു നില്പതെന്നാ ആത്തെ?
കേട്ടിലയോ വേതിയനേ! കേവലമായ് ഒരു വാത്തൈ;
നാനും ഏഴ തോഴിമാരും ചുനയാട[5] വന്തോമിങ്കേ
ചുനയാട വന്തതിലേ തോഴിയർകൾ ചതിഞ്ഞു വിട്ടാർ.
തിശൈ അറിയമാട്ടേൻ തികഞ്ഞു നിന്റേൻ നാനുമിപ്പോൾ
എൻ അമ്മയപ്പൻ ഊരതിലേ എന്നെക്കൊണ്ടു വിട്ടീരാനാൽ
കോടി(കോടി)ത്തവം പെരുവീരണ്ണേ!
ഉന്നുമുടയ വേതിയനും ഉന്നാണ പൊൻകൊടിയേ!
ഉന്നെക്കൊണ്ടു വിട്ടിടുവേൻ കാട്ടാളമ്മൻകോവിലിലേ
പൂശൈ ഇട്ടു വരുവൻ നാനും നല്ലപിള്ളെ ഇത്തലത്തിൽ
നാൻ പൂശൈ ഇട്ടുവന്താൽ ഉന്നിടത്തിൽ കൊണ്ടു വിട്ടിടുവേൻ.
പോയ്‌വാറനെൻറുചൊല്ലി പോയ്‌നടന്താൻ വേതിയനും
പോനതൊരു നേരത്തോടെ പൊൻകൊടിയാൾ പുലമ്പിനിൻറാൾ
വട്ടപ്പാറതന്നിലെ വാറ അന്ത വേളയിലെ
കണ്ടാനേ വേതിയനും കള്ളരുട ക്രൂട്ടമെല്ലാം

1 തികത്തിരിയും=ഭ്രമിച്ചിരിക്കും.
2 ചവരി=ചകരി.
3 ചുനം=മലയിൽനിന്നുള്ള ഊററു്.
4 കാരികയാൾ=അഴകുള്ളവൾ.
5 ചുനയാടൽ=ഊററിൽ സ്നാനം.

വേതിയനും കള്ളരെത്താൻ കണ്ടപോതു ഏതോ ചൊൽവാൻ
ക്രടി നീങ്കൾ വാറതെന്ന ഗുണമുടയ കള്ളർകളേ !
കേളുമെന്തൻ വേതിയനേ കേവലമായൊരു വാത്തെ
കാട്ടാളമ്മൻകോവിലിലെ ഏഴ കിടാരം നെതി
ഇരുപ്പതുണ്ടു് ഇപ്പോൾ എടുക്കലാമേ നെതികളെല്ലാം
എന്നുടയ വേതിയോനേ !
എടുക്ക വന്ത നെതി തന്നിലെ പാതി പങ്കു തന്തിടുവേൻ
ഒരു കൊങ്കൈ നിറന്ത നിറചൂലിയെത്താൻ കാട്ടിത്തരുവായോ ?
കണ്ടുവന്തേൻ അണ്ണർകളേ ! ഒരു കൊങ്ക നിറന്ത നിറചൂലിയെ-
[ത്താൻ

1
തോരണമാമല തന്നിലേ തോൻറു ചുനക്കര തന്നിലേ
ആലുമരം മൂട്ടോടേ അണഞ്ഞു അവൾ നില്പതുണ്ടു.
അന്ത വാത്തെ കേട്ട പോതു ആദരവായ് കള്ളരെല്ലാം
തിചൈ അളന്തു കള്ളരെല്ലാം തിചൈ നോക്കി ഓടുവാരാം.
ഓടി ഓടി വഴി നടന്തു തോരണമാമലതന്നിലേ
കള്ളർ താൻ കണ്ടപോതു കാരികയാൾ ഏതു ചൊൽവാൾ.
അണ്ണന്മാർ വാറാരോ ഭത്താവു താൻ വാറാരോ
പൊൻപല്ലക്ക പിൻ വരുമേ.
വന്താരേ കള്ളരെല്ലാം പഴി ചേത്തു കൊല്ലുതർക്ക
അതിലേ ഒരു കള്ളനവൻ ആദരവായ് ഏതോ ചൊൽവാൻ
എന്ന പിള്ളെ പൊൻകൊടിയേ ! ഇന്ത ആളില്ലാത അടവിയിലെ
2
അരുചുനക്കരതന്നിലെ തിടുമാറി നില്പതെന്നേ ?
കേളുമെന്തൻ അണ്ണർകളേ ! കേവലമായ് ഒരു വാത്തെ
നാനും ഏഴ തോഴിമാരും ചുനയാട വന്തോമിങ്കേ
ചുനയാട വന്തതിലേ തോഴിയാർകൾ ചതിഞ്ഞുവിട്ടാർ.
തിചൈ അറിയമാട്ടേൻ തികഞ്ഞു നാനും നില്പതുണ്ടു,
എൻ അമ്മ അപ്പൻ ഊരതിലേ എന്നെക്കൊണ്ടു വിട്ടീരാനാൽ

---

1 തോരണമാമല=തോരണം പോലെ നീണ്ടുകിടക്കുന്ന വലിയ മല.
2 തിടുമാറി=തടുമാറി=തടസ്സംകൊണ്ടുള്ള ബുദ്ധിമുട്ടു്. പരിഭ്രമിച്ചു്, cf. തിടുക്കം.

1

എന്നെ ഒരു നിറയിൽ പാർപ്പാർ ഒന്നൊ ഒരു നിറയിൽ പാർപ്പാർ
ഇടക്കിടെ പൊൻ തരുവാരണ്ണേ ! എന്നെക്കൊണ്ടു വിട്ടിടുങ്കോ.
ഉന്നാണെ പൊൻകൊടിയേ! ഉന്തൂരിടത്തിൽ കൊണ്ടുവിട്ടിടുവേൻ
എൻറു ചൊല്ലി കള്ളരെല്ലാം എന്തിഴയെക്കൊണ്ടു പോനാർ.
നാട്ടുവഴിതാൻ കിടക്ക കാട്ടുവഴി കൊണ്ടുപോക
കാട്ടുവഴി കൊണ്ടുപോറീർ കള്ളരല്ല നീങ്കളണ്ണേ ?
കള്ളരല്ലാ പൊൻകൊടിയേ കരയാളൻമക്കൾ നാങ്കൾ
കാള കൊള്ള വന്തോമിങ്കേ.
കാള കൊള്ളുവതർക്ക കയറു കയ്യിൽ കാണാതോ ?
കാള വിക്ക ചന്തയിലെ കാളെ വിലപ്പെട്ടതുണ്ടു
കാള തുന്നലാം കയറുകൾ പഞ്ചമെടി...?
അഹങ്കാരം പേചാതെ ആയിഴയേ ! പൊൻകൊടിയേ !
അതിലെ ഒരു കള്ളനവൻ അരുമ്പാവി മൊട്ടയനം
പെററ തായെ കൊല്ലിയവൻ പെരുമ്പാവി ഏത്തു ചൊൽവാൻ

2

മുന്നെ നട മുന്നെ നട മൊയ്ക്കുഴലേ ! മുന്നെ നട
മുന്നെ നടപ്പതെല്ലാമെൻ മേനിയെക്കണ്ടാൽ തെരിയാതോ ?
മലയേറു മലയേറു വാണുതലേ ! മലയേറു
കാൽ(കൾ) കടുക്കുതണ്ണേ ! കടുകുമണൽ ചുട്ടതണ്ണേ !
വയിററിൽ ഒൻപത്തു മാസമല്ലോ മലയോ പോകിതല്ലോ
കൈ പിടിത്തു കൊണ്ടു പോട്ടോ കാരികയാൾപൊൻകൊടിയേ
കൈ പിടിത്തു കൊണ്ടുപോനാൽ ഗർഭം അഴിന്തുപോകുമണ്ണേ
അന്ത മലൈ താൻ കടന്തു അപ്പുറത്തെ ചെൽകയിലേ
അതിലെ ഒരു കള്ളനവൻ അരുമ്പാവി ഏത്തു ചൊൽവാൻ
ഉന്തൂരേതോ ? പേരേതോ ? ഉററാർ പെററ(ാർ) താനേതോ ?
ഊരു നല്ല കടയത്തുരു ഉററതോർ വട്ടവർകുലം
അണ്ണന്മാർ അരമനക്കു കറിക്കാർ...

---

1 നിറയിൽ=ത്രാസിൻെറ തട്ടിൽ
2 മൊയ്ക്കുഴൽ=ഇടതൂർന്ന കേശഭാരത്തോടുകൂടിയവൾ

അപ്പച്ചി[1] രാവണൻ താൻ അരമനയ്ക്കു മുതലാളി
അണ്ണഞ്ചിപെരുമാൾ മാത്താണ്ഡൻ ആയിഴയാൾ പൊന്മാരി
അവരുടയ അരുമമകൾ ആയിഴയാൾ പൊന്നിറത്താൾ
ഭത്താവു പേരു ചൊല്ലു പിള്ളേ! പൈങ്കൊടിയേ! പൊന്നിറമേ!
ഭത്താവു പേരു ചൊല്ലുതക്ക് നാവു എഴുമ്പുമാ അണ്ണർകളേ!
ഉങ്കളുടയ പെഞ്ചാതിമാർ ഉങ്കൾ പേരു ചൊല്ലുവാരോ?
അന്ത മലൈ താൻ കടന്തു അപ്പുറത്തു ചെൽകയിലെ
അഴുത്തു അഴുത്തു എത്തു ചൊൽവാൾ.

തണ്ണീർ താകിക്കുതണ്ണേ! താകമെന്തൻ വക്കകി[2]തണ്ണേ!
തണ്ണീരെ കേട്ട പോതു ചണ്ടാള പാവി കള്ളൻ

കുരുത്തോല പട്ട വെട്ടി കുവി കുവി[3] നീർ വാത്തു
കുറികേട്ടു ചെയ്തവനും കൊടുത്താനെ പാവി കള്ളൻ
പരപരനെ കയ്യിൽ വാങ്കി വായോടെ താനണെത്താൾ
എരിന്തുകൊണ്ടു നാവുതണ്ണേ! എത്തു വകൈ അണ്ണർകളേ?
ഇക്കാട്ടു തണ്ണീരെല്ലാം ഇപ്പടിത്താൻ ഇരിക്കുമെടി
തങ്കവളൈ കൈനാലേ കാട്ടു കള്ളി കായ് പറിത്തു
തണ്ണീർ താകം തീത്തവള്ളം...
അന്ത മലൈ താൻ കടന്തു അപ്പുറത്തു ചെൽകയിലെ
അന്നേരവും പൊന്നിറവും ആത്തരവായ് എത്തോ ചൊൽവാൾ
നാവുലന്തു പോകിതണ്ണേ! വെത്തില താൻ തരുവീരോ?
വെററിലയും കേട്ട പോതു ചണ്ടാള പാവി കള്ളൻ

ആട്ടെരുത്തു[4] കളിപ്പാക്കും ആലംതിളിർ വെത്തിലയും

---

1 അപ്പച്ചി=അച്ഛൻ
2 വക്കകിതു=വവുക്കുക=തൊണ്ട വറളുക
3 കുവി കുവി=മടമട.
ട്ടെരുത്തു=ആട്ടിൻപുഴുക്ക എരം=മലം.

1

പല്ലിമുട്ടൈ ചുണ്ണാമ്പും കള്ളിച്ചുരു പുകയിലയും
ഇത്തനയും താൻ കൂട്ടി ഏന്തിഴക്ക താൻ കൊടുത്താൻ
ഏരുപ്പുമില്ലൈ പുളിപ്പുമില്ലൈ ഏതു വകൈ? അണ്ണർകളേ!
ഇക്കാട്ടു വെത്തിലൈ താൻ ഇപ്പടിതാൻ ഇരിക്കുമെടി
അന്ത മലൈ താൻ കടന്തു അപ്പുറത്തു ചെൽകയിലെ
അന്നേരവും പൊന്നിറവും ആദരവായ് ഏതോ ചൊൽവാം
കന്നും പുളിയങ്കായ് കൊണ്ടുവാരും അണ്ണർകളേ!
അതിലെ ഒരു കള്ളനവൻ അരുമ്പാവി ഏതു ചൊൽവാൻ
പുളിയങ്കായ് കേട്ടപോതു പുളിയൻ മാറു വെട്ടി അടിയുമെന്നാൻ
വഴിയിൽ നിന്റ മാറു വെട്ടി വാണുതലൈ താനടിത്താൻ
അടിമേലേ അടി പടവേ ആയിഴയാം താനഴുതാം
ഉച്ചിയിലെ അടി അടിക്ക ഉള്ളം കാലിൽ വലിവലിക്ക
നെററിയിലെ അടി അടിക്ക നേരു രക്തം കൊപ്പിളിക്ക
ഏട്ടു ചാൺ തലമുടിയും ഇഞ്ചെ പിടിത്തു ഇളുക്ക
പെണ്ണെ അടിയാതെ പെൺപാവം കെട്ടാതെ
പെണ്ണോടെ പിറന്തില്ലാരെ പെരുമ്പാവി കള്ളർകളേ!
ഈശ്കി ഏടുത്തു അടിത്തതുണ്ടോ ഇട ചെറുകുമെൻറു ചൊല്ലി
കള്ളർകോ എൻറു ചൊല്ലി കരുതി എന്നെ വളത്തായോ?
കൊല്ലാതെ വിട്ടീരാനാൽ കോടിത്തവം പെരുവീരണ്ണേ!
എൻവയററിൽ ചെനിത്ത ഗർഭം ഇപ്പോഴേനം ഈശൻെറടുത്താൽ
ആരം(ൺ)പാലൻ ഈശന്റെടുത്താൽ ഉങ്കളുട പേരിടുവേൻ
പെൺപാവൈ ഈശൻെറടുത്താൽ ഉങ്കൾ പെഞ്ചാതി പേരിടുവേൻ
എൻമേലേ കിടക്കുംപണി ഏഴ ലക്ഷം പണം വരുമേ
അത്തനയും താൻ കഴററി എന്നെയും വിട്ടുടങ്കോ.
അന്തമലൈ താൻ കടന്തു......................
കാട്ടാളമ്മൻ കോവിലിലെ കാരികയൈ കൊണ്ടുചെൻറു
വൻകോവിൽ അഴി തുറന്തു വാണുതലൈ താന(ൈ)ടത്താർ

൨ കള്ളിച്ചുരു=ഇലക്കള്ളിയുടെ ചുരു. ചുരു=ഉണങ്ങിയ ഇല.

പൊന്നിറത്ത താന(ൈ)ടത്തു പുകൾ പെരിയ കള്ളരെല്ലാം
ആട്ടുക്കിടായ് കോഴി പന്നി ആദരവായ് കൊണ്ടുവന്തു
എട്ടു ദിക്കിൽ (എ? നിന്റും കൊണ്ടുവന്തു തിട്ടനവെ[1] മറച്ചുകെട്ടി
ചൂവാട്ട[2] പിളപ്പതക്ക് ചുറവും ഒരു തിരെ[3] വളൈന്താർ
ആട്ടുകൾ നാലു തറി ആയിഴകൾ അഞ്ചു തറി
കരുവലത്തിൻമീതെ കൊണ്ടു കാരിഴയെ താൻ കിടത്തി
കാലതുക്കും കയ്യതുക്കും തലമുടിക്കും വലിത്തുകെട്ടി
ആട്ടുകിടായ് കോഴി പന്നി ആദരവായിവരെല്ലാം
ചൂലാട്ടു പിളന്തിടവേ തുള്ളുക്കുട്ടി കതറിടുമാം
അഴുത ചത്തം എല്ലാം ആയിഴയാൾ താൻ കേട്ടു
ആട്ടുപട്ടും പാട്ടക്കെല്ലാം ആയിഴതാൻ എപ്പടിയോ
പന്നിപട്ടും പാട്ടക്കെല്ലാം പാവിയുടൽ എപ്പടിയോ
ആട്ടുക്കിടായ് വെലി കൊടുത്തു ആദരവായ് കള്ളരെല്ലാം
ആയിഴയാൾ പൊന്നിറത്തെ അരുക്കെ വന്തു മുട്ടുകളവാരാം
നാനരുപ്പൻ എൻറു ചൊല്ലി ഓടിവന്താൻ ഒരു കള്ളൻ
ആയിഴയെ അഴകു കണ്ടു അരുക്കവും കൈ തൊടാമൽ
കൈ അരുവാൾ വിട്ടെറിന്തു കടക്കെ പോയി നിന്റാൻ
അതിലെ ഒരു കള്ളനവൻ അരുമ്പാവി ഓടിവന്തു
നാനരുപ്പൻ വെലി കൊടുപ്പൻ നായകിയാൾ പൊന്നിറത്തെ
ആയിഴയാൾ അഴകു കണ്ടു അരുക്കവും കൈ തൊടാമൽ
കൈ അരുവാൾ വിട്ടെറിന്തു കടക്കെ പോയിനിൻറാൻ
അതിലെ ഒരു കള്ളനവൻ അരുമ്പാവി ഓടിവന്തു
കൈ അരുവാൾ കൈലെടുത്തു കടവയറു കീറുവാനാം
കടമ്പനയരുകെ കൊമ്പനയാൾ അഴുത ചത്തം കേട്ടാനേ
കടയത്തുരാൻ കേളാനെ പോയുവന്താൽ.........
ഉൻകിളയും മുടിയുമെടാ ഉന്നാണെ കടയത്തുരാൻ

---

1 തിട്ടനവേ=വേഗത്തിൽ
2 ചൂലാട്=ഗർഭമുള്ള ആട്
3 തിരൈ=തിരശ്ശീല

പൊന്നിറത്തെ വെലി, കൊടുത്തു പുകൾപെരിയ കള്ളരെല്ലാം
പാലകനെ താനെടുത്തു ഇടത്തുപുറം താൻകിടത്തി
വെലിയെല്ലാം താൻ കൊടുത്തു വിരവാലെ കള്ളരെല്ലാം
നെതികളത്തു വെട്ടുവാരാം വെട്ടിവെട്ടി കള്ളരെല്ലാം
നെതികളത്തു താനെടുത്താർ നിശമുടൻ കള്ളരെല്ലാം
വട്ടപാറതന്നിലെ വന്തു വന്തവർകൾ കൂടുവാരാം
അതിലെ ഒരു കള്ളനവൻ ആദരവായ് ഏതോ ചൊൽവാൻ
കൈക്കണക്കായ് പകുത്തുണ്ടാൽ കണക്കറിതി വാരാതു
മേമലയിൽ[1] നമ്മൾ ചെൻറു വെട്ടവേണം നാഴിമുളൈ[2]
അന്ത വാൎത്ത കേട്ടപ്പോതു ആദരവായ് കള്ളരെല്ലാം
മേമലയിൽ അവർകൾ ചെൻറു വെട്ടുവാരാം നാഴിമുളൈ
വെട്ടിവെട്ടി നിൽക്കുന്നേരം മലയിലുള്ള കടുവാ പുലി
വന്തിറങ്കി കള്ളരെത്താൻ കൊല്ലുതല്ലോ...
അറുപത്തൊൻപത്തു കള്ളർകളും അത്തലത്തിൽ ഇറന്തുവിട്ടാർ
കള്ളരെല്ലാം താനിറന്തു വേതിയോനും ഇറന്തുവിട്ടാൻ
അനൈവരും ഇറന്തപോതു കാട്ടാളമ്മൻ തിരവിയത്തെ[3]
തിരവിയങ്കൾ ആനതെല്ലാം കോവിലിലെ അമത്തിവൈത്താൾ
അമത്തിയങ്കെ വൈത്ത പോതു ആയിഴയാൾ..................
പൊന്നിറത്തെ തകപ്പനാരും പൊന്നിറത്തെ തായാരും
അണ്ണന്മാർ അയ്പേരും മാലയിട്ട മണവാളനും
അടുത്ത പേരും തൊടുത്ത പേരും അയൽപതിയിൽ ഉള്ള പേരും
എല്ലാപേരും ചേകരമായ് ഏന്തിഴയെ തേടുവാരാം
ആയിഴയാൾ പൊന്നിറത്തെ അന്ത ഊരെല്ലാം തേടുവാരാം
ഊരെല്ലാം തേടിയല്ലോ ചുനക്കരെക്കു തേടുവാരാം
തേടി ഒരു വിടയും കാണാമൽ തികത്തു നിൽക്കും വേളയിലെ

---

1 മേമലയിൽ=മലയുടെ മുകളിൽ
2 നാഴിമുളൈ=മുളനാഴി
3 തിരവിയത്തെ=ദ്രവ്യത്തെ

കാട്ടാളമ്മൻ കോവിലിലെ ഒരു കഴകു നിൻറു ആയക്കണ്ടോ(ൽ? ർ)
കഴകിനുട തിചൈ നോക്കി അങ്കെ ചെൻറാർ കോവിലിലെ
ചെൻറ നേരം പൊന്നിറത്തെ പാട്ട കണ്ടാർ പൊന്നിറത്തെ
കണ്ടപോതു പുകരം പെരിയ തായാരും ചെൻറിരുന്തു
കാലുമാട്ടിൽ താനഴുതാർ.
വിലക്കിന ചൊൽ കേളാമൽ വീണിലയോ ചാകവന്തായ്
കൈയ്യരുവാം കൈലെടുത്തു കടവയറു കീറുന്നേരം
ഉന്നുയിർ എപ്പടിയോ എൻ മകളെ! പൊന്നിറമേ!
ഒരു പെൺപാലൻ ഇല്ലാമൽ എത്തനയോ നേച്ചൈ നെർന്തേൻ
ഉന്നൈ പെറോനോ ?
ഈക്കി എടുത്തു അടിത്തതുണ്ടോ? ഇടചറുകുമെൻറു ചൊല്ലി
കള്ളർക്കോ എൻറു ചൊല്ലി കരുതി ഉന്നെ വളത്തേനോ
എൻറു ചൊല്ലി തായാരും കാലുമാട്ടിൽ താനഴുതാർ
1
പൊന്നിറത്തെ തകപ്പനാരും തലൈ മാട്ടിയവരിറന്താർ
അണ്ണന്മാർ അയ്പേരും വാളുമാട്ടിയവരിറന്താർ
പൊന്നിറത്തെ മണവാളനും പാലകനെ താനെടുത്തു
കൊഞ്ചി മുത്തി മുഖത്തോട്ട അണത്താർ വാളുമാട്ടിയവരിറന്താർ
അടുത്ത പേരും തൊടുത്ത പേരും അയൽപതിയിൽ ഉള്ള പേരും
പൊന്നിറത്തെ കിളയോരുംക്കൂടെ തൊണ്ണൂറ്റിഒൻപതുപേർ ഇറന്താർ
എല്ലാരും ഒരുപോലെ ഇറന്താരെ അത്തലത്തിൽ
ചേകരമായ് ഒരുപോലെ ശിവലോകം ചേരുവാരാം
വരംവാങ്ക പോനാ ........................
മായവനാർ കൈലയിലെ വരം വാങ്ക ചെല്ലുവാരാം.
അച്ചുതരൈ അടിതൊഴുതു അധികവരം താൻ കേട്ടാർ
എന്നരനേ! പൊന്നരനേ! ഈശ്വരരേ! വരം താരും
എന്നധികവരം തന്തു ഏകിവിട്ടാർ കൈലയിലേ.

---

3 തലൈമാട്ടി=തലയറഞ്ഞു്.

എന്ന വരം വേണുമെന്തൻ ഇണങ്കവന്ത തേവതക്കു
നവിലോകം പാതിതരുവേൻ നരുജടയ പോവതക്ക്(?)
ഉമ്മുടയ കൈനാലെ ഉലകമെങ്കും വരം താരും
ഊരതിലെ പോക വരം ഊട്ടുവെലി പററ വരം
നാടതിലെ പോകവരം നന്മതിന്മൈ കാണ വരം
കൊല്ല വരം വെല്ല വരം കുടിമുടിക്ക വരം വേണും
അഞ്ചു മാസം ശൂലികളെ നെഞ്ചുമേലേ കേറ വരം
പിള്ള ഇല്ലാ പേർകള്ളുക്കു പിള്ള പത്തി കൊടുക്ക വരം
പെററവീട്ടുക്കു പോക വരം പേററുക്കൂലി വാങ്ക വരം
അന്നുപെററ പിള്ളയ്കളെ എടുത്തു അമ്മാനമാട വരം
നേററുപെററ പിള്ളയ്കളെ നിണക്കുടലെ (എടുക്ക) വരം
മുന്തി(ന) നാൾ പെററ പിള്ളയ്കളെ മുൻകൈ വള പോട വരം
നാലാനാൾ പെററ പിള്ളയ്കളെ നകം തന്നിലെ കൊരുക്ക വരം
പത്തു നകാതന്നിലെ പത്തു പിള്ളൈ കൊരുക്ക വരം
ചുററിനകംതന്നിലും തൂക്കിക്കൊണ്ടു ഓടവരം
മണ്ണാരക്കുടിതന്നിലെ മാററുടുക്കപോറവരെ
മണ്ണുവാരി എറിയ വരം കള്ളരെത്താൻ എറിയ വരം
മഞ്ചൾതേയ്ത്തു പോറവരെ ചുവട്ടടിയിൽ ചെറുക്ക വരം
കമ്പിളിമാൻ പട്ടണത്തെ മൺപുഴതി ആക്ക വരം
ഇന്ത നല്ല വരം പോരാതു ഇന്നും അധിക വരം വേണും
തട്ടിപാത്ത കതകുതാനും തള്ളിയുള്ളെ കേറ വരം
വീട്ടുക്കു പോക വരം വിളക്കു അടിത്തു പൊലിക്ക വരം
ചാരട്ടുവണ്ടി ഓടുവതുപോൽ തിട്ടനവേ ചാട വരം
എലിയെ പിടിക്കും പൂനയെപ്പോൽ എറുമ്പു വഴി ചാട വരം
അഞ്ചെഴുത്തു പടിത്തവരെ നെഞ്ചുമേലെ കേറ വരം
എട്ടെഴുത്തും പടിത്തവരെ എങ്കെ എൻറു തേട വരം
കൂലികുത്തും പുലയരെത്താൻ കൂട്ടോടെ മുടിക്ക വരം
കൊടക്കോട്ടു കുളവരമ്പിൽ കോവിൽ കുടികൊള്ള വരം
നല്ലകുടി കണിയാന്റെ വങ്കിഴത്തെ[1] മുടിക്ക വരം

1 വങ്കിഴം=വങ്കിശം=വംശം.

മധുരപ്പടവീടതെല്ലാം പിളന്തു വെലി കൊടുക്ക വരം
മാവറയിൽ തന്നിലെ കോവിൽ കൊണ്ടു നിൽക്ക വരം
മണരിക്കര ഉടയാൻപിള്ളയ് വങ്കിഴത്തെ മുടിക്ക വരം
ഇപ്പടിയെ അധിക വരം എന്നരനേ താരുമെൻറാർ
കൊല്ലവരം വേണമാനാൽ കുററമുണ്ടു മൂന്നുകൂട്ടത്തു ഇശക്കി
ഊരതിലെ പോകവരം ? ഒരുവരെയും കൊല്ലാതെ
ഊട്ടുനക്കു തരുവാർകൾ ഉൻപേരെ ചൊൽവാർകൾ
ഒരു തായ്ക്കു ഒരു മകനെ ഉലകരറിയ കൊല്ലാതെ
കൂലികുത്തി പിഴപ്പോരെ കുടികേടു ചെയ്യാതെ
കൊററുവേല ചെയ്‌വരേയും അഞ്ചെഴുത്തു പടിത്തവരേയും
ഹരനാണെ ശിവനാണെ ചൊൽ മറിത്തു ചെയ്യാതെ
കാട്ടിൽ കിടക്കും കള്ളരെയും കൂട്ടു തെററും കുറവരെയും
കൊല്ലാതെ എൻറു ചൊല്ലി വരംകൊടുത്തു ഏകിനാരെ കൈലയിലെ
കൈലാസം പൂമി വിട്ടു ഏഴർ[1] നല്ല പൂമി കടന്തു
ഇരുളിവനം ചോലൈ വിട്ടു നാടതിലെ ചെല്ലുവാരാം
നാടതിലെ ചെന്റുടനെ നരുഴികളെ[2] കൊല്ലുവാരാം.
ഊരതിലെ ചെൻറുടനെ ഊട്ടുവെലി പററുവാരാം
തലൈനാൾ പെററ പിള്ളെകളെ തലൈതിരുമി കൊല്ലുവാരാം
അഞ്ചുമാസം ശൂലികളെ നെഞ്ചുമേലെ ഏററുവാരാം
പിള്ളയില്ലാ പേർകൾക്കു പിള്ളെ പെത്തി കൊടുപ്പാരാം
പെററവീട്ടിൽ ചെല്ലുവാരാം പേററുക്കൂലി പററുവാരാം.
അന്നു പെററ പിള്ളെകളെ എടുത്തു അമ്മാന ആടുവാരാം
നേററു പെററ പിള്ളെകളെ നിണക്കുടലെ വാങ്കുവാരാം
മുന്തിനാററു പെററ പിള്ളെകളെ മുൻകൈയിലെ വള പോടുവാരാം
നാലാംനാൾ പെററ പിള്ളെകളെ നകംതന്നിലെ കൊരുപ്പാരാം
പത്തു നകംതന്നിലെ പത്തു പിള്ളെ കൊരുപ്പാരാം
ചുററിനകം തന്നിലെ തൂക്കിക്കൊണ്ടു ഓടുവാരാം.

---

1 ഏഴർ=അടിമകൾ.
2 നരുൾ=ജനം.

മഞ്ചം തേയ്ത്തു പോറവരെ ചുവട്ടടിയിൽ ചെറുപ്പാരാം
ചാരിവെത്ത കതകു തന്നെ തള്ളിയുള്ളെ പോകുവാരാം
വീട്ടുക്കുള്ളെ പോകുവാരാം വിളക്കെ അടിത്തു പൊലിപ്പാരാം
എലിയെ പിടിയ്ക്കും പൂനയെപോൽ ഇറപ്പുവഴി ചാടുവാരാം
കൊക്കൊട്ടു കുളവരമ്പിൽ കോവിൽ കുടി കൊള്ളുവാരാം.
ഇനി എങ്കെ പോവോമെൻറു ഏകാന്ത വിളി വിളിത്താർ
തുലുക്കൻ തെരുവതിലെ സുഖമുടനെ ചെല്ലുന്നേരം
അലിക്കിട്ട[1] കാതുമാക തലയ്ക്കു നല്ല മൂടിയുടനെ
പരുത്തി പൊതിപോലെ ഇരിക്കും തുലിക്കിച്ചിയെ
എടുത്തു നിറുത്തിയല്ലോ ഏറിയല്ലോ ചവുട്ടുവാരാം.
അന്ത തെരുവും കൊന്നു അയൽ തെരുവിൽ ചെല്ലുവാരാം
മുക്കുവതെരുവും കൊന്നു മുക്കോപത്തെ എഴുപ്പുവാരാം
വൈകപാണ്ടിമന്നരുട
ആനപന്തി കുതിരപന്തി അടിക്കുള്ളടി പോടുവാരാം
ചുമ്മാ നിൻറ കുതിരകളെല്ലാം മണ്ണുതിൻറു മറിയുതല്ലോ
കണ്ടുനിന്റ മാകുത്തന്മാർ ഓടുവാരാം
വൈകപാണ്ടി മന്നവരെ വന്തു മുകം കാട്ടുവാരാം
മന്നവരെ! തെന്നവരെ! മകുടമുടെ പാണ്ടിയനെ!
ഒരുനാളും കുററമില്ലാത മധുര എല്ലാം കൂട്ടത്തോടെ
വാതെ വന്തു കോവിത്തു കൊല്ലുതെന്നാ ?
അന്ത വാത്തെ കേട്ടപോതു വൈകപാണ്ടി മന്നവരും
ഉററതൊരു ചോതിരിയും[2] കാലത്താലെ വരവഴെത്തു
തിരുചോഴി[3] പെരച്ചംവെക്ക[4] വൈത്തതൊരു രാശിയിലെ
ഉചിതമായി തെരിയുതല്ലോ മുന്നറിവതില്ലെ മധുരയിലെ
മുടിപ്പതെല്ലാം പൊയ്യു

---

1 അലിക്ക്=മഹമ്മദീയസ്ത്രീകളിടുന്ന ഒരു ആഭരണം.
2 ചോതിരി=ജ്യോത്സ്യൻ
3 തിരുചോഴി=കവടി
4 പെരച്ചം=പ്രശ്നം

വരങ്കൾ വാങ്കി വന്തപോതു കൂട്ടത്തി ഇശക്കിയമ്മ
പൊന്നിറത്താൾ പുരുഷാദേവി പൊന്നും കഴല്ലാറിയുണ്ടു
ചെങ്കിടായ് വാതൈ ഉണ്ടു ചെങ്കിടായ് പൂതമുണ്ടു
ചൂലാട്ടക്കാറിയുണ്ടു തുള്ളുക്കട്ടിക്കാറിയുണ്ടു
പാലാട്ടക്കാറിയുണ്ടു പച്ചതിന്നി മാടനുണ്ടു
ഇന്ത നല്ല വാതയ്ക്കു വെലികൊടകൾ കൊടുക്കവേണം
ഇപ്പൂവിയിൽ ആരുക്കു ഒഴിവു ഉണ്ടാം പാരുമെൻറു
ഇപ്പൂവിയിൽ ആരുക്കും ഒഴിവുമില്ലെ തമ്പുരാനെ!
മധുരയിലെ മന്തിര വേലൻ കൈക്കു ഒഴിവു ഉണ്ടു തമ്പുരാനേ!
അന്ത വാതൈ്ത കേട്ടപോതു വൈക പാണ്ടി മന്നവരും
മന്തിരവേലൻ കാണിയിലെ വിട്ടാനേ പാണ്ടിയൻ
വിട്ടതൊരു ഊതാളും വിരവാലെ അടിതൊഴുതു
മധുരപ്പടവീടും വിട്ടു വൈകപാണ്ടി നാട്ടിൽ വന്താർ
മന്തിരവേലൻ കാണിയിലെ മന്തിരനെ ചെൻറു കണ്ടു
മന്തിരനെ കണ്ടപോതു ഏതു ചൊൽവാർ ഓട്ടാളൻ
മന്തിരനെ തന്തിരനെ! മന്തിരങ്കൾ ഉള്ളവനെ!
ഒരുനാളും കുററം കുറ ഇല്ലാത മധുരയിലെ
കൂട്ടത്തൊടെ വാതൈ വന്തു കൊന്നറുത്തു പോകുതെന്നാ?
ഉന്തനുട കൈതനക്കു ഒഴിവു ഉണ്ടു മന്തിരനെ!
വിരൈന്തു[1] നീ വിസ്തരിത്തു പേ പിടിക്ക വരവേണം
പേ പിടിക്ക വരണമാനാൽ അച്ചാരം തരവേണം
അച്ചാരം കേട്ട പോതു ആദരവായ് ഓട്ടാളൻ
കൈപ്പൊരുളെ താനെടുത്തു കൊടുത്താനെ വേലനുക്കും
വന്തതൊരു ഓട്ടാളനുക്കു വയറുപശി ആററി വിട്ടാർ
വൈകപാണ്ടി നാടതിലെ പേ പിടിക്ക പോവതക്ക്
അവനതിൽ പിൻകൂട്ടുകാരൻ അടങ്കലമായ് ഏകുവാനാം
ചങ്കു വേലൻ ഇളവേലൻ ചപ്പാണി മൂത്തവേലൻ
നാഗപ്പള്ളി കുറത്തി മക്കൾ നാലാറു വേലന്മാരും

---

1 വിരൈന്തു=വേഗം

കെട്ടിയാട്ടം കച്ചുകളും കീത്തിയാന ചിലമ്പും
ഉടുത്താർ പറയും എടുത്താർ നിണക്കൊമ്പു താനെടുത്താർ
പാണ്ടിമന്നൻ മുമ്പതിലെ പേ പിടിക്ക പോവതുക്കു
വിരവാലെ ഒരുങ്കുവാരാം.
വേലൻ പോറ ചെയ്യി എല്ലാം അറിന്താളേ വേലത്തിയും
വേലത്തിയും താനറിന്തു വിരവാലെ ഏതോചൊൽവാം
മധുരയൂർ തന്നിലെ പോകാതെയും ഇളവേല !
എന്നുടയ ഇളവേല! പൊല്ലാത ഇശക്കിയുണ്ടു
അന്ത ഒരു ഇശക്കിയുംതാൻ മന്തിരത്തിൽ അടങ്കാതു
മന്തിരത്തിൽ അടങ്കാവിട്ടാൽ തന്തിരത്തിൽ അടക്കിടുവേൻ
തന്തിരത്തിൽ അടങ്കാവിട്ടാൽ തമ്പനത്തിൽ അടക്കിടുവേൻ
തമ്പനത്തിൽ[1] അടങ്കാവിട്ടാൽ മാരണത്തിൽ അടക്കിടുവേൻ
എൻറുചൊല്ലി ഇളവേലൻ ഇതമുടനേ ഒരുങ്കുവാനാം.
അവനും തമ്പി കൂട്ടുകാരും ആദരവായ് പുറപ്പെടവേ
മധുരപ്പട വീടതിലെ മന്നർമുഖം കാട്ടിനിൻറാൻ
മന്നവരേ തെന്നവരേ! മകുടമുടൈ പാണ്ടിയനേ!
എങ്കളെത്താൻ അഴത്തുവര ചൊന്നതെന്ന മന്നവരേ!
കേളുമെന്തൻ ഇളവേല ! കേവലമായ് ഒരു വാത്തൈ
ഒരു നാളും കുററം ഇല്ലാത മധുരയെല്ലാം
കൂട്ടത്തോടെ വാത്തൈ വന്തു കൊന്നറുത്തു പോകുതെന്ന ?
ഉന്തനുട കൈ തനക്കു ഒഴിവുമുണ്ടു മന്തിരനേ!
വിരവിനുടൻ നീയുമിപ്പോൾ പേ പിടിക്ക വേണുമെന്നാർ
പേ പിടിക്ക വേണുമാനാൽ ഒരുക്കപടി[2] തര വേണും
മൂന്നു കോട്ടൈ വിത്തുക്കത്തി ഒരുക്കുപടി തര വേണും
വെള്ളരിശി ചെകലരിശി[3] വെമ്പുഴക്ക[4] കുന്തിരിക്കം

---

1 തമ്പനം=മന്ത്രവാദത്തിലെ സ്തംഭനക്രിയ
2 ഒരുക്കപടി=മന്ത്രവാദത്തിനാവശ്യമുള്ള പൂജാസാധനങ്ങൾ
3 ചകലരിശി=ചുവന്ന അരി.
4 വെമ്പുഴക്ക്=പുഴക്കലരി.

അപ്പം അവൽ പൊരി ഇളനീരും നൂറു വേണം
ആനമുട്ടെ അഞ്ചു വേണം കുതിരമുട്ടെ മൂന്നു വേണം
നിലംതീണ്ടാ തണ്ണീർ വേണം തലൈനീക്കാ ഉടലുവേണം
ഉടൽനീക്കാ തലൈ വേണം
കരുമ്പറവൈ ചെമ്പറവൈ കരുങ്കിടായും തരവേണം
ചൂലിയെ പിളന്തു വെലി ചുണ്ടിക്കൈയിൽ തരവേണം
അമ്പിളിമാൻ കൊമ്പുവേണം
വിനയമായ് താനിരിക്ക ഉയന്ത പുരയും വേണം.
ഇത്തനയും കേട്ട പോതു വൈകപാണ്ടി മന്നവരും
ഇന്നതെൻറു ചൊല്ലുകിലേ ഒരുക്കിത്തരുവേനെൻറാർ
ആനമുട്ടെ കേട്ടതുക്ക കൊട്ടത്തേങ്ങാ തരവേണം
കുതിരമുട്ടെ കേട്ടതുക്ക കോഴിമുട്ടെ തരവേണം
അമ്പിളിമാൻ കൊമ്പുക്ക നിലവിളക്ക തരവേണം
നിലംതീണ്ടാ തണ്ണീരു കേട്ടതുക്ക പന്നീരും തരവേണം
ഉടൽനിക്കാ തലയ്ക്കു വാഴയിലൈ തരവേണം
ചൂലിയെ പിളന്തു വെലിക്ക കമുകിൻപൂവും
ഇത്തനയും കേട്ടപോതു വൈകപാണ്ടി മന്നവരും
വച്ചോരുക്കും കോപ്പുകളും വാങ്കിയല്ലോ താൻകൊടുത്തു
വാങ്കിയല്ലോ മന്തിരനും പൂജപുരൈ തേടുവാനാം
വെണ്ടാളമരത്തെ വെട്ടി മേൽപറണും കെട്ടുവാനാം
അരിവാരി തൂവുവാനാം.
മേൽപരണിൽ മേലെകൊണ്ടു പൂപ്പടൈപോടുവാനാം
പൂപ്പടമേലേകൊണ്ടു പൊരിവാരി തൂകുവാനാം
വച്ചോരുക്കും കോപ്പുകളും വാരിയങ്കേ പോടുവാനാം
ഉരലെ ഉരുട്ടിവെത്തു ഉരലുമേലേ ഏറുവാനാം
കെട്ടിയാട്ടം കച്ചകളും കീർത്തിയാന ചിലമ്പണിന്താൻ
നിണക്കൊമ്പു കൈലെടുത്തു പറച്ചത്തും പോടുവാനാം
അവരവർകൾ പേരു ചൊല്ലി ഇരുന്താനെ മന്തിരനാ
ചെങ്കിടായു പൂതത്താനേ! വന്തുതക വേണമെന്നാ
ചൂലാട്ടക്കാരിയമ്മാ! വന്തുതക വേണമെന്നാ

പാലാട്ടക്കാരിയമ്മാ! വന്തുതക വേണമെന്നാ
മൂന്നക്രൂട്ടത്തി ഇശക്കിയമ്മ! വന്തുതക വേണമെന്നാ
പൊന്നിറത്താറം പുരുഷാദേവി! വന്തുതക വേണമെന്നാ
മൂന്നക്രൂട്ടത്തി ഇശക്കിയമ്മ! വന്തുതക വേണമെന്നാ
വിളിത്ത വിളി ചത്തം കേട്ട ചെങ്കിടായു പൂതവും
തിട്ടന വിളിഅറിന്താർ ചെങ്കിടായുപൂതവും
മൂന്നക്രൂട്ടത്തി ഇശക്കിയമ്മ പൊലിപൊലനെ കുരവയിട്ടാറം
മൈകുഴലാറം ഇശക്കിയമ്മ മന്തിരൻതൻ നെഞ്ചതിലേ
വാണതലാറം അടിഅടിത്താറം.
നെഞ്ചെ പിളന്തവളും നേരുരക്തം കുടിത്താളേ
അടിത്തതൊരു അടികറം പട്ട മന്തിരനും പട്ട വിഴ
മന്തിരൻതാൻ പട്ടചെയ്തി അറിന്താളെ വേലത്തിയും
വേലത്തിയും താനറിന്തു വിരവാലെ ഏതു ചൊൽവാറം
പോകാതെയും ഏന്റേനേ പൊല്ലാതമധുരയിലേ
പോനാനേ വേലനുംതാൻ പൊന്നയിരും കിട്ടാതോ ?
താലിപിച്ചു കളഞ്ചാനോ ചണ്ഡാളഇളവേലൻ
വിലക്കിന ചൊൽ കേളാമൽ വീണയിരും മായ്ന്താനോ ?
എൻറു ചൊല്ലി വേലത്തിയും ഏന്തിഴയാറം പുറപ്പെടവേ
വൈകപാണ്ടിനാട്ടിൽ വന്തു മന്തിരനെ ചൊൽ കേട്ടാർ
വേലത്തിയും വന്തിരുന്തു വിരവാലെ പേയ് പിടിത്താറം
ചെമ്പുകുടം കൈലെടുത്തു ചീങ്കുഴലും കൈലെടുത്താറം
ചീങ്കുഴലെ കൈലെടുത്തു ചില വാചകങ്കറം പറവാളാം
പച്ചരിയും തെററിപ്പൂവും പരശിയിലെയും വാരിഇട്ടാറം
തെററിപ്പൂ കണ്ടപോതു വാതൈ ചെപ്പുക്കുടത്തിൽ ചെല്ലുതല്ലോ
കുടംതന്നിലെ പിടിത്തടയ്ത്താറം മൂന്നക്രൂട്ടത്തി ഇശക്കിയെത്താൻ
വാതകളൈ പിടിത്തടൈത്തു മന്തിരനെ എഴപ്പിവിട്ടാറം
വച്ചൊരുക്കും കോപ്പുകളും വാരിയങ്കെ കെട്ടവാളാം
വൈകപാണ്ടിമന്നർ മുന്നെ വന്തു മുകം കാട്ടവാളാം
വാതകളൈത്താൻപിടിത്തു മന്തിരനെ എഴപ്പിവിട്ടേൻ
വരവിടലേ സമ്മാനം മന്നവനെ താരുമെന്റാറം

അന്ത വാൎത്തൈ കേട്ടപോതു മന്നവരും ഏതു ചൊൽവാർ
വാൎത്തകളൈ പിടിത്തുക്ക അടയാളം കാട്ടവേണം
എന്ന ഒരു അടയാളം കാട്ടവേണം മന്നവരേ ?
ചന്തയിലെ നിൽക്കുമന്ത കന്നാലുമരം തന്നിലേ
ഒന്നുപകുതി നകട്ടിട്ടകിൽ ചതിത്ത തേവന്മാർ കൂടെ
വാറാതാം ഈതേതോ.
അന്ത വാൎത്തൈ കേട്ടപോതു ആയിഴയാൾ വേലത്തിയും
ചെങ്കിടായു പൂതത്താനെ തിട്ടനവേ ഏകിവിട്ടാർ
ഏകിവിട്ട നേരത്തിലേ ചെങ്കിടായ് പൂതത്താനും
ആലുമരം മൂട്ടോടേ അടിയോടെ നകിട്ടിട്ടമാം
കണ്ടു നിൻറ മന്നവരും കരുതി ഏതോ വാൎത്തൈ ചൊൽവാർ
അടയുമെന്തൻ വേലത്തിയെ ആദരവായ് കുടംതന്നിലേ
പണ്ണൈക്കുടം തന്നിലെ പാവനയാൽ താനെടുത്താൾ
വാൎത്തകളൈ കൊണ്ടുവന്തു മധുരപ്പട വീടതിലേ
മലയിടേ പരമമതിൽ വൈക്കവേണം കോവിലെന്റാർ
കോവിൽ വൈത്തു കൊടിനെറ്റത്തി ഒരു കൊടുതി തരവേണം
അന്തവാൎത്തൈ കേട്ടപോതു കോവിൽ വൈക്ക ഒരുങ്കുവാരാം
പാൽപനയെ താൻമുറിത്തു പത്തുമുട്ടമല്ലടൽ മോന്തായം വയ്ത്താൻ
മോന്തായം തന്നയും വൈത്തു കഴിക്കോലും നിരത്തുവാരാം
തെങ്ങോല കൊണ്ടുവന്തു മേൽപുരയും കെട്ടുവാരാം
ചിവരുകളും കെട്ടിയല്ലോ ചിത്തിരവും എഴുതുവാരാം
മാങ്കലയും ഉരുവെഴുത ഉടൽ താറാവ്യ് ഉരുവെഴുത
കണ്ണാടി ചെമ്പു ഉരുവെഴുത പാട്ടും പൊട്ടും ഉരുവെഴുത
അണ്ണിപ്പിള്ളൈ ഊരുവെഴുത കൊക്കടനെ കുരുവികളും ഉരുവെഴുത
ചെറുകദളിക്കുലയെഴുത ചിങ്ങം വാഴൈ കുലയെഴുത
ഉരുവെഴുതിയ പോതേ ചിറപ്പാകെ ഉരു പാൎത്താർ
പുത്തൻ കോവിൽ തന്നിലേ പെൺകൊടിയാൾ ആണ്ടതിലേ
ആണ്ടുനിൽക്കും വേളയിലേ ആയിഴയാൾ ഇശക്കിയമ്മ
നേരൈച്ചുമുഖം വരുവതല്ലോ വകവകയായ് തിശൈതോറും
അമ്മാന തിരസീലിയും ആളുരുവം പൊന്നാലെ

ചാളിയിലായ് പൊൻപണ്ണങ്കൾ കെട്ടിവൈത്താർ കോവിലിലെ
കെട്ടിവൈത്തു പൂശൈ ഇട്ടു ഇന്നമുടനേ വാഴ്ന്തിരുന്തായ്
അന്നേരം മന്തിരനും അവനേതോ ചൊൽവാനാം
വാരുമെന്തൻ ഇശക്കിയമ്മ! വാത്തയൊൻറു ചൊല്ലക്കേളായ്
ഏഴർപടി കാണിയിലേ പോവായോ ഇശക്കിയമ്മാ
വേലനെയും വേലത്തിയെയും കൊന്നുവാടി വേലന്മാരെയും
വേലത്തിമാരെയും കൊന്നുവന്താൽ
ഉന്തൻമകൾ വേലത്തിയെ! പിളന്തു വെലി തരുവായോ?
അവനതൈ സമ്മതിച്ച അപ്പൊഴുതേ ഇളവേലൻ
വേലൻ മകൾ വേലത്തിയെ വെലികൊടുക്ക വേണുമെൻറു
ചൂലാട്ട ചൂൽ പനി ചുരുക്കാകവെ ഉണ്ടാക്കി
കീഴ്പറണും മേൽപരണും കീറുവയും കെട്ടുവാനാം
ഊട്ടുവെലി താൻ കൊടുത്തു ഉരുമയുടൻ മന്തിരനും
ഊട്ടു ഇളക്കും വേളയിലേ മകളെ താൻ എഴപ്പിവിട്ടാൻ
അറിന്താളെ ഇശക്കിയമ്മ അവൻ ചെയ്യവായമെല്ലാം
ഉന്നാണെ മന്തിരനേ! ഉന്നെ ഒരു ചതികൾ ചെയ്യേൻ
നീ ഒരു ചതിചെയ്യായോ? നാനും ഒരു ചതി ചെയ്യേൻ
എൻറു ചൊല്ലി ഇശക്കിയമ്മ മനസിൽ താൻ വൈത്തു കൊണ്ടാൾ
ഏഴർപടി കാണിയിലേ ചെൻറാളെ ഇശക്കിയമ്മ
നല്ല കുട്ടികണിയാനുടെ ഊരതിലേ ചെല്ലുവാളാം
അങ്കെയുള്ള വേലന്മാരും വേലത്തിയും കൊന്നുവിട്ടാർ
കുട്ടി കുറവർകളെയും കൂട്ടോടേ കൊന്നു വിട്ടാർ
കൈലെ പെറ്റ കണിയാനുട മകളെ വെലി കൊള്ളവെൻറു
അന്ത ഊരിൽ തന്നിലുള്ള അനൈപേരും മാതർകളെ
തട്ടൊഴിയ കൊന്നുവിട്ടു താഴ് കുഴലാൾ ഇശക്കിയമ്മ
ഒരു നാളും കുറവില്ലാതെ മധുരയിലെ കൂട്ടത്തോടെ
വാതൈ വന്തു കൊന്നുവന്തു പോകുതെന്നാ.

ചുടണമെന്ന്    അരുളിച്ചെയ്കയും ചെയ്തു. ഇതിന്റെ അർത്ഥമെന്തെന്നാൽ പുണ്യമെന്ന പഴമില്ലാത്ത മാനുഷൻ ആകാത്ത വൃക്ഷംപോലെ തമ്പുരാനാലെ വെട്ടപെട അരക അഗ്നിയിൽ തള്ളപ്പെട്ടുകയുംചെയ്യും. ഇനിയും ഇക്കാര്യം നമ്മുടെ മനസ്സിൽ നന്നാ ധരിക്കേണ്ടീട്ടു തമ്പുരാൻ അനേകം വിധമായി പഠിപ്പിക്കുന്നു. അതെന്തന്നാൽ എപ്പോൾത്താൻ വിളിക്കുമെന്നു അറിഞ്ഞുകൂടാ. പട്ടാംഗമായ തമ്പുരാൻ ഇത്ര ന്യായങ്ങളെ നമുക്കു പഠിപ്പിച്ചിരിക്കയിൽ—മടിയോടുകൂടെ നാം ഉപേക്ഷയായിരിക്കുന്നതു് ന്യായമോ? ഇന്നുവരയ്ക്കും തന്റെ പ്രമാണങ്ങൾക്കു വിരോധമായി നടന്ന അനേകം ദോഷങ്ങളെ ചെതിരിക്കയിലും അതിനാൽ അററമില്ലാത്ത കടം ചുമന്നിരിക്കയിലും നാം മടിയായിരുന്നു തപസ്സും പുണ്യങ്ങളും ചെയ്യാതയും അതിന്നടുത്ത പ്രാച്ശിത്തം മഹാചുറുക്കോടുകൂടയും എത്തിക്കാതെയിരുന്നാൽ അക്കടങ്ങൾക്കു് എങ്ങനെ ഉത്തരിക്കും? ഇതെന്നിയേ ഇഹലോകത്തിൽ നാം ഇരിക്കുന്നകാലം തമ്പുരാൻ നമുക്കു് മനഗുണം ചെയ്യുന്ന കാലമായിരിക്കും. ഇതിന്റെശേഷം അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം ഫലമെങ്കിലും ശിക്ഷയെങ്കിലും കൊടുക്കുന്ന കാലമല്ലാതെ പുത്തനായി തപസ്സുചെയ്ത ദോഷങ്ങളെ പൊറുക്കുന്ന കാലമല്ല. ഇതിനെക്കൊണ്ടു തമ്പുരാൻ നമ്മുടെ ദോഷങ്ങളെ പൊറുപ്പാനും വാക്കിനാലടങ്ങാത്ത ഫലം അനുഭവിപ്പാനും ഇപ്പോൾതന്നെ എത്രയും ചുറുക്കോടുകൂടെ തപസ്സുചെയ്കയും മടികൂടാതെ നന്മപ്രവൃത്തികൾ ചെയ്യുന്നതിൽ പ്രയത്നം ചെയ്കയും വേണം.

പതിമ്മൂന്നാം മുത്തുകൂടി.

---

ഒരു കുറിപ്പു്.

'ജ്ഞാനമുത്തുമാല'യുടെ പ്രകാശനത്തിന്റെ പ്രാരംഭമായി ചേർത്തിട്ടുള്ള കുറിപ്പിൽ (വാല്യം 3- ലക്കം 1-2) അതിന്റെ കർത്താവു് 'ആമ്മേൻ ഈശോ' ആണെന്നു പറഞ്ഞിട്ടുണ്ടു്. സാധാരണമായി ഗ്രന്ഥങ്ങളുടെ അവസാനത്തിൽ ഗ്രന്ഥകാരന്റെ നാമം എഴുതാറുള്ള സ്ഥാനത്തു കണ്ടതുകൊണ്ടു് അങ്ങനെ ധരിച്ചതാണു്. ഒരു ക്രിസ്തുമതഗ്രന്ഥമായ ജ്ഞാനമുത്തുമാലയിലാകട്ടെ, യേശുവിന്റെ പുണ്യനാമസ്മരണയോടുകൂടി 'ആമ്മേൻ' ചേർത്തു സമാപ്തിസൂചകമായിട്ടാകുന്നു. തഥാസ്തു എന്ന അർത്ഥത്തിലുള്ള ഒരു ഹീബ്രുശബ്ദമാണു് ആമ്മേൻ.

പത്രാധിപർ.

# “പതിനാലാം മുത്താകുന്നതു്”

മടികൊണ്ടു് അനേകം ദോഷങ്ങളുണ്ടാകയും ചെയ്യും.

മടിയാൽ വരുന്ന ദോഷങ്ങളാകുന്നതു് തമ്പുരാനെ സ്തുതിക്കന്നതിലും നന്മപ്രവൃത്തിചെയ്യുന്നതിലും വരുന്ന മടിയാകുന്നതു്. ആരോഗ്യമില്ലെന്നും ആലസ്യമെന്നും പറയുന്നതു് മടിയെന്ന പേരുതന്നെ ആകുന്നതു്. ആ മടി ആത്മത്തിന്നു ഛമയവ്യാധിപോലെ ഇരിക്കും. അതിൻവണ്ണമുള്ള വ്യാധി ആത്മത്തിലിരുന്നാൽ പുണ്യങ്ങൾ വൎദ്ധിക്കാതെയിരിക്കന്നതുമെന്നിയേ ആത്മാ രക്ഷപ്പെടുകയുമില്ല. അതെന്തെന്നാൽ ഈ വ്യാധിയുള്ളവനു ധ്യാനിക്കന്നതും നമസ്കരിക്കന്നതും നന്മയ്ക്കുടുത്ത പുസ്തകങ്ങൾ വായിക്കന്നതും കേൾക്കന്നതും ശുദ്ധമാന പൂജ കാണുന്നതും കുമ്പസാരിക്കന്നതും പടാത്ഥ കേൾക്കന്നതും ഇങ്ങിനെയുള്ള പുണ്യങ്ങൾ അവനു വലിയ അറപ്പും നീരസവുമായിരിക്കും. ഇതിൻവണ്ണമുള്ള വ്യാധിയാകുന്ന അവലക്ഷണത്തിനാലെ എത്ര തിന്മകൾ വരുന്നുവെന്നു അതിനാൽ വരുന്ന കേടുകളാലറികയുമാം. അതെന്തെന്നാൽ മേല്പറഞ്ഞ പുണ്യകാൎയ്യങ്ങളെ മടിയായിച്ചെയ്തു അതിന്മേൽ പകയായി വരികയും ചെയ്യും.

രണ്ടാമതു്:—അതിൻവണ്ണമുള്ള നന്മകളെ ചെയ്വാൻ ബുദ്ധി ചൊല്ലി പഠിപ്പിക്കന്നവരുടെമേൽ അരിശമായിരിക്കും.

മൂന്നാമതു്:—അരിമയായിരിക്കന്ന പുണ്യങ്ങളെ ചെയ്വാൻ ധൈൎയ്യമുണ്ടാകയുമില്ല. ധൈൎയ്യത്തിന്നു വിരോധമായിരിക്കന്ന ഒവ്വായ്കയും ഭയവുമുണ്ടാകും.

നാലാമതു്:—തമ്പുരാൻ കല്പിച്ച പ്രമാണങ്ങളെ കാത്തു നടത്തേണ്ടതിന്നു ഉപേക്ഷയുണ്ടാം.

അഞ്ചാമതു്:—പലപല ഉപകാരമില്ലാത്ത കാൎയ്യങ്ങളെ വിചാരിച്ചു ഹൃദയത്തിൽ പല കവലകളായിരിക്കും. ഇതെന്നിയേ മനസ്സന്തോഷമില്ലാതിരിക്കയും ചെയ്യും. അതെന്തെന്നാൽ ആത്മസന്തോഷമില്ലാത്തതിനാൽ ഭൂലോകസന്തോഷം അനുഭവിപ്പാൻ ചരണപ്പെടുന്ന അബദ്ധത്തെ നീ നന്മപ്രവൃത്തികൾ ചെയ്യുന്നതിൽ ശരണവും സന്തോഷവും ഉണ്ടായാൽ ഇതിൻവണ്ണമുള്ള സന്തോഷത്താൽ ആത്മസന്തോഷവും മോക്ഷത്തിന്മേൽ ശരണവും തോളമാല പോലെ

രണ്ടുംകൂടെ എപ്പോഴും ഇരിക്കും. ഇതിൻവണ്ണമുള്ള പട്ടാംഗയായ ആഭരണം പൊടപ്പാകാതിരിപ്പാൻ ഉപായമെന്തെന്നാൽ മേൽപ്പറഞ്ഞ പുണ്യങ്ങളെ ചെയ്യുന്നതിൽ വരുന്ന മടികൊണ്ടു് ഇത്ര വലിയ നാശങ്ങൾ വരുന്നതിനെ നന്നായി വിചാരിച്ചു തൻെറ ശക്തി ഒക്കെയോടുംകൂടെ അതിനെ തള്ളി പ്രയത്നംചെയ്തു യാതൊരു പുണ്യങ്ങളിൽ അധികം മടിതോന്നുന്നു, അതിനെ മഹാഉദ്യോഗത്തോടുകൂടെ മുമ്പിൽ ചെയ്കയും വേണം. ഇതെന്നിയേ നമസ്കാരമെത്തിക്കുന്നതിലെങ്കിലും ദൈവകാര്യം എഴുതിയിരിക്കുന്ന പുസ്തകങ്ങൾ വായിക്കുന്നതിലെങ്കിലും കുർബാന കാണുന്നതിലെങ്കിലും കുമ്പസാരിക്കുന്നതിലെങ്കിലും ഇതിൻവണ്ണമുള്ള നന്മപ്രവൃത്തികൾ മേൽ മടിയുമുപേക്ഷയുണ്ടായാൽ അതിനാൽ വരുന്ന ദോഷങ്ങളെ ഉടനേ ഓർത്തു് ധൈര്യത്തോടുകൂടെ മടിയെ ഉപേക്ഷിച്ചു തള്ളിനീക്കി പ്രയത്നംകൊണ്ടെങ്കിലും അതിൻവണ്ണമുള്ള കാര്യങ്ങളെ വിടാതെ നടത്തിക്കൊണ്ടു വരികയുംവേണം. അതെന്തെന്നാൽ നാം പ്രയത്നംചെയ്തു നമ്മാലാകുന്ന കാര്യങ്ങളെല്ലാം ചെയ്തു നന്മപ്രവൃത്തിമേലുണ്ടാകുന്ന മടിയും ഉപേക്ഷയും തള്ളിക്കളവാൻ ഉത്സാഹത്തോടുകൂടെ നടന്നാൽ എങ്ങിനെയായാലും അററമില്ലാത്ത മനഗുണമുള്ള തമ്പുരാൻെറ സഹായം വരികയും ചെയ്യും. ഈ സഹായത്താൽ നമുക്കു് ഭാരംതോന്നുന്ന പുണ്യകാര്യങ്ങൾ എളുപ്പത്താൽ ചെയ്യാൻ തോന്നും. എന്നതുകൊണ്ടു് തമ്പുരാൻെറ സഹായം ഹേതുവാൽ നന്മപ്രവൃത്തികളിൽ സന്തോഷമായി ഒട്ടുകയും ചെയ്യും.

പതിന്നാലാം മുത്തുകൂടി.

## "പതിനഞ്ചാം മുത്താകുന്നതു്"

നന്മപ്രവൃത്തികൾ മേൽവരുന്ന മടിയെത്തള്ളിക്കളവാൻ തമ്പുരാനോടു അപേക്ഷിക്കേണ്ടുന്ന നമസ്കാരം.

അററമില്ലാത്ത മനഗുണമുള്ള തമ്പുരാനേ! അളവില്ലാത്ത നീതിയുള്ള കർത്താവേ! ഞങ്ങളുടെ മേൽ മനഗുണമായിരുന്നു രക്ഷിക്കേണം. എന്നിട്ടു് മാനുഷനായി പിറന്നു ഈ ഭൂലോകത്തിങ്കൽ മുപ്പത്തിമൂന്നു

വരിഷം സഞ്ചരിച്ചു സകല പുണ്യങ്ങളേയും വാക്കിനാലെ ഞങ്ങളെ പഠിപ്പിച്ചതുമെന്നിയെ തൻെറ പ്രവൃത്തികളാൽ അതിൻവണ്ണമുള്ള പുണ്യങ്ങളെ ചുറുക്കോടുകൂടെ നടത്തിക്കൊണ്ടുവന്നു അതിൻവണ്ണം ചെയ്‌വാൻ ഞങ്ങൾക്കു ബുദ്ധിചൊല്ലി സകല പുണ്യങ്ങളുടേയും മാദിരികയായിരുന്നതിനാൽ താൻ ചുറുക്കായി പുണ്യവഴി നടന്നതു് ഞങ്ങൾ കണ്ടു ശക്തിയുള്ള മനസ്സോടുള്ള ബലത്തോടു കൂടയും മടിയെ ഉപേക്ഷിക്കയും തൻെറ തിരുമനസ്സിന്നൊത്തിരിക്കുന്ന കാര്യങ്ങളെ വേഗേന ചെയ്‌വാൻ ഞങ്ങൾക്കു അനുഗ്രഹം ചെയ്യേണമേ തമ്പുരാനേ! തൻെറ ഇഷ്ടപ്രസാദമെന്ന ദൈവിക അനുഗ്രഹത്തിനാലെ തൻെറ മനസ്സിലിരിക്കുന്ന മന്ദത്തെയും പുണ്യകാര്യങ്ങളിൽ വരുന്ന അറപ്പും നീക്കി ഇനിമേൽ മടിയെന്നിയേ ഉത്സാഹത്തോടുകൂടെ തൻെറ ചിററാഴ്മ ചെയ്ത പുണ്യങ്ങൾ അധികമധികമായി വർദ്ധിപ്പാൻ ഞങ്ങൾക്കു മനഗുണം ചെയ്യേണമേ തമ്പുരാനേ! താൻ ഞങ്ങൾ ഏടവിടാതെ എത്ര സഹായം ചെയ്യുന്നതിനെ ഞങ്ങൾ നിനച്ചു ചുറുക്കോടുകൂടെ തൻെറ വേലയിൽ മാലാകമാർ മുതലായ മോക്ഷവാസികൾ മടിയേം ഉപേക്ഷയയും കൂടാതെ ഇടവിടാതെ കണ്ടു എങ്ങിനെ തന്നെ സ്തുതിക്കുന്നു ഈ ഭൂലോകത്തിൽ തനിക്കു് അധികസ്നേഹമുള്ള പുണ്യവാന്മാർ വലിയ ആശയോടുകൂടയും അധിക ഉത്സാഹത്തോടുകൂടയും മഹാസന്തോഷത്തോടുകൂടയും തൻെറ തിരുമനസ്സിന്നു ഒത്തിരിക്കുന്ന കാര്യങ്ങളെ ചുറുക്കോടുകൂടെ ചെയ്യുന്നതുമെന്നിയെ ഇനിമേൽ തൻെറ ചിററാഴ്മയിൽ എന്തെന്താരാധന ചെയ്യേണ്ടുവെന്നു് എന്നേരവും ആശയോടെ എപ്പഴും വിചാരിച്ചുകൊണ്ടിരിക്കുന്നതെന്നതിൻവണ്ണന്തന്നെ ഞങ്ങളും തൻെറ ചിററാഴ്മയിൽ ആകുന്ന കാര്യങ്ങളിൽ വരുന്ന മടിയും ഉപേക്ഷയും ശക്തിയോടുകൂടെതള്ളിക്കളഞ്ഞു സന്തോഷത്തോടും തീവിരത്തോടുംകൂടെ ബഹുപുണ്യങ്ങളാകുന്ന അഴിയാത്ത ദ്രവ്യത്തെ നേടുകയും തനിക്കു തീവ്വിരമായി വേലചെയ്യുന്നവരോടുകൂടെ അതിൻവണ്ണമുള്ള പുണ്യങ്ങളാൽ വാക്കിനാലടങ്ങാത്ത ഫലങ്ങളെ ഒടുക്കമില്ലാത്ത കാലം പരലോകത്തിൽ തൻെറ തിരുമുമ്പാകെ അനുഭവിക്കുന്നതിന്നു തൻെറ തിരുവുള്ളത്തെക്കല്പിച്ചു തരികയുംവേണം.

പതിനഞ്ചാം മുത്തുകൂടി.

## "പതിനാറാം മുത്താകുന്നതു്"

തമ്പുരാൻെറമേലുള്ള ഉപവിയെന്ന പ്രധാനം പുണ്യം മുമ്പിനാലനുഭവിക്കയും വേണം.

സകല പുണ്യങ്ങൾക്കും കൎത്തവ്യമായിരിക്കുന്ന സ്നേഹത്തെ അനുഭവിപ്പാൻ ഏതു സഹായമെന്നു ചോദ്യം. സകലപുണ്യങ്ങൾക്കും ഉള്ളെ തമ്പുരാൻെറ മേലുള്ള സ്നേഹം പ്രധാനപ്പെട്ട പുണ്യമാകുന്നതു്. അതിൻവണ്ണമുള്ള സ്നേഹമെതെന്തന്നാൽ മുഴുവൻ മനസ്സോടും ആത്മമത്തോടും എല്ലാശക്തിയോടും എല്ലാററിനേക്കാൾ തമ്പുരാനെ സ്നേഹിക്കുന്നതെന്ന തമ്പുരാൻെറ മേലുള്ള ഉപവിയാകുന്നതു്. തമ്പുരാൻ കല്പിച്ച പ്രമാണങ്ങളിൽ ഇതു മുതൽ പ്രമാണമാകുന്നതു്. വിശ്വാസകാരക്കുട്ടത്ത പുണ്യവഴിക്കു് ഈ സ്നേഹം ആദിയുമായി ഒടുക്കവുമായിരിക്കും. ഈ ഉത്തമപുണ്യമാകുന്ന സ്നേഹം തമ്പുരാന്റെ മേൽ ഇല്ലാതിരുന്നാൽ ശേഷമുള്ള പുണ്യങ്ങളാൽ ഒരു ഫലവും വരാ. വിശ്വാസത്തിൻെറ ശക്തിയാൽ ആശ്ചൎയ്യമുള്ള പ്രത്യക്ഷങ്ങൾ ചെയ്താലും മഹാപൎവ്വതങ്ങളെ നീക്കിവച്ചാലും നമുക്കുള്ള ദ്രവ്യങ്ങളെ ഭിക്ഷക്കാരക്കു് കൊടുത്താലും സത്യവേദം ഹേതുവാൽ വെന്തുപോവാൻ പ്രാണനെ കൊടുത്താലും തമ്പുരാൻെറ മേൽ സ്നേഹമെന്ന പുണ്യമില്ലാതിരുന്നാൽ മേൽപറഞ്ഞ പുണ്യങ്ങളാൽ ഒരു ഫലമുണ്ടാകയില്ലെന്ന ശുദ്ധമാന റൂഹാദക്കുദാശാ തമ്പുരാൻ മാർ പൗലോസ്സ ശ്ലീഹായുടെ നാവിനാൽ അരുളിച്ചെയ്ക വെക്കയും ചെയ്തു. ഈ ദൈവികപുണ്യം സകലപുണ്യങ്ങൾക്കും മുടിയായിരിക്കുന്നതിനാൽ തമ്പുരാൻ മാനുഷരെ അററമില്ലാത്ത സ്നേഹത്തോടുകൂടെ നോക്കി ഈ സ്നേഹത്തലെയത്രേ പരലോകത്തിൽ നിന്നിറങ്ങിയ കാരണമാകുന്നതു്. തമ്പുരാൻെറ മേൽ ഉപവിയെന്ന നൊകത്തിനാലെ മാനുഷർ പരലോകത്തിൽ ഏറുന്നതും ഈ സ്നേഹമാകുന്നതു് ചൈത്താൻെറ സകല പത്രുക്ഷകളേയും കൊല്ലും. സകല ദ്വേഷങ്ങളും നിഷ്ഫലമാകും. ഇതിൻവണ്ണമുള്ള സ്നേഹമുള്ളവൻ സകല വേദകല്പനകൾക്കും ഒത്തിരിക്കുന്നു. ഈ ദൈവികപുണ്യമാകുന്നതു ശേഷം പുണ്യങ്ങളെ എല്ലാം പുണ്യങ്ങളാക്കുകയും സ്നേഹ

ത്തിൻെറ അളവാൽ അത്രേ ശേഷം പുണ്ണ്യങ്ങളുടെ അളവറിയുന്നതു്. അതായതു വലിയ സ്നേഹമുള്ളവൻ വലിയ പുണ്ണ്യവാനാകുന്നതു്. ഇതിൻവണ്ണമുള്ള ഉത്തമപുണ്ണ്യം വരരണ്ടതിന്നു ഉപായമെന്തന്നാൽ ഒന്നാമതു് ആത്മാവിലുണ്ടാകുന്ന ആകാത്ത ഇഷ്ടങ്ങളേയും അതിനാൽ വരുന്ന ദോഷങ്ങളേയും തള്ളിക്കളഞ്ഞു് ആത്മം ശുദ്ധമാക്കിയിരിക്കയും വേണം. അതെന്തന്നാൽ ദോഷത്തോടുക്രൂടുന്ന മനസ്സിൽ ദൈവികനന്മ പ്രവേശിച്ചതിലിരിക്കയില്ല. തമ്പുരാൻെറ പട്ടാംഗയായ വേദത്തിൽ ചൊല്ലിയിരിക്കുന്നു. ചാപദോഷത്തോടു ക്രൂടെ സകല പുണ്ണ്യങ്ങളും ചെയ്യാൻ ശക്തിയുണ്ടായാലും തമ്പുരാൻെറ മേലുള്ള സ്നേഹമെന്ന പുണ്ണ്യം ശാപദോഷത്തോടു ക്രൂടിരിക്കുന്നവനു ക്രൂടുന്നില്ല. തമ്പുരാന്മേലുള്ള സ്നേഹമെപ്പോഴുമുണ്ടോ ആ സ്നേഹത്തിൻെറ എരിവാകുന്ന അഗ്നിയാൽ സകല ദോഷങ്ങളും എരിഞ്ഞുപോകയും ചെയ്യും. ആ സ്നേഹമെന്ന നോകിനാലെത്രേ മാനുഷരുടെ മേൽ തമ്പുരാനുണ്ടാകുന്ന കോപത്തെ അമർത്തി മാനുഷരുടെ മേൽ തമ്പുരാൻെറ കരുണ വരുത്തുകയും ചെയ്യും. ഈ ദൈവികപുണ്ണ്യമാകുന്നതു് പരലോകവാതിൽ തുറന്നു ആത്മത്തിന്നു ബഹുദ്രവ്യമാകുന്ന നന്മകളെയുണ്ടാക്കി അതിനാലെ ആത്മത്തിന്നു കുറവില്ലാത്ത പ്രകാശവും മനസ്സിന്നു ചുക്കും ഹൃദയത്തിന്നു സന്തോഷവും മനസ്സിന്നു നല്ല ആശ കിളമ്പുകയും നന്മ പ്രവൃത്തികളിൽ വരുന്ന പ്രയത്നം മധുരമായിരിക്കുന്നതും ഈ സ്നേഹം തന്നെ വരുത്തുന്നതു്. ഇതുതന്നെ നന്മ പ്രവൃത്തികൾക്കു് ഫലം വരുത്തുകയും എന്നന്നേയ്ക്കുമുള്ള മോക്ഷരാജ്യത്തിൽ വസിപ്പാറാകയും ചെയ്യും.

പതിനാറാം മുത്തുക്രൂടി.

## "പതിനേഴാം മുത്താകുന്നതു്"

ജേഷ്ഠൻ അനുജന്മാരെയും തന്നെ സ്നേഹിക്കുംവണ്ണം സ്നേഹിക്കുന്നതു് തമ്പുരാൻെറമേൽ സ്നേഹമുള്ളവൻ വേദകല്പനക്കൊത്തവണ്ണം അവനവൻെറ മേൽ ചുമന്ന കടം ശരിയായി തീർക്കേണ്ടതിന്നു എല്ലാററിനേക്കാൾ തമ്പുരാൻെറ മേൽ സ്നേഹമായിരിക്കുന്നതുമെന്നിയേ

ജ്യേഷ്ഠൻ അനുജന്മാരെയും തന്നെ സ്നേഹിക്കുംവണ്ണം സ്നേഹിക്കയും വേണം.

എന്നാൽ ഈ കടം തീൎക്കുന്നതിനു മൂന്നു കാൎയ്യം വേണ്ടിയിരിക്കുന്നു.

ഒന്നാമതു്—ജ്യേഷ്ഠനനുജന്മാൎക്കെങ്കിലും അവരുടെ കെട്ടിയവൾ മക്കൾക്കു് എങ്കിലും അവരുടെ ബഹുമാനത്തിനെങ്കിലും ഛേതം വരുത്താതെയിരിക്കണം. അതെന്തെന്നാൽ സ്നേഹിക്കുന്നതും സങ്കടം വരുത്തുന്നതും വിരോധമായിരിക്കുന്നതിനെക്കൊണ്ടു്, ജ്യേഷ്ഠനനുജന്മാൎക്കു മേനിക്ഷയം വരുത്തുന്നവൻ അവരെ സ്നേഹിക്കുന്നില്ലെന്നു അടയാളമായിരിക്കും.

രണ്ടാമതു്—സ്നേഹത്തിന്നു പട്ടാംഗയും ശുദ്ധമനസ്സോടും നന്മയോടും കൂടെ സ്നേഹിക്കണം. അതെന്തന്നാൽ ദോഷത്തോടുകൂടുന്ന സ്നേഹമല്ല ശരീരത്തെ സ്നേഹിച്ചു ആത്മത്തിന്നു ഛേദം വരുത്തി വൈയ്ക്കുന്ന പട്ടാംഗയാലെ പകയായിരിക്കും. സ്നേഹമായിരിക്കയുമില്ല. എന്നാവണ്ണംതന്നെ അപ്പനും അമ്മയും കാരണവന്മാരും തങ്ങൾ മക്കളുടെ ശരീരം ഹേതുവാൽ ആത്മകാൎയ്യം പഠിപ്പിക്കേണ്ടതും ശിക്ഷിക്കേണ്ടതും വിചാരിയാതിരുന്നാൽ മക്കളുടെമേൽ പകയായിരിക്കുന്നു എന്നു ചൊല്ലണം. പട്ടാംഗയായ് സ്നേഹമല്ല. അവരുടെമേൽ സ്നേഹമുണ്ടെന്നു പറഞ്ഞുകൂടാ. അവ്വണ്ണംതന്നെ ശേഷമുള്ളവരെ സ്നേഹിക്കുന്നതിലും അവൎക്കു നന്മവരണമെന്നു് സ്നേഹിക്കയുംവേണം. ഇതെന്നിയേ തങ്ങൾക്കു് സന്തോഷവും ഉപകാരം വേണമെന്നുവച്ചു സ്നേഹിക്കുന്ന സത്യമായ സ്നേഹമാകയുമില്ല. ഇതിനെക്കൊണ്ടു് മാർയോഹന്നാൻ ഏവംഗലീസ്താക്കു് തമ്പുരാൻ കൊടുത്ത ദൈവനന്മയാൽ നമുക്കു് ബുദ്ധിയായി അരുളിച്ചെയ്യുന്നു. കൂടെപ്പിറന്നവരെ വചനത്താൽ ജ്യേഷ്ഠനനുജന്മാരെ സ്നേഹിച്ചാൽ പോരാ. മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും സ്നേഹിക്കണമെന്നു് പഠിപ്പിക്കയായതു്.

മൂന്നാമതു്—തമ്പുരാനെ പ്രതി ജ്യേഷ്ഠൻ അനുജന്മാരെ സ്നേഹിക്കണം. അതെന്തെന്നാൽ ഇവൻ തമ്പുരാനാലെ സൃഷ്ടിക്കപ്പെട്ടവനെന്നും ഇവൻ തമ്പുരാൻെറ അടിമയായിരിക്കുന്നുവെന്നും വിചാരിച്ചു് അവനെ സ്നേഹിക്കയുംവേണം. ഇതെന്നിയേ ഇവനെ സ്നേഹി

പ്പാൻ തമ്പുരാൻ കല്പിച്ച ഹേതുവാൽ സ്നേഹിക്കുന്നുവെന്നും, സ്നേഹിക്കുന്നതെത്രേ നിർമ്മലമായ സ്നേഹവുമായി പുണ്യവുമായിരിക്കുന്നത്. ഇതിൻവണ്ണം സ്നേഹിക്കുന്നവൻ മാനുഷരെ നല്ലവരോ, ദ്വേഷമുള്ളവരോ, സ്നേഹമുള്ളവരോ ആകാത്തവരോ എന്നു വിചാരിക്കുന്നില്ല. ആരെയെങ്കിലും സ്നേഹിക്കുന്നു എന്നാൽ പ്രമാണങ്ങൾകൊത്തവണ്ണം അല്ലാതെ നീതിയെ വിട്ട് തനിക്ക് സന്തോഷമുണ്ടാകണമെന്ന് ദോഷത്തോടുകൂടുന്ന കാര്യങ്ങളിൽ സ്നേഹിക്കുന്നത് പട്ടാംഗയായ സ്നേഹമാകുന്നില്ല. ഇതിനെക്കൊണ്ട് ദോഷമാകുന്ന കാര്യങ്ങളിൽ മുഖത്തെക്കുറിച്ച് സന്തോഷമാകുന്ന വചനം പറയുന്നതും മററവർ ചെയ്യുന്ന ദോഷങ്ങൾകുള്ളായിരിക്കുന്നതും സത്യമായ സ്നേഹമല്ല. എന്നതിനെക്കൊണ്ട് ആർക്കെങ്കിലും തെളിയാതിരുന്നാലും സമയം വന്നാൽ ബുദ്ധി ചൊല്ലുകയും കീഴുള്ളവരെ നന്മഹേതുവാൽ അമർത്തുകയും അടിക്കയും ചെയ്യുന്നത് പട്ടാംഗമായ സ്നേഹമായിരിക്കും.

പതിനേഴാം മുത്തുകൂടി.

## "പതിനെട്ടാം മുത്താകുന്നത്"

സ്നേഹമെന്ന പുണ്യത്തെ തമ്പുരാൻ നമുക്കു തരണമെന്ന അപേക്ഷയ്ക്കു നമസ്കാരം.

അളവില്ലാത്ത സകല നന്മനിറഞ്ഞിരിക്കുന്ന കർത്താവേ! തന്റെ സകല നന്മകളേക്കാൾ ലോകത്തിൽ തൻെറ കൃപയും ദയവും വിളങ്ങുന്ന തമ്പുരാനെ! അനാദിയായിരിക്കുന്ന താൻ സ്നേഹത്തിന്നു യോഗ്യനല്ലാത്ത എന്നെ സ്നേഹിച്ചതിനാൽ ഈ സ്നേഹത്തിൻെറ ദൈവികനന്മയെക്കുറിച്ചു താൻ എൻെറ ഇരപ്പുകൾ കൈക്കൊള്ളണമെന്നു തന്നോടു ഞാൻ അപേക്ഷിക്കുന്നേൻ. അതെന്തന്നാൽ സകല നന്മസ്വരൂപിയായിരിക്കുന്നതിനാലെ വേറൊരു കാരണമില്ലാതിരുന്നാലും തൻെറ മേൽ എൻെറ ഉപവിയെല്ലാം വയ്ക്കുന്നതുകവണ്ണം അപേക്ഷിക്കുന്നേൻ. മാനുഷരാൽ തമ്പുരാനെ! തനിക്ക് ഒരു ഉപകാരമില്ലാ എങ്കിലും അവരുടെമേൽ അററമില്ലാത്ത കൃപയായിരി

കുന്നതിനാലെ ആ അററമില്ലാത്ത കൃപാകടാക്ഷത്തെ ഞാൻ കണ്ടു വേറൊരു നന്മകളെ ആഗ്രഹിക്കാതെ തമ്പുരാൻെറമേൽ സ്നേഹിപ്പാൻ കാരണമായിരിക്കും. ഇതിനെക്കൊണ്ടു് തമ്പുരാൻ കല്പിച്ച പ്രമാണങ്ങളെ എല്ലാം നടത്തുവാൻ വലിയ ആഗ്രഹമായിരിക്കുന്നേൻ. എന്നാൽ അതിനെ കുറവുകൂടാതെ നടത്തുവാൻ സഹായിക്കണമേ. ശേഷമുള്ളവരെയും തന്നെപ്രതി സ്നേഹിക്കുന്നേൻ. എൻെറമേൽ ദ്വേഷമുള്ളവൻ തൻെറ തിരുമനസ്സുള്ളവനാകകൊണ്ടു് സ്നേഹിക്കുന്നേൻ. എന്നെ സങ്കടംവരുത്തുന്നവൎക്കു് നല്ലമനസ്സോടുകൂടെ ഉപകാരം ചെയ്യുന്നേൻ. ഇനിക്കു സ്നേഹമായിരിക്കുന്നവരുടെ ഇഷ്ടത്താൽ എൻെറ ആത്മത്തിനു നന്മവന്നാലും ശത്രുക്കളുടെ ഉപദ്രവത്താൽ എൻെറ ആത്മത്തിനു അധികനന്മ ഉണ്ടാകേണമേ. ഇനിക്കു ശത്രുക്കളായിരിക്കുന്നവർ ഉൾപ്പെടെ എല്ലാവരുടേയും നന്മകളെക്കണ്ടാൽ സന്തോഷപ്പെടുന്നേൻ. അതെന്തന്നാൽ അവരെ എന്നെപ്പോലെ മാനുഷരായി ഒരമ്മയുടെ മക്കൾ തൻെറ രൂപമാകുന്ന ജ്ഞാനമുള്ളവരായിരിക്കുന്നതുമെന്നിയേ അവരെ സ്നേഹിപ്പാൻ കാരണമായിരിക്കും. അല്ലാതെ വേറേ പ്രകാരം വരാ. അതെന്തന്നാൽ ദ്യാവരനാകുന്ന ബാവായെ തനിക്കു ഞാൻ മകനായിരിപ്പാൻ പാത്രമല്ലാത്തവനായിരുന്നാലും എൻെറ ശക്തിക്കു തക്കവണ്ണം തനിക്കു മകനായിരിക്കുന്നുവെന്നും സ്നേഹത്തിനാൽ കാട്ടുന്നതക്കവണ്ണം എന്നോടു അനുഗ്രഹിക്കണമെന്നു എത്രയും വലിയ എളിമയോടും ആശയോടും ശരണത്തോടും തമ്പുരാനെ! തന്നോടു ഞാൻ അപേക്ഷിക്കുന്നേൻ.

പതിനെട്ടാം മുത്തുക്കൂടി.

## "പത്തൊമ്പതാം മുത്താകുന്നതു്"

പ്രധാന പുണ്യങ്ങളും അതിനെ തമ്പുരാനോടു പ്രാൎത്ഥക്കേണ്ടും പ്രകാരങ്ങളുമെററതിന്മേൽ തമ്പുരാനെക്കുറിച്ചു് ചെയ്യേണ്ടുന്ന പുണ്യങ്ങളാകുന്നതു് പത്തു്. ഈ പത്തു പുണ്യങ്ങളും പ്രധാനപ്പെട്ടതു് ആകുന്നതു്.

ഒന്നാമത്തു്—എല്ലാററിനെക്കാളും മുഴുവൻ മനസ്സോടുകൂടെ തമ്പുരാനെ സ്നേഹിക്കുന്നതു്.

രണ്ടാമത്തു്—തൻെറ തിരുമനസ്സിന്നു ചേരാത്ത ദോഷം ചെയ്യുന്നതിന്നു അററമില്ലാത്തവണ്ണം പേടിച്ചിരിക്കുന്നതു്.

മൂന്നാമത്തു്—തമ്പുരാൻെറ മഹിമ വിചാരിച്ചു് ആശ്ചയ്യപ്പെട്ടു തന്റെ തിരുമുമ്പിൽ മഹാ ഒടുക്കവണക്കത്തോടെയിരിക്കുന്നതു്.

നാലാമത്തു്—എല്ലാവരും തമ്പുരാന്നു പൂജചെയ്യണമെന്നു വലിയ ആസ്ഥയായിരുന്നു തനിക്കു ചെയ്യേണ്ടുന്ന ആരാധന ചെയ്യാതെയിരിക്കുന്നതു കണ്ടാൽ മഹാകോപമായിരിക്കുന്നതു്.

അഞ്ചാമത്തു്—താൻ നമുക്കു ചെയ്യുന്ന മനഗുണങ്ങളെ കൂടെക്കൂടെ ഓക്കുന്നതു്.

ആറാമത്തു്—പരിശുദ്ധതയോടു കൂടെ അററമില്ലാത്ത മനഗുണങ്ങളെക്കൊണ്ടു് തന്നെ സ്തുതിക്കുന്നതു്.

ഏഴാമത്തു്—താൻ കല്പിച്ച കായ്യങ്ങളെ ചുരുക്കോടെ ചെയ്യാൻ ഉറുതിയുള്ള കരുത്തോടേ ഇരിക്കുന്നതു്.

എട്ടാമത്തു്—ധമ്മകായ്യങ്ങളെ ശുദ്ധമനസ്സോടെ ചെയ്യുന്നതു്.

ഒമ്പതാമത്തു്—തൻെറ അററമില്ലാത്ത മനഗുണത്താലെ അത്രേ നമുക്കു മനഗുണം ചെയ്യുന്നുവെന്നു, തൻെറ മേൽ ശരണപ്പെടുന്നതു്.

തമ്പുരാനോടു് ഈ പുണ്ണ്യങ്ങളെ അപേക്ഷിക്കുന്നതിന്നു ചൊല്ലേണ്ടുന്ന നമസ്കാരമാകുന്നതു്. അനാദി പിതാവിൻെറ ഏകപുത്രനായിരിക്കുന്ന തമ്പുരാനെ! ഞാനസ്വരൂപിയാകുന്ന ഈശോമിശിഹായെ! മുഴുവൻ മനസ്സോടും ആത്മത്തോടും എൻെറ ശക്തിയൊക്കെയോടും കൂടെ തൻെറ മേൽ സ്നേഹിപ്പാനും ഭയപ്പെടുവാനും തൻെറ തിരുമുമ്പാകെ വലിയ ഒടുക്കവണക്കത്തോടെയിരിപ്പാനും തനിക്കു് സ്തുതിയുണ്ടാകണമെന്നു് ആഗ്രഹിച്ചു് തന്റെ തിരുമനസ്സിന്നു ചേരാത്ത കായ്യങ്ങളെ കണ്ടാൽ അററമില്ലാത്തവണ്ണം ദുഃഖിച്ചു് ആ ദുഃഖത്തിൻെറ മഹിമയാൽ എൻെറ ഹൃദയം തകന്നു പോവാനും അനുഗ്രഹിക്കേണമെ. ഇതെന്നിയേ ഞാൻ എളിമയോടും നന്നി

യൊള്ള ഹൃദയത്തോടും താൻ ഇനിക്ക ചെയ്ത മനഗുണങ്ങളെ ഓൎത്ത് നിരുവനയായും വചനത്തിനാലും നേരമൊക്കയിലും തമ്പുരാനെ സ്തുതിപ്പാനും തന്റെ പ്രമാണങ്ങളെ ലംഘിക്കാതെ തീവിരത്തോടും നല്ല മനസ്സോടും അതിന്നൊത്തവണ്ണം നടക്കയും ശ്രദ്ധകരുത്തോടുംക്രൂടെ തന്റെ തിരുമനസ്സിന്നൊത്ത കാൎയ്യങ്ങളെ ചെയ്യുകയും തന്റെ അററമില്ലാത്ത മനഗുണങ്ങളെ ശരണപ്പെടുകയും എന്തൊരു സങ്കടത്തിലെങ്കിലും തമ്പുരാനാൽ ഇനിക്ക സഹായം വരുമെന്നും വിചാരിച്ച് അതിൻവണ്ണമുള്ള ഞെരുക്കങ്ങളിൽ തമ്പുരാന്റെ തിരുമുമ്പാകെ തന്റെ തിരുസഹായം അപേക്ഷിപ്പാൻ ഇനിക്ക മനഗുണം ചെയ്യേണമേ. ഇതിൻവണ്ണം തമ്പുരാന്റെ മനഗുണത്താൽ ഈ പത്തു പുണ്യങ്ങൾ കുറയെന്നിയേ നടത്തിക്കൊണ്ടു് തമ്പുരാനെ! തന്റെ മേലുള്ള ഭക്തി വൎദ്ധിക്കണമേ.

പത്തൊമ്പതാം മുത്തുക്രൂടി.

## "ഇരുപതാം മുത്താകുന്നതു്"

അവനവൻ തന്നെ വിചാരിച്ച് ചെയ്യേണ്ടുന്ന പുണ്യങ്ങൾ ഏഴ്.

ഒന്നാമതു്—ദൃഢം വച്ച നാൾ തുടങ്ങിച്ചെയ്ത ദോഷങ്ങളെ ഓൎത്ത് നാണിച്ച് വലിയ തെററമായി ദുഃഖിക്കുന്നതു്.

രണ്ടാമതു്—അളവില്ലാത്ത സകലനന്മസ്വരൂപിയായിരിക്കുന്ന തമ്പുരാനു ഈ ദോഷങ്ങൾ മഹാനിന്ദയായിരിക്കുന്നതിനാലെ തന്റെ ആത്മത്തിന്നു വലിയ ഛേദം വരുമെന്ന് വിചാരിച്ച് മഹാതെററത്തോടു ക്രൂടെ ഇനി മേൽ പിഴക്കയില്ലെന്നു് നിശ്ചയിക്കുന്നതു്.

മൂന്നാമതു്—ശേഷമുള്ളവർ തങ്ങൾക്ക് ഉപകാരങ്ങൾ മുതലായിട്ടുള്ള നന്മകളെ ചെയ്വാൻ പാത്രമല്ലെന്നും എല്ലാവരും തന്നെ നിന്ദിപ്പാൻ ന്യായമുണ്ടെന്നും വിചാരിച്ച് താൻചെയ്ത ദോഷങ്ങൾക്ക് പ്രാച്ഛിത്തമായി ഇഹലോകത്തിൽ നിന്ദിക്കപ്പെടുവാൻ മനസ്സായിരിക്കുന്നതു്.

നാലാമത്തു് —ദോഷങ്ങൾക്കു് കാരണമായിരിക്കുന്ന തൻെറ ശരീരത്തെ ഒരു നേരമുള്ള നോമ്പുകളെക്കൊണ്ടു് അമർത്തുന്നതു്.

അഞ്ചാമത്തു് —തൻെറ ദോഷത്തിന്മേൽ പരിപൂർണ്ണദ്വേഷമായിരിന്നു അതിനെ നിർമ്മൂലമാക്കുവാൻ ശ്രമിക്കുന്നതു്.

ആറാമത്തു് —തൻെറ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും വലിയ എളിമയോടുകൂടെ നടത്തി അതിനാൽ തമ്പുരാൻെറ പ്രമാണങ്ങളും നീതിയും കടക്കാതെയിരിക്കുന്നതു്.

ഏഴാമത്തു് —തൻെറ സഞ്ചാരകാര്യ്യങ്ങളും ധനകാര്യ്യങ്ങളും ഏറെ കുറവു കൂടാതെ മര്യ്യാദയോടെ വിവേകിയായിരുന്നു തങ്ങളുടെ ശക്തിക്കൊത്തവണ്ണം നടത്തുന്നതു്.

ഇരുപതാം മുത്തുകൂടി.

## "ഇരുപത്തൊന്നാം മുത്താകുന്നതു്"—

ശേഷമുള്ളവരെ വിചാരിച്ചു ചെയ്യേണ്ടുന്ന പുണ്ണ്യങ്ങൾ ഏഴു്.

ഒന്നാമത്തു് —ശേഷമുള്ളവൎക്കു യാതൊരു വ്യാധിച്ഛേദങ്ങൾ, ഇതിൻവണ്ണമുള്ള സങ്കടങ്ങൾ വന്നാൽ തങ്ങൾക്കു വരുന്ന സങ്കടങ്ങൾ പോലെ ദുഃഖിക്കുന്നതു്.

രണ്ടാമത്തു് —ശേഷമുള്ളവൎക്കു നന്മ വന്നാൽ, തങ്ങൾക്കു നന്മ വരുമ്പോൾ സന്തോഷപ്പെടുന്ന പോലെ ശേഷമുള്ളവരുടെ നന്മമേൽ സന്തോഷമായിരിക്കുന്നതു്.

മൂന്നാമത്തു് —അറിഞ്ഞും അറിയാതെയും ശേഷമുള്ളവർ തങ്ങൾക്കു ഏറെക്കുറവു വരുത്തിയാൽ അതിനെ മനസ്സിൽ വിചാരിക്കാതെ നല്ല മനസ്സോടെ പൊറുക്കുന്നതു്.

നാലാമത്തു് —സാധുഗുണമായി എല്ലാവരോടും പെരുമാറി നല്ല വചനങ്ങളെക്കൊണ്ടു് എല്ലാവൎക്കും നന്മ വരുത്തേണമെന്നു ആശപ്പെട്ടു വചനം കൊണ്ടും പ്രവൃത്തികൊണ്ടും കാട്ടി അവരോടു ധൎമ്മപ്രകാരമായി പെരുമാറുന്നതു്.

അഞ്ചാമത്തു് —ശേഷമുള്ളവർ തങ്ങളേക്കാൾ വലിയവരെന്നും നല്ലവരെന്നും വിചാരിച്ചു് അവരവൎക്കു് അടുത്ത ആചാരം ചെയ്തുകൊണ്ടു നടക്കുന്നതു്.

ആറാമത്ത് — എല്ലാവരോടും ഒരുമനസ്സായിരുന്ന് ദോഷമില്ലാത്ത കാൎയ്യങ്ങളിൽ തൎക്കിക്കാതെ സംബന്ധമാകുന്ന കാൎയ്യങ്ങൾ പറകയും ആകാത്ത വചനങ്ങൾ പറയാതിരിക്കയും വേണം.

ഏഴാമത്ത് — പുണ്യ്യങ്ങൾക്ക് മാതിരികയായിരിക്കുന്ന ഈശോ മിശിഹാ പഠിപ്പിച്ച കാൎയ്യങ്ങളെ വിചാരിച്ച് ശേഷമുള്ളവരുടെ ആത്മം രക്ഷിപ്പാൻ പ്രയത്നം ചെയ്കയും സംഗതിവന്നാലവരുടെ ആത്മത്തെക്കുറിച്ച് പ്രാണനെ കൊടുത്തു് അവരുടെ ആത്മത്തെപ്രതി തമ്പുരാനോടു പ്രാൎത്ഥിക്കുന്നതു് ശേഷമുള്ളവരുടെ ആത്മത്തെ പ്രതി അത്രേ. പ്രയത്നം ചെയ്‌വാൻ കാരണമെന്തെന്നാൽ എല്ലാവൎക്കും ഒരു തമ്പുരാൻ അപ്പനായിരിക്കുന്നതു കൊണ്ടും ശുദ്ധമാനപള്ളിയിലുൾപ്പെട്ടവൎക്കൊക്കെ ശുദ്ധമാനപള്ളി മാതാവായിരിക്കുന്നതുകൊണ്ടും എല്ലാവൎക്കും ഈശോ മിശിഹാഗുരുവുമായി കൎത്താവുമായിരിക്കുന്നതുകൊണ്ടും സകല മാനുഷൎക്കും ദൈവികപ്രസാദമായിരിക്കുന്ന ഒരു വിശ്വാസം ഇതിനാൽ എല്ലാവൎക്കും മോക്ഷരാജ്യം അനുഭവിപ്പാൻ ശരണമുണ്ടു്. മാമോദീസാ മുങ്ങിയ ഹേതുവാൽ എല്ലാവരും തമ്പുരാൻെറ മക്കളായിരിക്കുന്ന മഹിമ കിട്ടുകയും ചെയ്തു. ദൈവിക ഭോജനമാകുന്ന ഈശോമിശിഹാടെ ശുദ്ധമാനശരീരം എല്ലാവൎക്കും ഒന്നായിരിക്കുന്നതുകൊണ്ടും ഇത്ര നന്മകളെല്ലാം ഒന്നായിരിക്കുന്നതിനാൽ ഒരു മനസ്സായി ഭേദംക്രൂടാതെ വിശ്വാസക്കാരരെല്ലാവരും അന്ന്യോന്ന്യം സ്നേഹമായിരുന്ന് ഒരുത്തരു് ഒരുത്തൎക്കു് ഉപകാരം ചെയ്യേണ്ടതിന്നു് പരിപൂൎണ്ണന്ന്യായമായിരിക്കുന്നു.

ഇരുപത്തൊന്നാം മുത്തുക്രുടി.

## "ഇരുപത്തിരണ്ടാം മുത്താകുന്നതു്"

എളിമയോടുകൂടെ നടക്കേണ്ടതിന്നു പഠിപ്പിക്കുന്ന പദാൎത്ഥ പുണ്യവഴിയിൽ വൎദ്ധിപ്പാൻ മനസ്സായിരിക്കുന്നവൻ ആത്മത്തിൻെറ കണ്ണാകുന്ന ബുദ്ധിയാൽ എളിമ എന്ന പുണ്യത്തെക്കണ്ടു് അതിനെ അനുഭവിപ്പാൻ ഉത്സാഹത്തോടുകൂടെ പ്രയത്നം ചെയ്കയും വേണം.

അതെന്തന്നാൽ ഈ പ്രധാനപുണ്യമാകുന്നതു് സകല പുണ്യങ്ങൾക്കും ആധാരമായിരിക്കും. അതായതു് ഉയൎന്ന രാജധാനിയാകുന്നതു് അടിസ്ഥാനമില്ലാതെ നില്ക്കുന്നില്ല. എന്നവണ്ണം തന്നെ എളിമയെന്ന പുണ്യമില്ലാതെ വേറൊരു പുണ്യവും ഉണ്ടാകയില്ല. മഴ വരിഷിച്ചാൽ വെള്ളമെല്ലാം താഴ്ചയുള്ളേടത്തു നില്ക്കും. എന്നവണ്ണം തമ്പുരാൻെറ പ്രസാദങ്ങളെല്ലാം ഉയൎന്ന മലപോലെ നികളമുള്ളവരുടെ ഇടത്തിൽ നില്ക്കാതെ എളിമയുള്ളവരുടെയിടത്തിൽ നില്ക്കയും ചെയ്യും. നമ്മുടെ പട്ടാംഗയായ ഈശോ മിശിഹാ ഈ എളിമ എന്ന നന്മ നമ്മെ പഠിപ്പിക്കേണ്ടതിന്നു പല പ്രകാരമായി വചനംകൊണ്ടും പ്രവൃത്തികൊണ്ടും പഠിപ്പിക്കയും ചെയ്തു. അതെന്തന്നാൽ മനസ്സാലെ എളിമ എന്ന പുണ്യം തന്നോടു പഠിക്കണമെന്നു അരുളിച്ചെയ്കയായതു് നാം മനസ്സാലെ എളിമയായിരിക്കണമെന്നു അരുളിച്ചെയ്തു. ഈ തിരുവചനത്തെ നാം വിചാരിച്ചു മുഴുവൻ മനസ്സോടുകൂടെ എളിമയായിരിക്കയും വേണം. അതെന്തന്നാൽ വചനത്താലെ എളിമയുള്ളവനെപ്പോലെ കാട്ടി മനസ്സിൽ നികളമുള്ളവനായിരുന്നാൽ എളിമക്കാൎക്കു വരുന്ന നന്മ കിട്ടുകയുമില്ല. പലർ തങ്ങളെ ദോഷക്കാരനെന്നും ഒന്നുമറിവാൻ വഹിയാത്തവനെന്നും വചനത്താൽ പറയുന്നു. അതിനെ മനസ്സിലില്ലെന്ന അടയാളമെന്തന്നാൽ ശേഷമുള്ളവർ തങ്ങളെ ചുരുങ്ങിയ ഒരു വചനം കവൎത്തി പറഞ്ഞുവെങ്കിൽ പുലികളുടെ കോപംപോലെ കോപിച്ചുകൊണ്ടു് ആ വചനം പറഞ്ഞവരെ പല വിധത്തിൽ ധിക്കാരം പറകയും ചെയ്യും. മനസ്സിൽ എളിമമുണ്ടാകിൽ ശേഷമുള്ളവർ തങ്ങളെ എന്തൊരു കുററം പറഞ്ഞാലും ആ കുററം തങ്ങൾ

ക്കില്ലെങ്കിലും അതിനേക്കാൾ ഏറിയ കുററം തനിക്കുണ്ടെന്നു വിചാ
രിച്ചു് എളിമയോടുകൂടെ ക്ഷമിക്കയും ചെയ്യും. എന്നാൽ വചന
ത്താൽ എളിമക്കാരനെപ്പോലെ ഏറിയ പേരുകളെ കാണും. പട്ടാം
ഗയാലെ മനസ്സോടുകൂടെ എളിമയുള്ളവരുടെ എണ്ണം ചുരുക്കമത്രേ
കാണുന്നതു്. ആകാശത്തിനും ഭൂമിക്കും ഉടയവനായിരിക്കുന്ന ഈശോ
മിശിഹാകർത്താവു് ഹീനമാകുന്ന കുരിശിന്മേൽ താൻ മരിപ്പോളം
തൂങ്ങിയിരിക്കയിൽ ദോഷകാരനുമായി ഹീനനുമായിരിക്കുന്ന മാനു
ഷൻ എളിമയോടുകൂടെ നടക്കാതെ നിന്നെ ഉയർത്തുന്നതു് ന്യായ
മാകയില്ല. ഇതെന്നിയേ നീതിമാനാകുന്ന തമ്പുരാൻ നികള
ക്കാരരായിരിക്കുന്നവരുടെ മേൽ എങ്ങിനെ ദ്വേഷിക്കുന്നു. അതിൻ
വണ്ണം തന്നെ എളിമയുള്ളവരുടെ മേൽ എന്തൊരു സ്നേഹമായി
രിക്കും. യാതൊരു വിശ്വാസക്കാരൻ എളിമയോടുകൂടെ താൻ
ദോഷക്കാരനെന്നും പിടിയാത്തവനെന്നും പുണ്യങ്ങൾ കുറഞ്ഞവ
നെന്നും ദോഷങ്ങളധികമുള്ളവനെന്നും എപ്പോഴും മനസ്സിൽ വിചാ
രിക്കുന്നോ അപ്പോൾ താൻ ചെയ്യുന്ന നന്മപ്രവൃത്തികൾ തമ്പു
രാന്റെ തിരുമുമ്പാകെ അധികമാകുന്ന ഫലങ്ങളാൽ പുണ്യമായി
മേല്ക്കുമേൽ എളിമയിൽ വൎദ്ധിക്കുന്നവൻ സകല പുണ്യങ്ങളാൽ
അധികമായി തമ്പുരാന്റെ കൃപാകടാക്ഷവും അതിനാൽ വരുന്ന
ദൈവപ്രസാദങ്ങളുമനുഭവിക്കയുമാം. എളിമയെന്ന പുണ്യങ്ങളാൽ
ചൈത്താന്റെ പത്രുക്ഷകൾ ജയിക്കയും ശേഷമുള്ളവൎക്കു് ഉപകാരം
ചെയ്യുന്നതിൽ എളിമയാൽ താൻ അവരുടെ കീഴമൎന്നു നടന്നാൽ
തന്റെ മേൽ എല്ലാവൎക്കും സന്തോഷമായിരിക്കയും എളിമയാൽ
നടക്കുന്നവൻ നികളക്കാരുടെ എടയിൽ സഞ്ചരിച്ചാലും പകയുണ്ടാ
കയുമില്ല. ദോഷക്കാരെ എളിമയാൽ തങ്ങളുടെ വശത്താക്കയുമാം.
എളിമയാൽ നടക്കുന്നവൻ തങ്ങളുടെ പററിലുള്ള ഗുണങ്ങളെയും
പുണ്യങ്ങളെയും വിചാരിക്കാതെ തങ്ങളുടെ കുററങ്ങളയും പുണ്യക്കുറ
ച്ചിലുകളെയും കണ്ടു് എളിമയോടുകൂടെ നടക്കയും താൻ വലിയ
ദോഷക്കാരനെന്നു വിചാരിക്കയും ചെയ്യും. നികളക്കാരൻ തന്റെ
ദോഷങ്ങളെക്കാണ്മാൻ കണ്ണില്ലാത്തവനെപ്പോലെ തന്റെ പററി
ലുള്ള ദോഷങ്ങളൊന്നും കാണാതെ നല്ല ബുദ്ധി ചൊല്ലുന്നവരെ

ദ്വേഷിക്കയും ചെയ്യും. പത്താംഗയാലെ എളിമയുള്ളവൻ കപടം കൂടാതെ നിർമ്മലമനസ്സായിരിക്കയും തൻശക്തിയാൽ തന്നെ പുണ്യങ്ങളെ ചെയ്യാമെന്ന് നികളപ്പെട്ടകയുമില്ല. പുണ്യവഴിയിൽത്തന്നെ എത്ര നടന്നാലും ഇഹലോകത്തിങ്കൽ നേരം പോക്കുന്ന അടിമ എന്നപോലെ തങ്ങളെ വിചാരിക്കയും ചെയ്യും. സത്യത്താൽ എളിമയുള്ളവൻ ലോകത്തിങ്കൽ വരുന്ന ബഹുമാനത്തിന്നിടം കൊടുക്കയുമില്ല. അതെന്തന്നാൽ തന്നെ ബഹുമാനത്തിന്ന പാത്രമല്ലെന്നും തമ്പുരാനെത്രെ സ്തുതികൾക്കും പൂജയ്ക്കും യോഗ്യമുള്ളവനെന്നും മാനുഷൻ തന്റെ ദോഷങ്ങളാൽ നിന്ദയ്ക്കും അപമാനത്തിന്നും പാത്രമായിരിക്കയുള്ളു. അതെന്തന്നാൽ സകലത്തിന്നും തമ്പുരാൻ പ്രധാനപ്പെട്ടിരിക്കുന്നതെന്നിയേ മാനുഷന്ന അതിന്ന പാത്രമല്ല. ദോഷത്തിന്ന മാത്രം കാരണമായിരിക്കും. എളിമയാൽ നടക്കുന്നവനെ ഉടുക്കുന്ന വസ്ത്രങ്ങളാലും, ധനമുള്ളവൻ എളിമയോടുകൂടെ പെരുമാറുന്നതിനാലും ചിരിക്കുന്നതിനാലും പറയുന്നതിനാലും കാട്ടുകയും ചെയ്യും. നല്ല വൃക്ഷവും ആകാത്ത വൃക്ഷവും അതിന്റെ ഫലങ്ങളറിയപ്പെട്ടംവണ്ണം മേൽപ്പറഞ്ഞ കാര്യങ്ങളാൽ എളിമക്കാരെ അറിയപ്പെട്ടകയുമാം. എന്നതുകൊണ്ട് വിശ്വാസക്കാരെ! വിചാരങ്ങളാലും വചനങ്ങളാലും ഇഷ്ടങ്ങളാലും എളിമയോടുകൂടെ നടക്ക. എളിമയോടുകൂടെ നടന്നാൽ അററമില്ലാത്ത ദയ്വപ്രസാദവും തമ്പുരാന്റെ അനുഗ്രഹം മുതലായിട്ടുള്ള നന്മകൾക്കും പാത്രമായിരിക്കയും ചെയ്യും.

ഇരുപത്തിരണ്ടാം മുത്തു കൂടി.

## "ഇരുപത്തിമൂന്നാം മുത്താകുന്നതു്"

എളിമ പുണ്യങ്ങളെ തമ്പുരാനോട്ട പ്രാർത്ഥിക്കേണ്ടുന്ന നമസ്കാരം.

മധുരമായിരിക്കുന്ന ഈശോ അനാദിയാകുന്ന ബാവായ്ക്കു ഏക പുത്രനായിരിക്കുന്ന തന്റെ അററമില്ലാത്ത മഹത്വം മാനുഷരൂപത്തിൽ മറച്ച് എളിമയെന്ന പുണ്യത്തെ പഠിപ്പിക്കുന്ന ദൈവികമ

ല്പാനായിരിക്കുന്ന താൻ ഈ കാരണത്താൽ ഉന്നതമായിരിക്കുന്ന പരലോകത്തിൽനിന്നിറങ്ങി ഒരു തൊഴുക്കൂട്ടിൽ പിറന്നതും ദോഷകാരനെപ്പോലെ വറുഗീസ് കയ്യേറ്റതും മാതാവിനാൽ ഓറശ്ലേം പള്ളിയിൽ ബാവാ തമ്പുരാന്റെ തിരുമുമ്പാകെ കാഴിച്ച വച്ചതും അടിമക്കാരനെപ്പോലെ ഒരു പ്രാവിനാൽ വീണ്ടുകൊണ്ടതും ബലമില്ലാത്തവനെപ്പോലെ എശിത്തുദേശത്തിൽ വാങ്ങിപ്പാർത്തതും ദോഷകാരനെപ്പോലെ യോഹന്നാൻ മാന്ദാനാടെ കയ്യാൽ മാമ്മോദീസാ മുങ്ങിയതും ദാരിദ്ര്യരായിരിക്കുന്ന മാതാവിനെ തിരിഞ്ഞുകൊണ്ടതും മാലാകമാരാൽ സ്തുതിക്കപ്പെടുന്ന താൻ ദാരിദ്ര്യരായിരിക്കുന്ന ശ്ലീഹന്മാരോടുകൂടെ ദാരിദ്ര്യരയത്തിന്നൊത്തിരിക്കുന്ന വേഷത്തോടുകൂടെ ഇഹലോകത്തിൽ സഞ്ചരിച്ചതും സകലത്തിന്നും കർത്താവായിരിക്കുന്ന താൻ അല്പരായിരിക്കുന്ന മാനുഷരുടെ കാലുകളെ കഴുകിയതും തമ്പുരാനെപ്രതി ക്ഷമയോടുകൂടെ വ്യാപരിക്കേണ്ടതിന്നു ഇപ്രകാരത്തിൽ പഠിപ്പിച്ചതും ഇത്ര പ്രയത്നത്താൽ താൻ പഠിപ്പിച്ച പക്ഷത്തെ നാം മനസ്സിൽ ധരിച്ചു മറഞ്ഞിരിക്കുന്ന ഈ ദ്രവ്യമെന്ന എളിമയെ അനുഭവിച്ചവനായി തന്റെ അടിമകൾക്കെല്ലാ എന്നെ വയ്ക്കണമെന്നു വിചാരിച്ച് നിന്ദപ്പെടണമെന്നു മനസ്സുള്ളവനായി നിന്ദിക്കപ്പെടുന്ന സമയങ്ങളിൽ സന്തോഷത്തോടുകൂടെ എങ്കിലും ക്ഷമയോടുകൂടെ എങ്കിലും ഇരുന്നു തങ്ങളുടെ ഇടത്തിൽനിന്നു നികളത്തെ തള്ളിക്കളകയും ശേഷമുള്ളവർ വലിയവരെന്നും താൻ ദോഷകാരനെന്നും ക്ഷമയില്ലാത്തവനെന്നും വിചാരിച്ച് മനസ്സാലയും വാക്കിനാലയും നടക്കുന്നതിനാലയും നോക്കുന്ന കണ്ണുകളാലയും എളിമയായിരിക്കേണ്ടതിന്നു തമ്പുരാനെ മനഗ്ഗുന്നം ചെയ്യണമെന്നു തന്നോടു അപേക്ഷിക്കുന്നേൻ.

## ഇരുപത്തിമൂന്നാം മുത്തു കൂടി.

# "ഇരുപത്തിനാലാം മുത്താകുന്നതു്"

നികളത്താൽ വരുന്ന ദോഷങ്ങൾ നികളമാകുന്നതു്.

സകല ദോഷങ്ങൾക്കും മൂല പോലെയിരിക്കുന്നതിനാൽ ഇങ്ങിനെയുള്ളവരിൽനിന്നു് മരത്തിൻെറ കളകൾ പുറപ്പെടുന്നപോലെ സകല ദോഷങ്ങളും പുറപ്പെടുന്നതു് എന്നതിനെക്കൊണ്ടു് ദോഷങ്ങളെയും ഉപേക്ഷിപ്പാൻ നല്ല മനസ്സുള്ള വിശ്വാസക്കാരൻ ദോഷങ്ങളുടെ വേരായിരിക്കുന്ന നികളത്തെ തങ്ങളുടെയിടത്തിൽനിന്നു പറിച്ചു നീക്കുവാൻ പ്രയത്നം ചെയ്കയും വേണം. ശുദ്ധമാകപ്പെട്ട ഒരു പുണ്യവാളൻ അരുളിച്ചെയ്യുന്നതു്.

നികളമാകുന്നതു് ലോകത്തിലുള്ള മാനുഷരെ കെടുപ്പാൻ പിശാചിന്റെ ഉപായമായിരിക്കുന്നതു്. അതെന്തന്നാൽ ഈ നികളം തന്നെ തമ്പുരാൻെറ അനുഗ്രഹം ഇല്ലാതെ ആക്കുന്നതും സകല നിഷ്ഠൂരങ്ങളെ ഉണ്ടാക്കുന്നതുമെന്നിയേ എല്ലാ ദോഷങ്ങൾക്കു് ഇരിപ്പിടമായിരിക്കയും ചെയ്യും. ഇതിനാൽ തമ്പുരാൻെറ തിരുവുള്ളക്കേടുവരുത്തിവയ്ക്കുന്ന നിഷ്ഠൂരങ്ങളെല്ലാം ഉത്ഭവിക്കയും ചെയ്യും. അതായതു് അനുഗ്രഹമെന്നിയേ ശേഷമുള്ളവരുടെ കുററങ്ങളെ വിചാരിച്ചു് ന്യായമില്ലാതെ വിധിക്കയും പുണ്യങ്ങൾക്ക ചെയ്ത പ്രയത്നങ്ങളും അതിനാലുണ്ടായ നന്മകളാകുന്ന അഴിവില്ലാത്ത ആഭരണങ്ങളും ഇല്ലാതെയാക്കുമെന്ന മേൽപറഞ്ഞ മഹാശാസ്ത്രി അരുളിച്ചെയ്കയും ചെയ്തു. ഈവണ്ണമുള്ള അതിക്രമങ്ങൾ മുതലായിട്ടുള്ള തിന്മകൾ നികളത്താൽ വരുമെന്നു് വിചാരിച്ചു് നികളത്തിന്മേൽ മഹാകാരക്ഷമായിരുന്ന തമ്പുരാൻെറ തിരുവുള്ളക്കേടു വരുത്തുന്ന ഈ ദോഷത്തെ ഇല്ലാതാക്കുകയും എന്നാൽ ഇത്ര വലിയ അവലക്ഷണമാകുന്ന നികളമെന്ന ദോഷത്തെ ഇല്ലാതെയാക്കുവാൻ ഉപായമെന്തെന്നാൽ ഇത്ര നാശം വരുത്തുന്ന നികളത്തെ ഇല്ലാതെയാക്കുവാൻ മനസ്സുള്ളവൻ തങ്ങൾ ചെയ്തിരിക്കുന്ന ദോഷങ്ങളെയും ശരീരത്തിൻെറ ശക്തിക്ഷയവും ലോകത്തിൽ വാഴുന്ന ക്രമങ്ങളെയും നിനച്ചിരിയാതെ വരുന്ന മരണത്തെയും നീതിയോടുകൂടെയുള്ള വിധിയെയും കൂടെക്കൂടെ ഓർത്തു് വിചാരിച്ചു് തൻെറ പററിലുള്ള ദോഷ

ങ്ങളുടെ കഷ്ടതയും പുണ്യങ്ങളുടെയും ദാരിദ്ര്യത്തെയും ആകാത്ത ഇഷ്ടങ്ങളെയും പുണ്യപ്രതിജ്ഞയിൽ നിശ്ചയമില്ലാത്തതിനെയും ശേഷം കാര്യങ്ങൾ നടത്തുന്നതിൽ ബുദ്ധിയില്ലാത്തതിനെയും തങ്ങളുടെ ഇഷ്ടം പോലെ നടക്കുന്നതിൽ ആശവരുത്തുന്നതും ശേഷമുള്ളവരുടെ മേൽ ദൂഷണം പറയുന്നതും വലിയ ക്രമക്കേടോടു കൂടെ പുണ്യങ്ങളെ ചെയ്യുന്നതും മര്യാദ എന്നിയെ തന്റെ തൊഴിൽ ഇല്ലാതെയാക്കുന്നതും ഇവയൊക്കെയും നല്ലവണ്ണം വിചാരിച്ചു പുണ്യങ്ങളിൽ എത്ര ചെറിയവനെന്നോർത്തു തന്റെ എണ്ണങ്ങളിൽ ന്യായമില്ലാത്ത എത്ര കണക്കുകളുണ്ടെന്നും നിരൂപിച്ച് ഇഹലോകത്തിൽ ഇത്ര നാശം വരുത്തുന്ന നികളത്തെത്തള്ളിക്കളഞ്ഞാൽ എളിമയെന്ന പുണ്യത്തെ രക്ഷിക്കയുമാം.

ഇരുപത്തിനാലാം മുത്തു കൂടി.

## "ഇരുപത്തഞ്ചാം മുത്താകുന്നതു്"

മോഹത്തിനാൽ വരുന്ന ദോഷങ്ങൾ.

മോഹമെന്ന ദോഷം മഹാ അശുദ്ധമായി അവലക്ഷണവുമായി അനേകം നാശങ്ങൾക്ക് കാരണവുമായിരിക്കും. അതായതു്

ഒന്നാമതു്—ബുദ്ധിമയക്കം വരുത്തി ആത്മകാര്യങ്ങൾ എന്തെന്നു തിരിയുകയുമില്ല.

രണ്ടാമതു്—പുണ്യകാര്യങ്ങളെ ചെയ്യുന്നതിൽ മനസ്സിന്നു സുഖമില്ലാതെ പല വിചാരങ്ങളായിരിക്കും.

മൂന്നാമതു്—ഇഷ്ടങ്ങൾ മനസ്സെ വലിക്കുന്ന സ്ഥലങ്ങളിൽ ഒന്നും വിചാരിക്കാതെ പോകുന്നതു്.

നാലാമതു്–നന്മപ്രവൃത്തികൾ ചെയ്വാൻ തുടങ്ങിയാൽ ഭക്തിയോടു കൂടെ അതിനെ ചെയ്യാതെ ഒരു അല്പകാര്യം ഹേതുവായിട്ടെങ്കിലും അതിനെ വിട്ടുകളയുന്നതു്.

അഞ്ചാമതു്—തങ്ങളുടെ ശരീരത്തിന്മേൽ അധികപക്ഷമായിരിക്കുന്നതു്.

ആറാമതു്—ലോകത്തിലുള്ള സുഖങ്ങളെ വലുതായി വിചാരിച്ച് അതിന്മേലാഗ്രഹവും സന്തോഷവും ഉണ്ടാകുന്നതു്.

ഏഴാമത്തു്—മരണത്തിന്മേൽ വലിയ ഭയമായിരിക്കുന്നതു്.

എട്ടാമത്തു്—മോഹത്തിന്നടുത്ത ഭോജനങ്ങൾ വിലക്കിയ തമ്പുരാൻെറമേൽ ഒരു പ്രകാരമായി കോപമായിരിക്കും. ഇതിനെക്കൊണ്ടു് ഇത്ര വലിയ നാശം നിനക്കു വരാതിരിപ്പാൻ നിൻെറ മനസ്സാൽ ഈ ദോഷത്തെ വെറുക്കുകയും അതിന്മേൽ കാരഷ്യമായിരിപ്പാനുപായം വിചാരിച്ചു് ആ ഹേതുവാൽ വലിയ ആദരവോടുകൂടെ ഉടയവനാകുന്ന തമ്പുരാനോടു പ്രാൎത്ഥിക്കയും വേണം. അതെന്തെന്നാൽ ഈ ദോഷം തമ്പുരാനു മഹാതിരുവുള്ളക്കേടുള്ളതുമായി നിൻെറ ആത്മത്തിന്നു ബഹുനാശങ്ങൾ വരുത്തിവെയ്ക്കുന്നതുമെന്നിയേ ലോകരാൽ ദൂഷണിക്കപ്പെട്ടുകയും ആഗ്രഹവും ആഭരണങ്ങളും ശരീരശക്തിയേയും കെടുത്തു് ബഹുമാനത്തെ നഷ്ടമാക്കുകയും മോഹമെന്ന ഈ ദോഷം നരകത്തിൻെറ അഗ്നിക്കു് ശരിയായിരിക്കും. ഈ അഗ്നിക്കു് ഭോജനപ്രിയം അതായതു് കൊതിയെന്നതു് വിറകായിരിക്കുന്നു. ആകാത്ത ഇഷ്ടങ്ങൾ അതിന്നു തീ കൊളുത്തുന്നതായിരിക്കും. അതിന്നുള്ള തീപ്പൊരികളുന്തന്നാൽ മോഹവചനങ്ങളും വൎത്തമാനങ്ങളും അതിന്നുള്ള തീപ്പൊരികളായിരിക്കും. അതെന്തെന്നാൽ തീയുടെ സ്വഭാവം എന്തിട്ടാലും വെണ്ണീറാക്കുകയും ചെയ്യും. എന്നാവണ്ണം തന്നെ മോഹമെന്ന അഗ്നി സകല തപസ്സുപുണ്യങ്ങളെയില്ലാതെയാക്കി നരകഅഗ്നിക്കു പാത്രമാക്കുകയും ചെയ്യും. ഇതിൻവണ്ണമുള്ള മോഹഅഗ്നിയാൽ ശരീരത്തിന്നു അസാരം സുഖമനുഭവിക്കുന്ന ഹേതുവാൽ ഒടുക്കത്തിൽ ബഹുവേദന വരുത്തിവയ്ക്കുയും ചെയ്യും. ഈ ദോഷമെന്ന വലിയ കരുട്ടതത്തിനാലെ ഉടയതമ്പുരാൻെറ പ്രമാണങ്ങളോടു മറുക്കുകയും പുണ്യങ്ങൾ മരിക്കയും ശരീരത്തിൻെറ ശക്തിയും പ്രകാശവും കുറയ്ക്കയും ബുദ്ധിയെ മയക്കി

# നായിക്കന്മാരുടെ തിരുവിതാംകൂർ ആക്രമണം

(ഇരവിക്കുട്ടിപ്പിള്ളപ്പാട്ടിനെയും മററും ആസ്പദമാക്കി)

ശൂരനാട്ട കുഞ്ഞൻപിള്ള

കൊല്ലവർഷം ഒൻപതാം നൂററാണ്ടു് വേണാട്ടിൻെറ ചരിത്രത്തിൽ ഒരു സംഘട്ടന കാലമായിരുന്നു. അന്നു പാണ്ടിനാട്ടിൽ പ്രതാപത്തോടെ വാണിരുന്ന മധുരനായിക്കന്മാരുടെ ദുർമ്മോഹങ്ങളെയും ധനതൃഷ്ണയെയും ഇന്നാട്ടിലെ ഐശ്വര്യം കൂടക്കൂടെ ഇളക്കിവിട്ടു. പാണ്ടിനാട്ടിനോടു തൊട്ടുകിടക്കുന്ന നാഞ്ചിനാടു് കൊള്ളയടിക്കാൻ കൊള്ളാവുന്ന ഒരു ദേശമാണെന്നു മധുരക്കാർ മനസ്സിലാക്കി. ആ ഉദ്ദേശത്തോടെ അവർ പലപ്പോഴും ആരുവാമൊഴി കടന്നു് നാഞ്ചിനാട്ടു വന്നു. വടുകപ്പടയെ നേരിടാൻ അപ്പോഴൊക്കെ വേണാട്ടുപട മുതിരേണ്ടതായും വന്നു. ഈ സംഭവങ്ങൾ ഇന്നത്തെ ചില ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ മധുരയുടെ മഹാവിജയങ്ങളായും വേണാട്ടിൻെറ പരമ പരാജയങ്ങളായും മാറിയിരിക്കുന്നു. അന്നത്തെ സംഭവങ്ങളെപ്പററി ചിന്നിച്ചിതറിക്കിടക്കുന്ന രേഖാശകലങ്ങളെ ഞെക്കിപ്പിഴിഞ്ഞു് എടുക്കാവുന്നിടത്തോളം ചരിത്രസാരം കാഴ്ചവയ്ക്കണമെന്നു മാത്രമല്ല ആ ചരിത്രകാരന്മാരുടെ ഉദ്ദേശം. അവരവരുടെ മനോധർമ്മമാകുന്ന മായം ധാരാളം ചേർത്തു് അഭിമതമായ ഒരു ചരിത്രവ്യാപാരം നടത്താനാണു് അവരുടെ യത്നമെന്നു തോന്നിപ്പോകും. മധുരനായിക്കന്മാരുടെ ചരിത്രം രചിച്ച ചില പണ്ഡിതന്മാരുടെ പ്രസ്താവങ്ങളിൽ നിന്നാണു് ഇങ്ങനെ ഒരു അഭിപ്രായം പറയണമെന്നു തോന്നിപ്പോയതു്. നമുക്കു് അക്കാലങ്ങളിലേക്കു് ഒന്നു തിരിഞ്ഞു നോക്കാം.

ഒൻപതാം നൂററാണ്ടിൻെറ ആദ്യം, അതായതു് കൊല്ലവർഷം 810-ാ മാണ്ടു്, മധുരപ്പട നാഞ്ചിനാട്ടു കടന്നു പാളയമടിച്ചു കൊള്ളയടിച്ചു എന്നു രേഖയുണ്ടു്. നാഞ്ചിനാട്ടു് പെരിയവീട്ടുമുതലിയാരുടെ വക ഒരുപഴയ ഓലയാണു് ഇതിനു് ആധാരം. വേണാട്ടു മഹാ

രാജാവിനെ കൽക്കുളം കൊട്ടാരത്തിൽ ചെന്നുകണ്ടു് മംഗലത്തിനും മണക്കുടിക്കും ഇടയ്ക്കുള്ള നാഞ്ചിനാട്ടുകാർ തിരുമലനായ്ക്കൻെറ പട കയറി കൊള്ളയടിച്ചതുകൊണ്ടു് 810-ാം മാണ്ടു് കന്നിപ്പൂവും കുംഭപ്പൂവും തകരാറിലായ സങ്കടം ബോധിപ്പിച്ചു. ആ സങ്കടം കേട്ടിട്ടു് മഹാരാജാവു ചില കരമൊഴിവുകൾ ചെയ്തുകൊടുക്കുന്നതാണു് രേഖയിൽ പറഞ്ഞിട്ടുള്ളതു്. നാഗമയ്യായും, സദസ്യതിലകൻ ടി. കെ. വേലുപ്പിള്ളയും ഈ രേഖയുടെ തർജ്ജമ ഉദ്ധരിച്ചിട്ടുണ്ടു്.

"തിരുമലനായ്ക്കൻ പടൈ കൊണ്ടുവന്ന ഏതുവാൽ എണ്ണൂററി ഒരുപതാമാണ്ടു കാർ തരിശുവിഴന്ത പശാനം പയിരേററുവാൻ കാല പിർപ്പാടായിരിക്കൈകൊണ്ടു മണവാരിയും ചമ്പാവും അതിക്കരാതിയും വിതച്ചു പുഴക്കോളായി പോകകൊണ്ടു പോതരവു ഇല്ലാഴിക കൊണ്ടും നോവുനൊമ്പലം ഉണ്ടായി മങ്കലം മുതൽ മണക്കുടി വരെയും പെരുമ്പററു്തളി ചങ്കേതം ഉൾപ്പെട്ട നാട്ടാർ കൽക്കുളത്തു നാമിരിക്കുന്നിടത്തു വന്തു തങ്കടം പറകയാൽ എണ്ണൂററി ഒരുപതാ മാണ്ടു പശാനം ഒരുപ്പൂ മേൽവാരം വേണ്ടാമെൻറു പശാനം മേൽ വാരമായ് അളക്കമാറും ചെയ്തു. ഇതു എണ്ണൂററി ഒരുപതാമാണ്ടു മാശിമാസം 22-ാം തീയതി കല്പിത്തമൈയ്ക്കു ഈ വകപ്പടിയെ മങ്കലം മുതൽ മണക്കുടിവരെ പെരുമ്പററത്തളി ചങ്കേതം ഉൾപ്പെട്ട പശാനം മേൽവാരമാക അളക്കമാറും കല്പിച്ചു. ഇച്ചെയ്തിചൊല്ലി നാഞ്ചിനാട്ടു മങ്കലം മുതൽ മണക്കുടിവരെ പെരുമ്പററത്തളി ചങ്കേതം ഉൾപ്പെട്ട വടവകൈ തെൻവീതി നാട്ടാക്കു നീട്ടെഴുതിവിട്ട എൻറു തിരുവുള്ളമായ നീട്ടു്."

നായിക്കൻെറ പട നാഞ്ചിനാട്ടു് ആക്രമിച്ചു എന്നുള്ളതിനു് ഇതു തെളിവാണു്. എന്നാൽ ഇതു് ആക്രമണത്തിനു മാത്രമേ തെളിവാകുന്നുള്ളു. ആക്രമണത്തിൻെറ കാരണത്തെപ്പററി യാതൊരു സൂചനയും തരുന്നില്ല. മധുരനായ്ക്കന്മാരുടെ ചരിത്രം രചിച്ച സത്യനാഥയ്യർ ഈ രേഖയെ എടുത്തുകൊണ്ടു് ചില സങ്കല്പപ്രസ്താവങ്ങൾ നടത്തുന്നു. മധുരയ്ക്കു് പതിവനുസരിച്ചു കൊടുക്കാനുള്ള കപ്പം കൊടുക്കാൻ വേണാട്ടു് അന്നു വിസമ്മതിച്ചിരിക്കും എന്നാണു് ചരിത്രകാരനു തോന്നുന്നതു്. അതുപോലെ തന്നെ ആ ആക്രമണത്തിൽ

തിരുമലനായ്ക്കന്റെ സൈന്യങ്ങൾക്കു വിജയം സിദ്ധിച്ചിരിക്കുമെന്നും അദ്ദേഹത്തിനു തോന്നുന്നു. ഈ തോന്നലുകൾക്കു വേണ്ട താങ്ങുണ്ടോ എന്നാണു സംശയം. ശ്രീ സത്യനാഥയ്യരുടെ ഈ പ്രസ്താവനകളെ തിരുവിതാംകൂർ സ്റ്റേററുമാനുവലിന്റെ കർത്താവായ സദസ്യതിലക ടി. കെ. വേലുപ്പിള്ള പരിശോധിക്കുന്നുണ്ട്. 810-മാണ്ടു തിരുമല നായ്ക്കന്റെ സൈന്യം നാഞ്ചിനാട്ട് ആക്രമണം നടത്തി എന്നതിൽ കവിഞ്ഞു യാതൊന്നും ഈ രേഖയിൽനിന്നോ മററു രേഖകളിൽ നിന്നോ തെളിയുന്നില്ല. തിരുവിതാംകൂർ പതിവായി കപ്പം കൊടു ക്കുന്നു എന്ന ധാരണ വേറെ തെററായ ചില ധാരണകളെ ആസ്പദ മാക്കിയിട്ടുള്ളതാണ്. മധുരനായിക്കന്മാർ വിജയനഗരരാജാക്കന്മാ രുടെ പ്രതിനിധികളായിട്ടാണ് തെക്കേ ഇൻഡ്യയിൽ അധികാരം ഉറ പ്പിച്ചത്. വിജയനഗരം, തിരുവിതാംകൂറിനെ തോല്പിച്ചു കപ്പം വാങ്ങിച്ചുവെന്നു ചില ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. അങ്ങനെ യുള്ള വിജയനഗരത്തിന്റെ പ്രതിനിധികളായ നായിക്കന്മാൎക്കും ആ കപ്പം കൊടുക്കേണ്ടതല്ലേ? യുക്തി ശരി തന്നെ. എന്നാൽ വിജയ നഗരവും തിരുവിതാംകൂറുമായിട്ടുള്ള ബന്ധം ഇത്ര നിർവിവാദമായി അംഗീകരിക്കാവുന്നതല്ല. അന്യോന്യം തോററും തോല്പിച്ചും കഴി ഞ്ഞു കൂടിയ ബന്ധമാണ് അവൎക്കുള്ളത്. തിരുവിതാംകൂർ എന്നും അടിപണിഞ്ഞ് വിജയനഗരത്തിനു കപ്പം കൊടുത്തുവെന്ന് നിഷ്പക്ഷമതിയായ ചരിത്രകാരനു സ്വീകരിക്കാൻ സാദ്ധ്യമല്ല. വിജയനഗരത്തിന്റെ കഥ ഇങ്ങനെയിരിക്കെ മധുരനായിക്കന്ന് വേണാട്ടിൽനിന്നും കപ്പം പിരിക്കാനുള്ള അവകാശം നായിക്കന്റെ ചരിത്രകാരൻ കൊടുക്കുന്നതു മാത്രമായിരിക്കണം. എന്നാൽ വേണാ ട്ടിന്റെ സൈന്യങ്ങൾ ആ അവകാശവാദം അംഗീകരിച്ചിരുന്നില്ല. 810-ാമാണ്ടു പാണ്ടിപ്പട നാഞ്ചിനാട്ടു വന്നെന്നും ഇരവിക്കുട്ടിപ്പിള്ള യുടെ കീഴിൽവേണാട്ടുസൈന്യം അവരെ തോല്പിച്ചുവെന്നും ഇരവി ക്കുട്ടിപ്പിള്ളപ്പാട്ടിൽനിന്നും വ്യക്തമാകുന്നുണ്ട്.

'നേശമുററ കൊല്ലം എണ്ണൂററി ഒരുപതാമാണ്ട്
നിരംപിട ആനിമാസം പതിനെട്ടാം തേതി തന്നിൽ
വാശമൊത്ത രവിതിരുമകരാണ്ട പരികരവും
പെരുമ്പടയുമമാച്ചർതാനും പാളയക്കാരെ

പശൽ വിട്ടു തോവാളപ്പൂറം വിട്ടോടി
പുരവി ചേൎത്തു പിടിത്ത കത പുകലിൻേറനെ.'

അന്നു വേണാട്ടുരാജാവു് തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരഇരവി ഇരവിവൎമ്മ ചിറവാ മൂത്തതിരുവടി ആയിരുന്നു. ദേശിങ്ങനാട്ടു തിരുവടിയായ ശ്രീ ഉണ്ണിക്കേരളവൎമ്മയും ഭരണകാൎയ്യങ്ങളിൽ രവിവൎമ്മയോടു ചേൎന്നു പ്രവൎത്തിച്ചിരുന്നു. മധുരാധിപനായ തിരുമലനായിക്കൻ കൊ. വ. 798-ൽ ഭരണഭാരമേററു. മൈസൂർ, തിരുവിതാംകൂർ തുടങ്ങിയ അയൽരാജ്യങ്ങളിലും തൻെറ ആധിപത്യം സ്ഥാപിക്കണമെന്നു് കടുകട്ടിയായ ആഗ്രഹമുണ്ടായിരുന്ന തിരുമലനായിക്കൻ ആദ്യം വേലയ്യന്റെ കീഴിൽ ഒരു പടയെ നാഞ്ചിനാട്ടേക്കു് അയച്ചു.

വെപ്പുംതിറ കേരള പടയോടെ
വേലയ്യൻ തിട്ടനെ വെട്ടിപ്പട്ടും പോനാൻ.

വേലയ്യനെ അങ്ങനെ വേണാട്ടുസൈന്യം തോല്പിച്ചുകൊന്നു. ഇതു തിരുമലയുടെ വീൎയ്യത്തെയും കോപത്തെയും തട്ടിയുണൎത്തി. വേലയ്യന്റെ വധത്തിനു പക വീട്ടാനും വേണാടിനെ അടിപണിയിക്കാനും തിരുമല പിന്നെ രാമയ്യനെത്തന്നെ നിയോഗിച്ചു. രാമയ്യനും വലിയ സൈന്യസന്നാഹത്തോടെ പുറപ്പെട്ടുവന്നു്

ചീറിയേ ചട്ടയിട്ടു ചിറപ്പുടൻ തലപ്പാ കെട്ടി
മാറിയേ അമ്പറാത്തുണിവാകതർകുളമേന്തി
മാറിയേ ചേരനാട്ടിൽ വാഴം മദകരിയും കൊണ്ടു
നീറിയേ വല്ലയമേന്തി വീരരും പിറപ്പെട്ടാരെ.

വേണാട്ടുമഹാരാജാവു് എട്ടു മന്ത്രിമാരുമായി ആലോചന തുടങ്ങി. ഇരവിക്കുട്ടിപ്പിള്ള പടത്തലവൻ പാണ്ടിപ്പടയോടു് എതിരിട്ടു വേണാടിനു് വിജയം നേടിക്കൊള്ളാമെന്നു് ഏററു. അതനുസരിച്ചു് വലിയ സൈന്യസന്നാഹത്തോടുകൂടി, പിള്ള ഈരത്തംകാട്ടുവച്ചു പാണ്ടിപ്പടയെ എതിൎത്തു. വേണാട്ടുസൈന്യങ്ങളിൽ തന്നെ പിള്ളയോടു് ഈൎഷ്യയുള്ള ഒരു സംഘം ഉണ്ടായിരുന്നു. പിള്ളയുടെ വീൎയ്യപരാക്രമങ്ങൾ കൊണ്ടു് വേണാടിനു വിജയം നിശ്ചയമായപ്പോൾ വിരോധികളുടെ ചതിവുകൊണ്ടു്

പിള്ളയ്ക്കു ജീവഹാനി സംഭവിച്ചു. വടുകപ്പട പിള്ളയുടെ ശിരസ്സ് വെട്ടിയെടുത്തുകൊണ്ടു് പാളയത്തിലേക്കു തിരിച്ചുപോയി. പിള്ളയുടെ ശിരസ്സ് പട്ടിൽ പൊതിഞ്ഞു്, തിരുമലനായിക്കന്റെ സന്നിധിയിലേക്കു് അയച്ചു. അങ്ങനെ വേണാടിനു പററിയ പരാഭവത്തെ ഇരവിക്കുട്ടിപ്പിള്ളയുടെ ശിഷ്യനും ധീരാഗ്രണിയുമായ കാളിപ്പിള്ള നിർമ്മാർജ്ജനം ചെയ്തു. കാളിപ്പിള്ള നിർഭീകനായി വടുകപ്പടയുടെ പാളയത്തിൽ കടന്നുചെന്നു തൻെറ ഗുരുവിൻെറ ശിരസ്സ് ആവശ്യപ്പെട്ടു. ആ ധീരന്റെ സ്വാമിഭക്തിയും കരളുറപ്പും കണ്ടു രാമപ്പയ്യൻ അയാളെ ബഹുമാനിച്ചു് പിള്ളയുടെ ശിരസ്സു കൊടുത്തയച്ചു.

ഇരവിക്കുട്ടിപ്പിള്ളയുടെ കഥ ഇതിൽ കൂടുതൽ വിസ്തരിക്കാൻ നിവൃത്തിയില്ല. കണിയാംകുളംയുദ്ധം നിശ്ചിതമായ പരാജയത്തിലല്ല കലാശിച്ചതു്. മധുരക്കാർക്കു് ആ യുദ്ധം വേണാട്ടിൽനിന്നു കപ്പം നേടി കൊടുത്തതുമില്ല. "രാമപ്പയ്യനമ്മാന" എന്ന കൃതിയിൽ രാമപ്പയ്യനെ പ്രശംസിച്ചു ചെയ്യുന്ന പ്രസ്താവനകൾ ചരിത്രസത്യങ്ങളായി അംഗീകരിക്കാനും നിവൃത്തിയില്ല. ഏതായാലും ഈ വിഷയത്തിൽ കൂടുതൽ വിശ്വാസമർഹിക്കുന്ന ഒരു രേഖയുണ്ടു്. 'ജാൺ ന്യൂഹാഫ'' എന്ന ഡച്ചുകാരൻ കൊ. വ: 839-ൽ വേണാടു സന്ദർശിച്ചു. അദ്ദേഹം കൽക്കുളത്തെപ്പററി പറയുമ്പോൾ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ടു്:—"തിരുവിതാംകൂർരാജാവു് ഇവിടെ (കൽക്കുളം) മധുരനായിക്കനിൽനിന്നും രക്ഷിക്കാനായി പതിനായിരം നായന്മാരെ കാവൽപ്പട്ടാളമായി പാർപ്പിച്ചിട്ടുണ്ടു്. നായിക്കൻെറ ശക്തിയെപ്പറ്റി ഇവിടെ വളരെ ഭയമുണ്ടു്". (Churchill's Collection of Voyages and Travels Vol. II. P. 228). ഇരവിക്കുട്ടിപ്പിള്ളയുടെ കണിയാൻകുളം യുദ്ധത്തിനു ശേഷം 28-വർഷം കഴിഞ്ഞു് കൽക്കുളത്തു് ഇങ്ങനെ ഒരു കാവൽപ്പട്ടാളത്തെ പാർപ്പിച്ചിരുന്നു എന്നതിൽനിന്നു് ചില സംഗതികൾ വ്യക്തമായി ഗ്രഹിക്കാമല്ലോ. വേണാടു് നായിക്കനോടു തോററില്ല. വേണാടു് എപ്പോഴും യുദ്ധത്തിനു തയാറായിരിക്കയായിരുന്നു. ഈ സ്ഥിതിക്കു സത്യനാഥയ്യർ ചെയ്യുന്ന അവകാശവാദം അംഗീകരിക്കാൻ നിവൃത്തിയില്ലല്ലോ.

മധുരപ്പടയെപ്പററിയുള്ള പേടിയും, കൊള്ളയടിക്കാൻ വന്ന വടുകപ്പടയുടെ പീഡയും എതായാലും വളരെക്കാലത്തേക്കു നില

നിന്നു. കൂടക്കൂടെ വട്ടകന്മാർ നാഞ്ചിനാട്ടു കടന്നുവന്നു പല അക്രമങ്ങളും ചെയ്തിരുന്നു. ഇത്തരം ഒരു സംഭവത്തെപ്പററി പീററർ മാർട്ടിൻ എന്ന പാതിരി രേഖപ്പെടുത്തിയിരിക്കുന്നു. പതിവുപോലെ വട്ടകന്മാർ നാഞ്ചിനാട്ടിൽ കടന്നു് രാജധാനി (കൽക്കുളം) വരെ ചെന്നു. രാജാവു് ഒരു ഉപായം പ്രയോഗിക്കാമെന്നു കരുതി. ശത്രുക്കളോടു ചേന്നു് അവക്കു് ആ സ്ഥലം തന്നെ വിട്ടുകൊടുത്തു. തനിക്കു് വശംവദരല്ലാത്ത മന്ത്രിമാരെ അമത്താനംക്രടിയായിരുന്നു ഈ ഉപായം. ഒന്നു രണ്ടു മന്ത്രിമാരെ ഉടൻതന്നെ വധിച്ചു മററുള്ളവർ ഓടിപ്പോകയോ പണംകൊടുത്തു് രക്ഷനേടുകയോ ചെയ്തു. രാജാവു് ഉടൻ തന്നെ സൈന്യങ്ങളെ ശേഖരിച്ചു് കൽക്കുളം കോട്ട വളഞ്ഞു. കോട്ടയിൽ കുടുങ്ങിയ അനേകം വട്ടകരെ കൊന്നൊടുക്കി. ശേഷംപേർ പരിഭ്രമിച്ചു് ഓട്ടം തുടങ്ങി. രാജാവും സൈന്യവും അവരെ പിന്തുടന്നു് കൊന്നൊടുക്കി. ഇങ്ങനെയാണു തിരുവിതാംകൂറിൽ കൊള്ളയ്ക്കു വന്ന വട്ടകന്മാക്കു് സാധാരണ കിട്ടിയ അനുഭവം. ഈ കഥ സത്യനാഥയ്യരും ഉദ്ധരിക്കുന്നു. (History of Nayaks of Madura, P. 209.-സദസ്യതിലക ടി. കെ. വേലുപ്പിള്ള തിരുവിതാംകൂർ സ്റ്റേററുമാനുവൽ 232-236.)

മേൽ പറഞ്ഞ സംഭവം 870-ാമാണ്ടു് ഇടയ്ക്കാണു നടന്നതു്. വട്ടകപ്പടയെ ഓടിച്ചതു് കോട്ടയം കേരളവമ്മ ആയിരിക്കും. വട്ടകപ്പടയ്ക്കു് അന്നു പററിയ പരാജയം മങ്കമ്മാൾ രാജ്ഞിയുടെ കോപത്തെ ഉജ്ജ്വലിപ്പിച്ചു. അവർ നരസപ്പയ്യനെന്ന വിശ്വസ്തസേനാനിയെ തിരുവിതാംകൂറിലേക്കു് അയച്ചു. നരസപ്പയ്യൻ വന്നു് തിരുവിതാംകൂർ പടയെ തോല്പിച്ചു് ഇവിടന്നു് അനവധി പണവും പണ്ടങ്ങളും ഏതാനും തോക്കുകളും കൊണ്ടുപോയതായി ചിലർ പ്രസ്താവിക്കുന്നു. എന്നാൽ തോക്കു പിടിച്ചെടുത്ത കാര്യത്തെപ്പററി കേട്ടുകേൾവിപോലുമില്ലെന്നു മധുര മാനുവലിന്റെ കത്താവു് രേഖപ്പെടുത്തിയിട്ടുണ്ടു്. തിരുവിതാംകൂറിൻെറ ആദ്യത്തേ വിജയത്തെപ്പററി രേഖപ്പെടുത്തിയിട്ടുള്ള മാർട്ടിൻ പാതിരി നരസപ്പയ്യൻെറ വിജയത്തെപ്പററി ഒന്നും പറഞ്ഞിട്ടില്ലാത്തതു് ശ്രദ്ധേയമാണു്. നരസപ്പയ്യൻെറ വിജയത്തെപ്പററിയുള്ള പ്രസ്താവം ഇന്നു തെളിയിക്കേണ്ടതായി അവ

ശേഷിക്കുന്നു. വടശ്ശേരിയിൽനിന്നു കണ്ടുകിട്ടിയിട്ടുള്ള ഒരു ശിലാരേഖയിൽ മങ്കമ്മ എന്നൊരു പേരു് കണ്ടുംകൊണ്ടു് ആ ശിലാരേഖ മധുരരാജ്ഞിയായ മങ്കമ്മയുടേതായിരിക്കുമെന്നു് ശ്രീ. എസ്. രാമനാഥയ്യർ ഉപന്യസിക്കുന്നു. (T. A. S. Vol. V. P. 202) എന്നാൽ അതു വിശ്വാസയോഗ്യമായിരിക്കയില്ലെന്നു സദസ്യതിലകൻ നിഷേധിക്കുന്നു.

തിരുമലനായിക്കൻെറയും മങ്കമ്മാൾ രാജ്ഞിയുടെയും കാലത്തു് തിരുവിതാംകൂറിൽ ഉണ്ടായ പ്രത്യേക ആക്രമണങ്ങളെപ്പററിയാണു് മേൽ പ്രധാനമായി പരാമർശിച്ചതു്. ഇവിടം ആക്രമിക്കാനുള്ള കാരണം കപ്പം കൊടുക്കാത്തതെന്ന വാദം അംഗീകരിക്കത്തക്കതല്ല എന്നാണു് മേൽ കാണിച്ച വസ്തുതകളിൽ നിന്നും തെളിയുന്നതു്. ഒരു നൂറ്റാണ്ടുകാലം തുടരെത്തുടരെ കപ്പത്തിനായി മധുര യുദ്ധം ചെയ്തുവെന്നോ? ഓരോരിക്കലും തിരുവിതാംകൂർ മധുരപ്പടയെ തോല്പിച്ചിട്ടു പിന്നെയും മധുരയ്ക്കു കപ്പം കൊടുത്തുവെന്നോ? ഇതു പറയാനും വിശ്വസിക്കാനും കൊള്ളാവുന്ന കാര്യമല്ല.

എന്നാൽ ഈ കാലഘട്ടത്തെക്കുറിച്ചും നായിക്കന്മാരും തിരുവിതാംകൂറും തമ്മിലുള്ള ബന്ധത്തെപ്പററിയും ചില വസ്തുതകൾ സംശയം കൂടാതെ മനസ്സിലാക്കാനുണ്ടു്. ഒരു നൂററാണ്ടിൽ കൂടുതൽ കാലം നായിക്കന്മാർ കണ്ണുവച്ചു കഴിച്ചുകൂട്ടി. നാഞ്ചിനാട്ടു കടന്നു് അവർ അനേകം തവണ കൊള്ള നടത്തി ധാരാളം പണങ്ങളും പണ്ടങ്ങളും കൊണ്ടുപോയിരിക്കും. അനേകം രേഖകൾ നമുക്കു് ഇതിനെപ്പററി ലഭിക്കുന്നുണ്ടു്. ആളുകൾക്കു് സഹിക്കാൻ പാടില്ലാത്ത ഉപദ്രവങ്ങൾ നേരിട്ടു. പല അവസരങ്ങളിലും അവർക്കു് രക്ഷ നൽകാൻ തിരുവിതാംകൂറിനു സാധ്യമല്ലാതെയും വന്നു. മഹാരാജാവു് പലപ്പോഴും കരക്കുടിശ്ശിക ഇളവു ചെയ്തുകൊടുത്തു. എന്നാൽ ദുരാഗ്രഹികളായ ഉദ്യോഗസ്ഥന്മാർ, ഇളവുചെയ്ത കരം പോലും പിരിച്ചെടുത്തു് ആളുകളെ പീഡിപ്പിച്ചു. സ്വാതന്ത്ര്യബോധത്തിൽ മികച്ച നാഞ്ചിനാട്ടുകാർ കൂടെക്കൂടെ സംഘം ചേർന്നു് ആത്മരക്ഷയ്ക്കുള്ള പല വ്യവസ്ഥകളും ചെയ്തു.

873-ാമാണ്ടു് അവരുടെ നിവേദനങ്ങളുടെ ഫലമായി പല ആശ്വാസനടപടികളും ചെയ്തു കൊടുത്തു. "നായിക്കൻെറ

പടൈ വന്തു നാഞ്ചിനാട്ടിൽ 852-ാമാണ്ടു മുതൽ പലനാളും പടൈ വന്തു പാടെക്കേട്ട വരികെ കൊണ്ടു 846-ാമാണ്ടു പശാനം മുതൽ 866-ാമാണ്ടു പശാനംവരെ അഞ്ചാലി അടൈച്ചു കണക്കു അടൈക്ക കൊണ്ടും കാർ പൂ രണ്ടും പശാനപ്പൂ പതിമ്മൂന്നും ആകെപ്പൂ പതിനഞ്ചും നാം കഴിച്ചു കൊടുക്കയാൽ അഞ്ചാലി കുത്തകൈ കോട്ടെപ്പതിവു കാണിക്കൈ പന്തത്തിനു ആവണക്കെണ്ണെ വകക്കും കച്ചൈയാവിനൈ പിറന്നാൾ പിരൈവകയും കൂടെക്കുറച്ചു കൊടുത്തു മങ്കലം മുതൽ മണക്കുടിവരെ ഓലൈപ്പെട്ടികളും തീട്ടിക്കുറികളും പൊപ്പോകയിൽ ടി ഓലൈകൾ യാതാമൊരുത്തർ പററിൽ കാണുന്നാൾ കണ്ട കളത്തിൽ തിറം കിഴിയും പട്ടുപാമാറും" ഇത്യാദി. (T. A. S. Vol 51 പുറം 210—211)

878 അല്പശിമാസത്തിൽ നാഞ്ചിനാട്ടുകാർ കൂടി അവരുടെ പ്രത്യേകരക്ഷയ്ക്കു പല സംഘവ്യവസ്ഥകളും ഏർപ്പെടുത്തി. ഒരു പിടാകയിൽ പെട്ട ആർക്കെങ്കിലും എന്തെങ്കിലും നഷ്ടം വന്നാൽ അതു പൊതുമുതലിൽ നിന്നു കൊടുക്കേണ്ടതാണെന്നും, സംഘത്തിന്റെ താൽപര്യങ്ങൾക്കു ഹാനികരമായി പെരുമാറുന്നവരെ കക്ശമായി ശിക്ഷിക്കേണ്ടതാണെന്നും മററും അവർ നിശ്ചയിച്ചു. ഈ അവസരത്തിൽ നാഞ്ചിനാട്ടുകാക്കു പാണ്ടിക്കാരുടെ ശല്യംപോലെ തന്നെ ഈ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാരുടെ പീഡനങ്ങളും അനുഭവിക്കേണ്ടി വന്നപ്പോൾ അവരുടെ സംഘടനാബോധവും സംഘബലവും പുഷ്ടി പ്രാപിച്ചു. ചിലപ്പോഴെല്ലാം ഈ രാജ്യത്തിൽ രക്ഷയില്ലെന്നു വന്നപ്പോൾ രാജ്യമുപേക്ഷിച്ചു, കാടുകളിലും മലയ്ക്കപ്പുറത്തും ശരണം പ്രാപിക്കാനും അവർ മുതിന്നു.

നമുക്കു ഇവിടെ പ്രധാനമായി സ്മരിക്കാനുള്ളതു മധുരപ്പടയുടെ ആക്രമണമാണു. ഒരു നൂററാണ്ടിനു മേൽ അനിശ്ചിതമായ വിധത്തിൽ മധുരക്കാരുടെ ആക്രമണപരിപാടി തുടന്നുപോന്നു. കന്യാകുമാരി തുടങ്ങി തെക്കേ അററത്തുള്ള ചില സ്ഥലങ്ങൾ ചിലപ്പോൾ അവരുടെ പിടിയിൽ പെട്ടിരിക്കാം. എന്നാൽ നാഞ്ചിനാട്ടു രാജാവിനെ കീഴടക്കി മധുരക്കോട്ടയുടെ കാവൽക്കാരനാക്കിയെന്നും മററുമുള്ള "രാമപ്പയ്യനമ്മാന"യിലെ പ്രസ്താവനകൾ വെറും നിരർത്ഥകങ്ങളായ സ്വാമിപ്രശംസകളായേ കരുതാൻ സാധ്യമാവൂ.

വിജ്ഞാപനപരമ്പര—നമ്പർ-1

# അനന്തപുരവർണ്ണനം

ഈയിടെ യൂണിവേഴ്സിററി മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽ നിന്നും ഭാഷാത്രൈമാസികം വഴി ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രാചീനമലയാളകൃതിയാണ് അനന്തപുരവർണ്ണനം. പേരിൽനിന്നു മനസ്സിലാക്കാവുന്നതുപോലെ തിരുവനന്തപുരത്തെപ്പററിയുള്ള വർണ്ണനമാണ് ഇതിന്റെ വിഷയം. 'തമിഴും സംസ്കൃത'മെന്നു തുടങ്ങുന്ന മണിപ്രവാളപരാമർശകമായ ഒരു പദ്യം ഇതിലുള്ളതാണ് ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്നതു്. ഈ വസ്തുതയിൽനിന്ന് ഈ ലഘുകാവ്യത്തിന്റെ പ്രാചീനത മനസ്സിലാക്കാം.

പ്രാചീനമായ ഒരു സ്ഥലവർണ്ണന എന്ന നിലയ്ക്കു മാത്രമല്ല ഈ ലഘുകാവ്യത്തിൻെറ പ്രാധാന്യം. പഴയ മലയാളകൃതികൾ, അവ ഉണ്ടായ കാലത്തെ ഭാഷയുടെയും സാഹിത്യത്തിൻെറയും മാതൃകയായിട്ടാണ് നമ്മുടെ വിശേഷമായ ശ്രദ്ധ അർഹിക്കുന്നതു്. അത്തരത്തിൽ ഈ കൃതി ആദ്യം തൊട്ടേ എൻെറ ഗൗരവമായ ശ്രദ്ധയിൽ പെട്ടിരുന്നു. എൻെറ മാന്യസ്നേഹിതൻ ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പിൻെറ ആമുഖത്തോടുകൂടി ഇപ്പോൾ പ്രസിദ്ധീകരണത്തിനു സജ്ജമാക്കിയിരിക്കയാണ് ഈ പദ്യകൃതി. എന്നാൽ ഇതിന്റെ പ്രസാധനസംബന്ധമായ പ്രവൎത്തനം ഇങ്ങനെ അവസാനിപ്പിക്കയല്ല, പ്രത്യുത, തുടങ്ങുക മാത്രമാണ് മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്നും ഉദ്ദേശിക്കുന്നതു്. ഇതിനു ചില പ്രത്യേക കാരണങ്ങളുണ്ടു്. കൃതി പൂർണ്ണരൂപത്തിലാണോ കിട്ടിയിട്ടുള്ളതെന്നു സംശയമുണ്ടു്. കൂടല്ലൂർ മനയ്ക്കൽനിന്നു കിട്ടിയ ഏക മാതൃകയാണ് ഇപ്പോൾ അവലംബം. വേറെ മാതൃകയില്ലാത്തതു കൊണ്ടു് പാഠശുദ്ധി വരുത്താൻ യുക്തി മാത്രമേ അവലംബമായിട്ടുള്ളു. ഇമ്മാതിരി വിഷയങ്ങളിൽ യുക്തി വിശ്വസിക്കത്തക്ക സഹായം നൽകുന്നുമില്ല. അതിനാൽ മററു മാതൃകകൾ അന്വേഷിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. പ്രാചീനമലയാളഭാഷയുടെ പഠനത്തിനു പ്രയോജകീഭവിക്കുന്ന ഈ ഗ്രന്ഥത്തിൻെറ മററു മാതൃകകൾ കൈവശമുള്ളവർ ദയാപൂർവ്വം വിവരം അറിയിച്ചു തന്നാൽ അതു് ഈ സ്ഥാപനത്തിനു വളരെ ഉപകാരമായിരിക്കും.

ചരിത്രസംബന്ധമായ പ്രാധാന്യം ഈ കൃതിക്ക് ഉണ്ട്. ആ അംശം എടുത്തു പറയത്തക്കവണ്ണം പ്രധാനവുമാണ്. കൊല്ലവർഷം 500-നു വളരെ പിന്നീടായിരിക്കാൻ വഴിയില്ല ഇതിന്റെ രചനാ കാലം. ലീലാതിലകത്തിന് മുമ്പായിരിക്കണമല്ലോ. ഒരു വേള പത്തോ അൻപതോ വർഷം അങ്ങോട്ടോ ഇങ്ങോട്ടോ മാറാം. എന്നാലും നൂററാണ്ടുകൾമുറയ്ക്കു ചരിത്രം പഠിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ മാററം വളരെ ഗൗരവമുള്ള കാര്യമല്ല. അതിനാൽ കൊല്ലവർഷം അഞ്ചുമാറും നൂററാണ്ടുകൾക്കിടയ്ക്കുള്ള ഒരു ഗ്രന്ഥമെന്ന് ഇതിനെ കരുതി അന്നത്തെ തിരുവനന്തപുരത്തെപ്പററിയും അന്നത്തേ ഭാഷയെപ്പററിയും ഇതിൽനിന്ന് എന്തെല്ലാം തെളിവുകൾ കിട്ടുന്നു എന്നാണു പരിശോധിക്കേണ്ടിയിരിക്കുന്നത്.

തിരുവനന്തപുരം അന്ന് രാജധാനിയായിട്ടില്ല. ൯൮൯-നു ശേഷമേ ആ പദവി ഈ പട്ടണത്തിനു കിട്ടിയുള്ളു. പത്മനാഭസ്വാമി ക്ഷേത്രത്തിന്റെയും കാന്തളൂർശാല തുടങ്ങിയ മററു ക്ഷേത്രങ്ങളുടെയും പ്രാധാന്യമായിരുന്നു അക്കാലത്ത് തിരുവനന്തപുരത്തിന് ഉണ്ടായിരുന്നത്. ആ വസ്തുത ഈ കാവ്യത്തിൽനിന്നു തെളിയുന്നു. അതിനും പുറമേ തിരുവനന്തപുരത്തു പ്രധാനപ്പെട്ട ഒരു അങ്ങാടിയും അന്ന് ഉണ്ടായിരുന്നു എന്ന് ഇതിൽ നിന്നു വ്യക്തമായി മനസ്സിലാക്കാം. വളരെ നാളായി സ്ഥാനനിർണ്ണയത്തിനു പ്രയാസമുണ്ടായിരുന്ന കാന്തളൂർശാല തിരുവനന്തപുരത്തായിരുന്നു എന്ന് ഇതിൽ നിന്ന് നിർവ്വിവാദമായി തെളിയുന്നു.

അനേകം പ്രാചീനമലയാളപദങ്ങൾ, വിശേഷിച്ച് കച്ചവടസാധനങ്ങളുടെ പേരുകൾ, ഈ കൃതിയിൽ കാണുന്നുണ്ട്. ഇവയുടെ അർത്ഥവിചാരത്തിൽ പ്രത്യേകം മനസ്സു വച്ചുകൊണ്ടിരിക്കയാണ്. നിഷ്കൃഷ്ടമായ അർത്ഥകല്പനയ്ക്കു് ഈ ഓരോ വാക്കും പാഠശുദ്ധിയോടുകൂടി കിട്ടേണ്ടിയിരിക്കുന്നു. അതിലേക്കും ഇതര മാതൃകകൾ കാണുന്നതു് അത്യാവശ്യമാണ്.

ബഹുജനങ്ങൾ ഈ പ്രസാധനയത്നത്തെ വിജയപൂർണ്ണമാക്കാൻ മാതൃകകൾ ഉള്ളപക്ഷം തന്നും, അറിയാവുന്ന വിവരങ്ങൾ അറിയിച്ചും പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

ആണററി ഡയറക്ററർ

ശൂരനാട്ടു കുഞ്ഞൻപിള്ള

വിജ്ഞാപനപരമ്പര—നമ്പർ 2.

# യൂണിവേഴ്സിററി
# മാനുസ്ക്രിപ്ററ്സ് ലൈബ്രറി

ഭാരതം സ്വതന്ത്രമായി. സ്വതന്ത്രമായ ഭാരതത്തിനു സ്വന്തമായ സംസ്കാരത്തെ കൂടുതൽ പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. അയ്യായിരത്തിൽ പരം കൊല്ലത്തെ പഴക്കമുള്ളതും സൂര്യോദയം പോലെ എന്നെന്നും നവത്വമുള്ളതുമായ ആ ഭാരതസംസ്കാരം കാർമേഘപടലങ്ങളിൽനിന്നു തെളിയാൻ ഇനി കാലമായല്ലോ. ഭാരതീയരുടെ വൈജ്ഞാനികവും സാംസ്കാരികവുമായ സമ്പത്തുകളെ ഈ കാലമത്രയും സൂക്ഷിച്ചുപോരുന്ന സ്ഥാപനങ്ങളെ കൂടുതൽ പ്രയോജനപ്രദങ്ങളാക്കേണ്ടിയിരിക്കുന്നു.

കേരളത്തിന്റെ എന്നല്ല ഭാരതത്തിന്റേ തന്നെ നാനാഭാഗങ്ങളിൽ നിന്നു സംഭരിച്ചുവച്ചിട്ടുള്ള അനേകായിരം കൈയ്യെഴുത്തു ഗ്രന്ഥങ്ങളാണു് ലൈബ്രറിയുടെ സമ്പത്തു്. ഇപ്രകാരം സംഭരിച്ചിട്ടുള്ളവയിൽ ഏതാനും ഗ്രന്ഥങ്ങളുടെ മാത്രം സംശോധിതപ്രകാശനം കൊണ്ടു തന്നെ തിരുവനന്തപുരം മാനുസ്ക്രിപ്ററ്സ് ലൈബ്രറി ലോകം മുഴുവനുള്ള പണ്ഡിതന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിട്ടുണ്ടു്. വാസ്തവത്തിൽ ഇവിടത്തേ ഈടിരിപ്പു് കേരളത്തിൽ തന്നെ ചിന്നിച്ചിതറിക്കിടക്കുന്ന വൈജ്ഞാനികസമ്പത്തുകളുടെ തുച്ഛമായ ഒരംശം മാത്രമാണു്. ഇനിയും ഓരോ കുടുംബത്തിലും, അനവധി കൈയെഴുത്തുഗ്രന്ഥങ്ങൾ—ഇരിപ്പുണ്ടെന്ന വിവരം ഞങ്ങൾക്കു ലഭിച്ചിട്ടുണ്ടു്. ഇത്തരത്തിൽ വലിയ ഒരു നേട്ടം, — ആയിരത്തോളം ഗ്രന്ഥങ്ങൾ — രണ്ടുമാസത്തിനുമുമ്പു് കുടുംബഭാഗാവസരത്തിൽ പാലിയം ഇടത്തിൽനിന്നു ഈ ഗ്രന്ഥാലയത്തിലേയ്ക്കു സംഭാവനയായി കിട്ടിയിട്ടുണ്ടു്. അതുപോലെ നാട്ടിന്റേ നാനാഭാഗങ്ങളിലും കിടക്കുന്ന ഈ സമ്പത്തുകൾ എവിടെയെവിടെ എത്രയെത്രയുണ്ടെന്ന വിവരം ഞങ്ങൾക്കു കിട്ടുന്നതായാൽ, അവയെ

സംഭരിച്ചു സംരക്ഷിക്കുന്നതിനും, ആവശ്യമുണ്ടെങ്കിൽ പ്രകാശിപ്പിക്കുന്നതിനും സാധിക്കുന്നതാണു്.

ഭാരതത്തിനു സ്വാതന്ത്ര്യാഭിമാനമുണ്ടായിരിക്കുന്ന ഇക്കാലത്തു്, കാലഗതിമൂലം അഗണ്യകോടിയിൽ തള്ളപ്പെട്ടുകിടക്കുന്ന നമ്മുടെ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഉറവകളായ ഈ ഗ്രന്ഥങ്ങളെ, ഭരമേററു സൂക്ഷിക്കാനും പ്രകാശനം ചെയ്യാനുമുള്ള ചുമതല ഞങ്ങളെ ഏല്പിക്കുന്നതിനു മഹാജനങ്ങൾക്കു സന്മനസ്സുണ്ടാകണമെന്നു് അഭ്യർത്ഥിക്കുന്നു.

ആണററി ഡയറക്ടർ

ശൂരനാട്ടു കുഞ്ഞൻപിള്ള

വിജ്ഞാപനപരമ്പര—നമ്പർ 3.

# കൗടലീയം

## പ്രാചീനമലയാളവ്യാഖ്യാനം

മലയാളഭാഷയിൽ ഇതുവരെ പ്രകാശിപ്പിച്ചിട്ടുള്ള പ്രാചീന ഗ്രന്ഥങ്ങളിൽ വളരെ കൂടുതൽ പ്രാധാന്യം ഉള്ള ഒന്നാണു് കൗടലീയം അർത്ഥശാസ്ത്രത്തിന്റെ മലയാളവ്യാഖ്യാനം. ചന്ദ്രഗുപ്ത മൌര്യന്റെ അധികാരപ്രതിഷ്ഠ ചെയ്യാൻ സഹായിച്ച പരമാചാര്യനും ഭാരതീയരാജ്യമീമാംസയുടെ ഉപജ്ഞാതാവെന്നുതന്നെ കല്പിക്കേണ്ട മഹാനും ആയ ചാണക്യൻ നിർമ്മിച്ച അർത്ഥശാസ്ത്രം ലോകത്തിന്റെ മുഴുവൻ ആദരവു് ആർജ്ജിച്ച ഒരു മഹാഗ്രന്ഥം ആണല്ലൊ. ആ ഗ്രന്ഥം പഠിക്കാൻ കാംക്ഷിക്കാത്ത സംസ്കാരകുതുകികൾ കാണുമെന്നു തോന്നുന്നില്ല. എന്നാൽ സൂത്രരൂപത്തിൽ കൗടല്യൻ, നിബന്ധിച്ച ആ ശാസ്ത്രഗ്രന്ഥം സാമാന്യക്കാർക്കു് തീരെ ദുർഗ്രഹമാണു്. സംസ്കൃതത്തിൽ തന്നെയുള്ള അതിൻെറ വ്യാഖ്യാനങ്ങളും പര്യാപ്തമാണെന്നു പറയാനില്ല. അത്തരം ഒരു ഗ്രന്ഥത്തെ ആണു് സുവ്യക്തമായ ഒരു വ്യാഖ്യാനത്തോടുകൂടി ശ്രീ. ഗണപതിശാസ്ത്രികൾ ആധുനിക ലോകത്തിൻെറ മുമ്പിൽ കാഴ്ചവച്ചതു്. അപാരപണ്ഡിതനും പ്രതിഭാശാലിയുമായ ശ്രീ. ശാസ്ത്രിയുടെ വ്യാഖ്യാനപ്രയത്നത്തിനു് മാർഗ്ഗദർശം ചെയ്തതും വിജയം നൽകിയതും എല്ലാം അതിനു് ആധാരമായ ഒരു പ്രാചീനമലയാളവ്യാഖ്യാനമാണു് എന്നു പറയുമ്പോൾ ആ മലയാളകൃതിക്കു് മൂലസംസ്കൃതകൃതിയെക്കാൾ താഴാത്ത പ്രാധാന്യമുണ്ടെന്നു സിദ്ധിക്കുമല്ലോ. ആ മലയാളവ്യാഖ്യാനത്തിന്റെ ആദിയിലുള്ള മൂന്നു അധികരണങ്ങൾ മൂന്നു ഭാഗങ്ങളായി യൂണിവേഴ്സിററി മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്നും ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ഈ ഗ്രന്ഥത്തിൻെറ പ്രാധാന്യം പൊതുവേ പണ്ഡിതന്മാർ തന്നെ വേണ്ടുവോളം ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഗവേഷണസംബന്ധമായി ഇതിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു പ്രാചീനമലയാള കൃതി ഇതേവരെ ഉണ്ടായിട്ടില്ല എന്നു പറയുമ്പോൾ ഈ സംഗതി സുവ്യക്തമാകുമല്ലോ.

കൊല്ലവഷം മൂന്നോ നാലോ ന്തററാണ്ടുകളിലേ ഭാഷാരീതി യാണു് ഇതിൽ കാണുന്നതു്. ഉണ്ണുനീലീസന്ദേശം തുടങ്ങിയുള്ള കൃതികളിലേക്കാൾ തുലോം പഴയ രൂപങ്ങൾ ആണു് ഗദ്യരൂപത്തിൽ പോലുമുള്ള ഈ കൃതിയിൽ കാണുന്നതു്. പ്രാചീനമലയാളരൂപങ്ങ ളുടെ പഠനത്തിനു് ഈ ഗ്രന്ഥം എത്രമാത്രം പ്രയോജനപ്പെടുമെന്നു് ഇതിൽനിന്നു മനസ്സിലാക്കാമല്ലോ.

കൗടല്യന്റെ അത്ഥശാസ്ത്രം വിഷയം; ആ വിഷയം സമ്പൂ ണ്ണമായി മനസ്സിലാക്കിയ ഒരു പണ്ഡിതന്റെ വ്യാഖ്യാനം; ആ വ്യാഖ്യാനം പ്രാചീനമലയാളത്തിൽ; ഇതിൽ കൂടുതൽ പ്രാധാന്യം അഹിക്കുന്ന ഒരു കൃതി ഏതാണു്?

ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ രണ്ടു ഭാഗങ്ങളും ശ്രീ. സാംബ- ശിവശാസ്ത്രികളും മൂന്നാമത്തെ ഭാഗം ശ്രീ. രാമസ്വാമിശാസ്ത്രികളും പരസ്യപ്പെടുത്തിയിട്ടുണ്ടു്. ഈ പ്രകാശനങ്ങളിൽ, പരിശോധിച്ച സംസ്കരണമാതൃകകൾ തയാറാക്കിയതു് ഈ സ്ഥാപനത്തിലേ പ്രശസ്ത പണ്ഡിതന്മാരായ ശ്രീ. കെ. മഹാദേവശാസ്ത്രികൾ, കെ. എസ്സ്. മഹാദേവശാസ്ത്രികൾ, എസ്സ്. ശങ്കരരാമശാസ്ത്രികൾ എന്നിവരാണു്. പ്രാചീനഗ്രന്ഥപ്രകാശനം വിഷമമേറിയ കൃത്യമായതുകൊണ്ടു് അത്ഥത്തിനു് അഭിവ്യക്തിയുള്ള പ്രകാരത്തിൽ പ്രകാശനം സാധിച്ച ഈ പണ്ഡിതന്മാരെ അനുമോദിക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ശേഷം ഭാഗവും വേണ്ടുംപോലെ പരിശോ ധിച്ചു് പ്രകാശിപ്പിക്കാൻ ഇപ്പോൾ ആഗ്രഹിക്കുന്നു. ഗ്രന്ഥത്തിന്റെ നല്ല ഒരു മാതൃക മാത്രമേ കിട്ടിയിട്ടുള്ളൂ. അതു് വലിയകൊട്ടാരം ഗ്രന്ഥപ്പുരവകയാണു്. ഈ മാതൃക അസംപൂണ്ണമാണു്. കൂടല്ലൂർ മന വക ഒരു അപൂർണ്ണഗ്രന്ഥവും, വയസ്കരമൂസ്സിന്റെ വക ഒരു അപൂർണ്ണഗ്രന്ഥവും ഇവിടെ കിട്ടിയിട്ടുണ്ടു്. മദ്രാസ് മാനുസ്ക്രി- പ്റ്റ്സ് ലൈബ്രറിയിലും തമിഴക്ഷരത്തിൽ ഒരു പകപ്പു് ഉള്ള തായി അറിയാം. ഇനിയും ഇതിന്റെ മാതൃകകൾ പഴയ ഗ്രന്ഥപ്പുര കളിൽ ചിലെടത്തു കാണാൻ ഇടയുണ്ടു്. അവയെപ്പററി അറിയാ വുന്നവർ വിവരം ഞങ്ങളെ അറിയിച്ചുതന്നാൽ ഉപകാരമായി.

ആണററി ഡയറക്റ്റർ

ശൂരനാട്ടു കുഞ്ഞൻ പിള്ള

വിജ്ഞാപനപരമ്പര—നമ്പർ-4.

# ഉണ്ണുനീലീസന്ദേശത്തിന്റെ ഒരു പ്രാചീന മാതൃക

ശൂരനാട്ടു കുഞ്ഞൻ പിള്ള

മലയാളത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു പ്രാചീനകാവ്യമാണല്ലോ ഉണ്ണുനീലീസന്ദേശം. ഇത്രത്തോളം പണ്ഡിതന്മാരുടെ ശ്രദ്ധ ആവർജ്ജിച്ചിട്ടുള്ള വേറെ ഒരു മലയാളകൃതി ഇല്ല. ഈ കാവ്യം 1080-ാം ആണ്ടിടയ്ക്കു രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തിയതു തൊട്ട് ഇന്നുവരെ, തിരിച്ചും മറിച്ചും അനേകം പണ്ഡിതന്മാർ അതു് പരിശോധിച്ചിട്ടുണ്ടു്; പഠിച്ചിട്ടുണ്ടു്; വ്യാഖ്യാനിച്ചിട്ടുണ്ടു്. എന്നാൽ അതിലെ ചരിത്രകാര്യവും, സാഹിത്യകാര്യവും, ഭാഷാകാര്യവും എല്ലാം ഇന്നും വിവാദവിഷയമായിരിക്കുകയാണു്. ഈ വാദങ്ങൾക്കു് തൃപ്തികരമായ ഉത്തരം നല്കാൻ വളരെ ഗാഢമായ ഗവേഷണങ്ങൾ ആവശ്യമാണു്.

ഇതിന്റെ പഠനത്തിനു് ഏററവും ആവശ്യമായതു് പാഠശുദ്ധി വരുത്താനുള്ള പ്രാചീനമാതൃകകൾ ആണു്. ഞാൻ കുറേ വർഷങ്ങൾക്കു മുമ്പു ലീലാതിലകം പ്രസാധനം ചെയ്തിടം തൊട്ടു് ഉണ്ണുനീലീസന്ദേശംകൂടി ഗാഢമായി പഠിക്കണമെന്നു് ആഗ്രഹിച്ചു. ആ ആഗ്രഹത്തോടെ, ഈ ഗ്രന്ഥത്തെ പൂർവ്വാധികം ഔത്സുക്യത്തോടു കൂടി പരിശോധിക്കാനും, ആ പരിശോധനയെ തുടർന്നു് ഗ്രന്ഥമാതൃകകൾ അന്വേഷിക്കാനും തുടങ്ങി. അപ്പോഴാണു് ആ വിഷയത്തിലുള്ള വൈഷമ്യം പൂർണ്ണമായി മനസ്സിലാക്കാൻ ഇടയായതു്. ഈ സന്ദേശകൃതിയുടെ ഒരു മാതൃകപോലും തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലാകട്ടെ, കൊട്ടാരം ഗ്രന്ഥപ്പുരയിൽ ആകട്ടെ ഇല്ലെന്നു മനസ്സിലായി. മദ്രാസ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ തിരക്കി. എന്റെ മാന്യസ്നേഹിതൻ ഡാക്ടർ എസ്സ്. കെ. നായർ ആണു് ഈ വിഷയത്തിൽ എന്നെ സഹായിച്ചതു്. മദ്രാസ് ലൈബ്രറിയിൽ ഓലഗ്രന്ഥം ഇല്ല. ഓലയിൽനിന്നു് പകർത്തി

എടുത്ത ഒരു ഗ്രന്ഥമുണ്ടു് എന്നു് ശ്രീ: നായർ അറിയിച്ചു. കോഴിക്കോട്ടു അമ്പലക്കാട്ടു കരുണാകരമേനോൻെറ വക ഒരു ഗ്രന്ഥത്തിൽനിന്നും 1917-18-ൽ പകത്തിയതാണു് അതു് എന്നു് ഒടുവിൽ ഒരു കുറിപ്പു് ഉണ്ടെന്നും അറിയുന്നു. ഡാക്ടർ നായർ ആ ഗ്രന്ഥത്തെപ്പറ്റി അറിയിക്കുന്നതു് 'ആപാദചൂഡം അബദ്ധംതന്നെ' എന്നാണു്. "മലമകൾ മുലപൂണും ദൈവതം" എന്നതിനു് 'അമലമകുടചുലചുന്നദൈവതം വെൽവൃതാക' എന്നാണു് പകത്തിയിരിക്കുന്നതു്. *

കാവ്യത്തിൻെറ മാതൃക സമ്പാദിക്കാൻ അതിനാൽ വേറെ പരിശ്രമം തുടങ്ങി. ശ്രീ. അമ്പലക്കാട്ടു കരുണാകരമേനോനുതന്നെ എഴുതി. അദ്ദേഹം ദയാപൂർവ്വം വിവരങ്ങൾ അറിയിച്ചു. അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്ന ഗ്രന്ഥങ്ങൾ മദ്രാസ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിക്കു് സംഭാവന ചെയ്തുവെന്നും ഗ്രന്ഥങ്ങൾ തിരിച്ചു കിട്ടിയിട്ടില്ലെന്നും ആണു് അദ്ദേഹം അറിയിച്ചതു്. ഈ ഉത്തരം കൊണ്ടു് അല്പം നിരാശപ്പെട്ടു. അന്വേഷണം വീണ്ടും തുടന്നു. കാവ്യത്തെ വ്യാഖ്യാനത്തോടുകൂടി പ്രസാധനം ചെയ്ത പണ്ഡിതരാജൻ ശ്രീ: ആററൂർ പിഷാരടിക്കുതന്നെ എഴുതാമെന്നു് ഉദ്ദേശിച്ചു. അദ്ദേഹത്തിൻെറ കൈവശം ഗ്രന്ഥം ഉണ്ടായിരിക്കും എന്നായിരുന്നു എൻെറ വിചാരം. എന്നാൽ ആ വിചാരവും ശരിയായില്ല. അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെ ആയിരുന്നു.

"കോഴിക്കോട്ടു മാങ്കാവിൽ കോവിലകത്തുനിന്നു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഒരു ഗ്രന്ഥം കൊണ്ടുവന്നതിനെ ആസ്പദമാക്കിയാണു് രസികരഞ്ജിനിയിൽ ആദ്യമായി ഉണ്ണുനീലീസന്ദേശം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. മററു പ്രസിദ്ധീകരണങ്ങൾ എല്ലാം അതിനെ തുടന്നു് ഉണ്ടായിട്ടുള്ളതാണെന്നാണു് എൻെറ അറിവു്. ആ ഗ്രന്ഥം ഇപ്പോൾ മാങ്കാവിൽ കോവിലകത്തു നിന്നു കൈമാറിപ്പോയിട്ടുണ്ടോ എന്ന സംഗതി നിശ്ചയമില്ല. ഉള്ളൂരിൻെറ കയ്യിൽ ഒരു ഗ്രന്ഥം ഉണ്ടായിരുന്നതായി അദ്ദേഹം പറകയും കേരളവ്യാസൻ മാസികയിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ പാഠഭേദം കാണിച്ചെഴുതുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ഒരു ഗ്രന്ഥം അദ്ദേഹത്തിൻെറ

* മദ്രാസിലെ ഈ കടലാസുപകർപ്പും പിന്നീടു പരിശോധിക്കാൻ എനിക്കു സാധിച്ചു.

അവകാശികളുടെ കൈവശത്തിൽ ഉണ്ടോ എന്നു് അവിടെ അന്വേഷിച്ചുനോക്കാവുന്നതാണല്ലോ. അത്രമാത്രമല്ലാതെ മററു വിവരം ഒന്നും എനിക്കു് അറിവില്ല.

എന്നു് സ്നേഹപൂർവ്വം സ്വന്തം ആററൂർ."

ഈ മറുപടി എൻെറ ആശയെ സാരമായി ഉലച്ചു. എങ്കിലും അന്വേഷണം തുടരാൻ രണ്ടു പഴുതുകൾ അദ്ദേഹം ഇട്ടിട്ടുണ്ടല്ലോ. ഉള്ളൂരിൻെറ മഠത്തിലും മാങ്കാവിൽ കൊട്ടാരത്തിലും അന്വേഷിക്കാമെന്നു് ഉറച്ചു. മലയാളത്തിനു് അനേകം മഹാകൃതികൾ സമ്മാനിച്ച മഹാകവിയുടെ പുത്രന്മാർക്കു് എന്നോടുള്ള പക്ഷപാതം അസാധാരണം ആണു്. അതിനാൽ ഗ്രന്ഥം അവിടെ ഉണ്ടെങ്കിൽ എത്ര ക്ലേശിച്ചും അതു കണ്ടുപിടിച്ചുതരുമെന്നു് എനിക്കു വിശ്വാസം ഉണ്ടായിരുന്നു. എൻെറ അപേക്ഷ അനുസരിച്ചു് മഹാകവിയുടെ ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന മകൻ ശ്രീ. രാമനാഥൻ പ്രയാസപ്പെട്ടു ഗ്രന്ഥങ്ങൾ എല്ലാം തിരഞ്ഞു് ഉണ്ണുനീലീസന്ദേശത്തിൻെറ പ്രാചീന മാതൃക എടുത്തുതന്നു് എൻെറ പ്രയത്നത്തെ സഫലമാക്കി. അതിലേക്കുള്ള എൻെറ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മാങ്കാവിൽക്കോയിക്കലും തിരക്കാതെയിരുന്നില്ല. എൻെറ അഭിവന്ദ്യഗുരുകല്പനും മേധാവിയുമായ ശ്രീ. ഏ. ഗോപാലമേനോൻ അവർകൾ എനിക്കുവേണ്ടി ദയാപൂർവ്വം അന്വേഷണങ്ങൾ ചെയ്തിട്ടു സാമൂതിരികോവിലകത്തു് ഉണ്ണുനീലീസന്ദേശത്തിൻെറ മാതൃക ഇല്ല എന്നു് അറിയിക്കയുണ്ടായി.

ഉള്ളൂരിൻെറ മഠത്തിൽനിന്നും ഉപലബ്ധമായ മാതൃക വിലമതിക്കാൻ പാടില്ലാത്ത ഒരു നിധിപോലെ കണക്കാക്കാം. വളരെ പഴക്കമുള്ള ഒരു ഗ്രന്ഥമാണു് അതു്. ഉണ്ണുനീലീസന്ദേശത്തിൻെറ രചനാകാലത്തിൽനിന്നു് വിദൂരമല്ലാത്ത ഘട്ടത്തിൽ എഴുതിയതെന്നു വിചാരിക്കത്തക്ക പഴക്കം അതിനു കാഴ്ചയിൽ തന്നെയുണ്ടു്. പാഠം സർവ്വഥാ നിർദ്ദുഷ്ടമാണു് എന്നു പറയാനില്ലെങ്കിലും മുദ്രിത പാഠത്തെക്കാൾ എത്രയോ സാധുവായ പാഠങ്ങൾ ഇതിലുണ്ടു്. അർത്ഥഗ്രഹണത്തിനു വളരെ പ്രയോജനപ്പെടുന്നവയാണു് ഈ

പാഠങ്ങൾ. ഇവ എടുത്തുകാണിക്കാൻ ഈ ചെറിയ കുറിപ്പിൽ സാധ്യമല്ല. എത്രയോ വാക്യങ്ങളും വാക്കുകളും ആണ് മുദ്രിതപുസ്തകത്തിൽ തിരുത്താനുള്ളത്. വളരെ പ്രധാനപ്പെട്ട ഒന്നു രണ്ടു പാഠഭേദങ്ങൾ മാതൃകയ്ക്കു കാണിക്കാം:—

"കാലത്തെയ്തും വെയിലെവ്വകയിൽ വെട്ടു പാടിന്റത്തും കേൾ"
എന്ന മുദ്രിതപാഠം പ്രമാദജടിലമാണ്.

"കാലത്തേ നീ തുയിലെഴ കുയിൽപ്പേട പാടുന്നതും കേൾ"
എന്ന ഗ്രന്ഥപാഠം സ്പഷ്ടാർത്ഥകമാണല്ലോ.

"മന്നിൽത്തൊങ്ങും പടയൊറ കടന്നീടുകെൻ പോറ്റി പിന്നെ"
എന്നു മുദ്രിതപാഠം. പടയൊറ എന്നൊരു സ്ഥലമില്ല.

"മന്നിൽപ്പൊങ്ങും പടയൊടു കടന്നീടു കന്റേററി പിന്നെ"
എന്നു ഗ്രന്ഥപാഠം. കന്റേററി (കന്നേററി) പഴയ വേണാടിന്റെ വടക്കേ അതിരു്. കരുനാഗപ്പള്ളിക്കു് ഒരു മൈൽ തെക്കാണല്ലോ ഈ സ്ഥലം.

ഈ ഗ്രന്ഥം ഉണ്ണുനീലിസന്ദേശത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുന്നതിനു് എത്രയോ പ്രയോജനപ്രദം ആണെന്നു് ഇതിൽനിന്നു മനസ്സിലാക്കാമല്ലോ.

ഈ പാഠഭേദങ്ങളെയെല്ലാം പരിഗണിച്ചുകൊണ്ടു് ഈ സന്ദേശം പ്രസാധനം ചെയ്യേണ്ടിയിരിക്കുന്നു. പ്രാചീനമാതൃകകൾ കൈവശമുള്ളവർ വിവരം അറിയിച്ചുതന്നു് എന്റെ യത്നത്തെ അനുഗ്രഹിക്കണമെന്നു് അപേക്ഷിക്കുന്നു.

വിജ്ഞാപനപരമ്പര—നമ്പർ-5

# അവന്തിസുന്ദരി

ദണ്ഡികൃതമായ "അവന്തിസുന്ദരീകഥ" എന്ന പ്രസിദ്ധ സംസ്കൃതഗദ്യകൃതി ഇപ്പോൾ ഈ ഗ്രന്ഥശാലയിൽനിന്നും അച്ചടിപ്പിച്ചു വരികയാണു്. ഈ കൃതിയെപ്പററി മററു സംസ്കൃതഗ്രന്ഥങ്ങളിൽ പല സ്ഥലത്തും പരാമർശിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ഇതു അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിവില്ല. ഇതിലെ കുറച്ചു ഭാഗം മാത്രം 'ദക്ഷിണഭാരതി'ഗ്രന്ഥമാലയിൽ 3-ാം നമ്പരായി ശ്രീ. എം. രാമകൃഷ്ണകവിയുടെ ഒരു ആമുഖത്തോടുകൂടി ശ്രീ. രാമനാഥശാസ്ത്രികൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആ പ്രസിദ്ധീകരണത്തിൽ തന്നെ അവിടവിടെയായി അനവധി ഭാഗങ്ങൾ വിട്ടുപോയിട്ടുള്ളതായി കാണുന്നു. ഗ്രന്ഥത്തിലെ ഓലകൾ ശിഥിലമായും അക്ഷരങ്ങൾ പൊടിഞ്ഞും നഷ്ടമായതാണു് ഇതിനു കാരണം.

ഹസ്തലിഖിതഗ്രന്ഥശാലയിൽ ഈ കൃതിയുടെ വളരെ പഴയ ഒരൊററ താളിയോലഗ്രന്ഥം മാത്രമേ ഉള്ളു. അതിൽത്തന്നെ പല ഓലകളും നഷ്ടപ്പെട്ടിരിക്കുകയാണു്. ബാക്കിയുള്ള ഓലകൾതന്നെ പൊടിഞ്ഞിരിക്കുന്നതിനാൽ പല പദങ്ങളും വാക്യങ്ങളും വ്യക്തമല്ല. ഒഴിവാക്കി വിട്ടുപോയിട്ടുള്ള ഭാഗങ്ങളും അസ്പഷ്ടങ്ങളായ അക്ഷരങ്ങളും മററും ശരിപ്പെടുത്തുന്നതിനു മറെറാരു മാതൃക കണ്ടുപിടിക്കുന്നതിനു കുറേക്കാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ഇതുവരെയും ആ ശ്രമം ഫലവത്തായില്ല. കുറേ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഈ ഗ്രന്ഥം പകർത്തിയെഴുതിയെങ്കിലും ഒത്തുനോക്കുന്നതിനു മററു ഗ്രന്ഥങ്ങൾ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ഇതിൻെറ അച്ചടി ആരംഭിക്കാതെയിരുന്നു. എന്നാൽ ഇനിയും അങ്ങനെ തുടർന്നാൽ ഉള്ള ഗ്രന്ഥംകൂടി നാമാവശേഷമായിത്തീർന്നേയ്ക്കുമോ എന്നു ഭയപ്പെട്ടാണു് ഇതിൻെറ പ്രസാധനം അസമഗ്രമായെങ്കിലും ഇപ്പോൾ ആരംഭിച്ചിരിക്കുന്നതു്. ഇനിയും സൂക്ഷിക്കുവാൻ വളരെ പ്രയാസമായ നിലയിൽ ഗ്രന്ഥം അത്രമാത്രം ജീർണ്ണിച്ചിരിക്കുന്നു.

ഈ വിഷയത്തിൽ ഔത്സുക്യമുള്ള പണ്ഡിതന്മാർ കൈവശത്തിലോ അറിവിലോ മാതൃകാഗ്രന്ഥങ്ങൾ ഉണ്ടെങ്കിൽ വിവരം അറിയിച്ചുതന്നു ഞങ്ങളുടെ പ്രസിദ്ധീകരണത്തെ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ആണററി ഡയറക്ടർ.

വിജ്ഞാപനപരമ്പര—നമ്പർ-6.

# കേശിമഥനം ആട്ടക്കഥ

തിരുവിതാംകൂർ യൂണിവേഴ്സിറ്റി ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്ന് മലയാളഗ്രന്ഥാവലി 76-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് കേശിമഥനം ആട്ടക്കഥ. ഈ ഗ്രന്ഥത്തിന്റെ കർത്താവിനെപ്പററി വിവരം ഒന്നും മേൽ പറഞ്ഞ പ്രസാധനത്തിൽ കൊടുത്തിട്ടില്ല. തുടന്നുള്ള അന്വേഷണത്തിൽ മണലിക്കര മഠത്തിലെ കേശവരു കേശവരു രചിച്ചതാണ് ഈ കൃതിയെന്നു അറിയാൻ ഇടയായി. തെക്കൻ തിരുവിതാംകൂറിലെ പ്രാചീനവും പ്രശസ്തവും ആയ ഒരു മലയാളബ്രാഹ്മണഗൃഹമാണ് മണലിക്കര. കല്പകമംഗലത്തു പടിഞ്ഞാറേകെട്ട മഠം എന്നാണ് ഈ മഠത്തിനെപ്പററിയുള്ള എഴുത്തുകുത്ത്. മണലിക്കരമഠം പല നൂറ്റാണ്ടുകളായി പ്രശസ്തന്മാരായ പല പണ്ഡിതന്മാരുടെയും ജനനം കൊണ്ടു് ധന്യമാണ്.

തിരുവട്ടാററ് ആദികേശവപ്പെരുമാൾ ക്ഷേത്രത്തിലെ പ്രധാന തന്ത്രം മണലിക്കരമഠത്തിലേക്ക് ആണ്. അങ്ങനെ മണലിക്കരയ്ക്കു പ്രാധാന്യം ഉള്ള ആ ക്ഷേത്രത്തിലെ കേശിമഥനനെ പുകഴ്ത്താനാണ് കേശവരു കേശവരു് കേശിമഥനമെന്ന ആട്ടക്കഥ രചിച്ചതു്. കേശിമഥനം തുള്ളലും മണലിക്കരമഠത്തിൽനിന്നു കിട്ടീട്ടുണ്ടു്.

പരിചൊടു കല്പകമന്ദിരമമരും
പരദൈവത ഗണനാഥ നമസ്തേ

എന്നു് ആ തുള്ളലിൽ ഉണ്ടു്. അതും ഈ കവിയുടെ തന്നെ ആയിരിക്കണം. അദ്ദേഹത്തിന്റെ ജനനം കൊല്ലവഷം 1018 ാമാണ്ടും, മരണം 1080-ാമാണ്ടും ആയിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹത്തിനു നല്ല കാവ്യപരിചയവും വ്യുത്പത്തിയും സിദ്ധിച്ചിരുന്നു. ആട്ടക്കഥയുടെ ആദ്യം 'ശങ്കരമുഖ്യദേശികവരാൻ' എന്നു സ്മരിച്ചിട്ടുണ്ടു്. ഈ ശങ്കരൻ കവിയുടെ പിതൃവ്യൻ (അഫ്ൻ) ആയിരുന്നു.

ഈ കഥകളി തിരുവട്ടാററും മണലിക്കരയും പല പ്രാവശ്യവും കളിപ്പിച്ചിട്ടുണ്ടു്.

ശൂരനാട്ടു കുഞ്ഞൻപിള്ള

വിജ്ഞാപനപരമ്പര — നമ്പർ-7.

# പ്രാചീനഗ്രന്ഥസംഭരണം

കേരളത്തിലെ പല പുരാതനകുടുംബങ്ങളിലും വളരെക്കാലമായി സൂക്ഷിച്ചുവരുന്ന പഴയ താളിയോലഗ്രന്ഥങ്ങൾ ഭാഷ, സാഹിത്യം, ചരിത്രം ഈ വിഷയങ്ങളിൽ ഗവേഷണത്തിന് അത്യന്തം പ്രയോജനപ്പെടുന്നവയാണ്. ഇവയിൽ ഒട്ടുവളരെ ഗ്രന്ഥങ്ങൾ യൂണിവേഴ്സിററിയുടെ കീഴിലുള്ള ഹസ്തലിഖിതഗ്രന്ഥാലയത്തിൽ ശേഖരിച്ചുവെച്ചിട്ടുണ്ടെങ്കിലും ഇനിയും എത്രയോ ഗ്രന്ഥങ്ങൾ പല പഴയ തറവാട്ടുകളിലെയും ഈടുവയ്പുകളിൽ ഇരുന്നു ദ്രവിച്ചു പോകുന്നുണ്ട്. വിലയേറിയ ഈ സമ്പത്ത് നശിച്ചുപോകാതെ രക്ഷിക്കേണ്ടതു നമ്മുടെ വലിയ കർത്തവ്യമാണ്. ഇതിലേയ്ക്ക് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

മലയാളനിഘണ്ടുവിനു പ്രാദേശികപദങ്ങൾ ശേഖരിക്കുന്നതിനായും ഗ്രന്ഥങ്ങൾ കഴിവുള്ളിടത്തോളം സംഭരിക്കുന്നതിനായും മദ്ധ്യതിരുവിതാംകൂറിൽ ഈയിടെ ഞാൻ നടത്തിയ സഞ്ചാരം വളരെ പ്രോത്സാഹജനകമായിരുന്നു എന്നു രേഖപ്പെടുത്താൻ സന്തോഷമുണ്ട്. പല നമ്പൂതിരികുടുംബങ്ങളും നായർകുടുംബങ്ങളും മററു പല വിഭാഗങ്ങളിൽപ്പെട്ട മാന്യന്മാരും ഈ വിഷയത്തിൽ എനിക്കു സാരമായ സാഹായ്യം ചെയ്തുതരികയുണ്ടായി. പറമ്പൂർ ഭട്ടതിരിമാർ, കുഴിക്കാട്ടു ഭട്ടതിരിപ്പാട് എന്നിവർ അനേകം വിലയേറിയ ഗ്രന്ഥങ്ങൾ സംഭാവനചെയ്യുകയുണ്ടായി. എൻെറ മാന്യസ്നേഹിതൻ ശ്രീ. പുത്തൻകാവു മാത്തൻതരകനും ഇക്കാര്യത്തിൽ എനിക്കു ഗണ്യമായ സാഹായ്യം നൽകി. കുഴിക്കാട്ടുനിന്നും പറമ്പൂരുനിന്നും ലഭിച്ച ഗ്രന്ഥങ്ങൾ വിലയേറിയ ചരിത്രവസ്തുതകൾ നൽകുന്നുണ്ടെന്നുള്ള വിവരം ഇവിടെ പ്രസ്താവിക്കാൻ സന്തോഷമുണ്ട്.

പഴയ താളിയോല ഗ്രന്ഥങ്ങൾ തന്നു സഹായിക്കാമെന്നുള്ള മാന്യന്മാർ വിവരം എന്നെ അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ആണററി ഡയറക്റ്റർ

ശൂരനാട്ടു കുഞ്ഞൻ പിള്ള

തൃക്കപ്പുയററിലേ

## ഒരു അദ്ഭുതഗാനം

മലയാളത്തിലേ ജനകീയഗാനസാഹിത്യത്തെപ്പററി വളരെയൊക്കെ പറഞ്ഞു കേൾക്കാറുണ്ടെങ്കിലും അവയെ തേടിപ്പിടിച്ചു വെളിക്കു കൊണ്ടുവരാനും അവയുടെ ആസ്വാദ്യത ലോകരെ ബോധ്യപ്പെടുത്താനും പറയത്തക്ക പരിശ്രമം ചെയ്തിട്ടില്ല. എൻെറ മാന്യസ്നേഹിതനും സംഗീതസാഹിത്യമർമ്മജ്ഞനുമായ ശ്രീ. പി. കെ. ശിവശങ്കരപ്പിള്ള എം. ഏ. ഈ വിഷയത്തിൽ ചെയ്തിട്ടുള്ള പരിശ്രമം മലയാളികളുടെ മുക്തകണ്ഠമായ പ്രശംസ അർഹിക്കുന്നു. അദ്ദേഹം ഒരു വിപുലമായ ഗാനസാഹിത്യസമ്പത്തു ശേഖരിച്ചു വച്ചിട്ടുണ്ടു്. അതു വെളിക്കു കൊണ്ടുവരണമെന്നുള്ള എൻെറ അത്യാഗ്രഹം കൊണ്ടു ഞാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതിൻെറ ഫലമാണു് അദ്ദേഹം നല്കിയിട്ടുള്ള ഈ ചെറിയ ഉപന്യാസം. ഇവിടെ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളതു് ഒരു ചെറിയ ഗാനശകലമാണു്. ആ പാട്ടു് ശ്രീ. ശിവശങ്കരപ്പിള്ള പാടി കേൾപ്പിച്ചപ്പോൾ ഒരു അലോകസൗന്ദര്യരംഗം മുൻപിൽ അവതരിച്ചതായി എനിക്കു തോന്നി. അതുകണ്ടു് ആകാരവൈശിഷ്ട്യവും ഭാവനാരസികതയും ഈ ഗാനത്തിനു് ഉണ്ടെന്നാണു് എൻെറ എളിയ അഭിപ്രായം.

ശ്രീ. പിള്ളയോടു് എന്റെ അപേക്ഷ അദ്ദേഹം പ്രയാസപ്പെട്ടു നേടിയ ഈ ഗാനസമ്പത്തുകളെ വെളിക്കു കൊണ്ടുവരണമെന്നാണു്. പണ്ടത്തേ നമ്മുടെ സമ്പത്തുകൾ മറന്നുവരികയാണു്. ഭാഗ്യവശാൽ ശ്രീ. പിള്ളയുടെ കൈയ്യിൽ വന്നുചേന്ന നിധിയെങ്കിലും ഇനി നഷ്ടപ്പെട്ടു പോകാതെയിരിക്കട്ടെ.

ശൂരനാട്ടു കുഞ്ഞൻ പിള്ള

# കേരളത്തിലെ പഴയ പാട്ടുകളുടെ കലവറയിൽ നിന്നു് ഒരു 'കവിത്തം'

പി. കെ. ശിവശങ്കരപ്പിള്ള എം. എ.

കേരളസാഹിത്യചരിത്രഗവേഷകന്മാരുടെ ദൃഷ്ടി പ്രായേണ പതിഞ്ഞു കാണുന്നതു കൊട്ടാരങ്ങളിലേയും കോവിലകങ്ങളിലേയും ഗ്രന്ഥപ്പുരകളിലെ ഈടുവയ്പുകളിലാണു്. എന്നാൽ സാഹിത്യകലാരംഗത്തു് കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാചീനകാലം മുതൽ ഒരു പ്രത്യേകത കാണാനുണ്ടു്. ഗ്രന്ഥപ്പുരകളുടെ ഇരുളടഞ്ഞ കെട്ടിനകത്തു താളിയോലയ്ക്കുള്ളിൽ സാഹിതീദേവിയുടെ ചിന്താരത്നങ്ങൾ മാറാല പിടിച്ചു പൊടിപററി കിടക്കുന്നെങ്കിൽ, കുടിലുകളിലും കുപ്പമാടങ്ങളിലും ആ ദിവ്യാംഗന ആട്ടുകയും പാട്ടുകയും ചെയ്തതിൻെറ കാല്പാടുകളും കളമൊഴികളും ഇന്നും കാണാനും കേൾക്കാനും അങ്ങിങ്ങായി അവശേഷിക്കുന്നുണ്ടു്. മൺമറഞ്ഞ എത്രയെത്ര തലമുറകൾ പരമ്പരയാ മുഖത്തോടുമുഖം പകൎന്നു പാടി, നാവിൽത്തന്നെ നിറുത്തിയും വളൎത്തിയും കൊണ്ടുപോന്ന ഈ ജനകീയകാവ്യശാഖയെ കാലത്തിൻെറ പരിവൎത്തനത്താൽ ഏററുവാങ്ങാൻ നാവില്ലാതെ അവയിൽ എത്രയോ പാട്ടുകൾ അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചു പോയ്! ഇനിയും അങ്ങിങ്ങു് ചില പഴവന്മാരുടെ നാവിൽ ചിലതെല്ലാം കുടിയിരിക്കുന്നുണ്ടു്. ഇങ്ങനെ അവശേഷിക്കുന്നവയെ ശേഖരിക്കാൻ പുറപ്പെട്ടിട്ടു തന്നെ ഒരു നാടോടിസാഹിത്യപാരാവാരമാണു് കൺമുമ്പിൽ ദൃശ്യമാകുന്നതു്. ഇത്ര വിപുലമായ നാടോടിസാഹിത്യക്കടൽപ്പരപ്പിലെ ഒരു നര-ക്ഷണത്തെയാണു മാതൃക കാണിക്കാൻ വേണ്ടി ഞാനിവിടെ അവതരിപ്പിക്കുന്നതു്.

കേരളത്തിലെ ഭദ്രകാളിക്ഷേത്രങ്ങളിൽ പണ്ടു കാലത്തു പ്രചുരപ്രചാരത്തിലിരുന്ന ഒരു നൃത്തവിശേഷമാണു തുക്കംപയററു്. ഇന്നു് അതു തീരെ നിന്നുപോയിരിക്കുന്നു എന്നു തന്നെ പറയാം. വിൽക്കുറുപ്പന്മാർ എന്നു വിളിക്കപ്പെടുന്ന ഒരു സമുദായക്കാരാണു് ഇതു നടത്തുക. കിരീടം, മുഖത്തുതേപ്പു്, മയിൽപ്പീലികൊണ്ടുള്ള ഉടുത്തു

കെട്ട്, കാൽച്ചിലങ്ക എന്നീ വേഷവിധാനങ്ങളോടുകൂടി, വില്ലും അമ്പും കൈയ്യിലെടുത്തു ചെണ്ടയും ഇലത്താളവും പശ്ചാത്തലവാദ്യമാക്കി പല താളത്തിൽ നൃത്തം ചെയ്യുക, അഥവാ ‘പയററുക’ എന്നതാണ് ഇതിൻെറ സാമാന്യസ്വഭാവം. അതതു താളത്തിനൊത്തു താളപ്രധാനമായ ഗാനങ്ങളോടുകൂടിയാണു പയററുക. ഈ ഗാനങ്ങൾക്കു ‘കവിത്തം’ എന്നാണ് അവർ പറയുക; പാടുകയെന്നതിനു പകരം ‘കവിത്തം ചൊല്ലുക’യെന്നും. ഈ കവിത്തങ്ങളുടെയെല്ലാം വിഷയം രാമായണത്തിൽ നിന്നും ഭാരതത്തിൽനിന്നും എടുത്തിട്ടുള്ള കഥാഭാഗങ്ങളാവും. ചുരുക്കം ചില സ്തുതികളും ഉണ്ട്. ഞാൻ ഇവിടെ ഉദ്ധരിക്കാൻ പോകുന്ന കവിത്തം രാമായണകഥാവ-ലംബികളായ പലതിൽ ഒന്നാണ്. ശ്രീരാമനും സീതയും തമ്മിലുള്ള ഒരു നർമ്മസല്ലാപമാണ് പ്രതിപാദ്യം.

സീത രാമൻെറ കാലു തടവിക്കൊണ്ടിരിക്കുന്നു. കൈയ് പാദത്തെ സ്പർശിക്കാറായപ്പോൾ സീതയുടെ മനസ്സിൽ ഒരു സംശയം അങ്കുരിച്ചു. പണ്ട് ഈ രാമപാദം സ്പർശിച്ചല്ലേ ഒരു പാറ അതിസുന്ദരിയായ ഒരു തരുണീരത്നമായി മാറിയതു്. തൻെറ കൈയ്യിൽ കിടക്കുന്ന മോതിരത്തിൽ പതിച്ച രത്നക്കല്ല് ഈ പാദത്തിൽ സ്പർശിച്ച് ഒരു പക്ഷേ ഒരു സൗന്ദര്യറാണിയുണ്ടായിപ്പോയെങ്കിൽ!—തന്റെ കാര്യം അപകടത്തിലായെങ്കിൽ!—സീത പെട്ടെന്നു മോതിരം ഊരി മാററി വച്ചിട്ടു പാദം തടവി. ശ്രീരാമൻ ഇതു കണ്ടു സീതയുടെ ഉള്ളിൽ നിഴലിട്ട സംശയമെന്തായിരിക്കാമെന്ന് ഊഹിച്ചു. ഒരു പുഞ്ചിരിയോടെ രാമൻ ഈ പ്രവൃത്തിയെക്കുറിച്ചു ചോദ്യമായി. മോതിരം ഉരസി മൃദുവായ പാദം നോവേണ്ടെന്നു വച്ചു, എന്നത്രേ സീതയുടെ മറുപടി. ഇങ്ങനെ ആ സല്ലാപം നീണ്ടുപോകുന്നു.

ആ പാട്ട് ഉദ്ധരിക്കുന്നതിനു മുമ്പായി ഒരു കാര്യംകൂടെ പറഞ്ഞുകൊള്ളട്ടെ. മലയാളത്തിലെ പഴയ നാടോടിപ്പാട്ടുകളെല്ലാം തന്നെ അവയുടെ ഗാനരീതിക്കൊപ്പിച്ചു പാടിക്കേട്ടെങ്കിൽ മാത്രമേ പൂർണ്ണമായി ആസ്വദിക്കാൻ കഴിയൂ. അവ അത്രകണ്ടു താളപ്രധാനവും ഗാനപ്രധാനവുമാണ്. ഗാനരീതിയറിഞ്ഞു പാടാതെ അവയെ പകർത്തിയെഴുതി വായിച്ചാൽ ആ പാട്ടുകളുടെ പ്രേതങ്ങളെ

അവതരിപ്പിക്കയായിരിക്കാം. അതുകൊണ്ടും കൂടെയായിരിക്കണം കലാരാധകന്മാരായ നമ്മുടെ പഴവന്മാർ അവയെ ഓലയിൽ പകർത്താൻ സമ്മതിക്കാതെ പാടാൻ വാസനയുള്ളവരിലേക്കു പാടിപകന്നു കൊടുത്തു് ഉരുവിട്ടു പഠിപ്പിച്ചതും അവർ അവയെ നെഞ്ചിലേററി ലാളിച്ചതും. ശാസ്ത്രീയസംഗീതപ്രകാരമുള്ള രാഗങ്ങളിലൊന്നുമല്ല ഇവ രചിക്കപ്പെട്ടിട്ടുള്ളതു്; താളപ്രധാനങ്ങളായ ഗാനാത്മക ഭാഷാവൃത്തങ്ങളിലാണു്.

ഇനി, ആ കവിതം ഓർമ്മിക്കുന്നിടത്തോളം ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാം. ആദിതാളം (ഒരു അടിയും ഒരു വീശും) ഇട്ടാണു പാടേണ്ടതു്. വായനക്കാർ കഴിവുള്ളിടത്തോളം താളമിട്ടു പാടാൻ തന്നെ ശ്രമിക്കണമെന്നു് അപേക്ഷയുണ്ടു്.

### ഗാനം

ഏകദാ—രാമ,ചന്ദ്രസ്യ തൃപ്പാദയോ—
മ്മന്ദമന്ദം—തലോടീടിനാൾ, വൈദേഹി—തെയ് തി,
ത്തെയ്—തി, ത്തക,—തക, തെയ്.

അപ്പൊഴതി—പ്പാദംമൽ-പാണിഗ്രഹണാർത്ഥം വരു-
മപ്പോൾ-തൊട്ടപ്പാറയിൽ—നിന്നുണ്ടാ-യൊരു കണ്മണി—തെയ്-തി,ത്തെയ്......

ഇത്ഥം ഭയ-മത്തരുണീ-ചിത്തേ-മെത്തീടുകയാൽ
പൊൽത്താരടി-യിണയെത്താ-തിത്തിരി-ദൂരത്തായി—
രത്നാംഗുലീയം-വച്ചു; മുന്നേപ്പോലെ—
പത്നിയാം സീത-വീണ്ടും-തലോടീടവേ—തെയ്............

കണ്ടാനതു-തണ്ടാർശര-നിണ്ടൽ കുണ്ടിൽ, പണ്ടേ-
കണ്ടാൽ-മിണ്ടാമണ്ടും-വണ്ടും തെണ്ടും രാമൻ—തെയ്............

കള്ളം, കള്ളൻ-തൻതിരുവുള്ളേ-കടികൊണ്ടിട്ടതു
തുള്ളി, ത്തുള്ളി-ചെറു ചിരി-പുള്ളിപ്പെ-ട്ടുള്ളോളം—തെയ്..........

ചെന്താമര-ലോചനയുടെ-ചിന്താമാർഗ്ഗം-ചിന്തി-
ച്ചുതേ, ചന്താ ചിന്തും-"കാന്തേ! എന്തീവിധം"—തെയ്..........

"തെല്ലും, സംശയമില്ല-ചൊല്ലാം, നല്ലാർജനമണി-
യെല്ലാമുല്ലാസത്തോടു-വല്ലഭനോടല്ലോയിതു"—തെയ്......

എങ്കിലുമ-പ്പങ്കജമുഖി-ശങ്കവിനാ-"നിൻകഴലിനു-
സങ്കടമിതി-ശങ്കയൊടേ......ശങ്കരനാ-ണെൻകണവാ"—തെയ്.......

വഞ്ചനമിതു-ചഞ്ചലമിഴി-കൊഞ്ചുകയോ-പിഞ്ചുമന-
ശ്ചാഞ്ചല്യം-തഞ്ചുകയോ നെഞ്ചക-നിശ്ചഞ്ചലമോ—തെയ്......

യൂണിവേഴ്സിറ്റി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ ഗ്രന്ഥശേഖരണത്തിനുവേണ്ടി ബ്രഹ്മശ്രീ: തിരുനാവായ് വാധ്യാൻ നമ്പൂരിപ്പാട്,
ബ്രഹ്മശ്രീ: ചെറുമുക്ക് വൈദികൻ നമ്പൂരിപ്പാട്,
ബ്രഹ്മശ്രീ: ഊരമ്പിള്ളി നമ്പൂരിപ്പാട് എന്നിവർ
ചേർന്നു പുറപ്പെടുവിക്കുന്ന

# അഭ്യർത്ഥന

മുറജപം സംബന്ധമായി തിരുവനന്തപുരത്തു താമസിക്കുന്നതിനിടയ്ക്ക് യൂണിവേഴ്സിററി മാനുസ്ക്രിപ്ററ്സ് ലൈബ്രറി സന്ദർശിക്കുവാൻ ഞങ്ങൾക്കു സൗകര്യം ലഭിച്ചു. സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിലായി 30,000-ൽ പരം ഗ്രന്ഥങ്ങൾ ശേഖരിച്ചു വച്ചിട്ടുള്ള ഒരു മഹാസ്ഥാപനമാണ് ഇതു്. കേരളത്തിലെ പല പ്രാചീനകുടുംബങ്ങളിലെയും സംസ്കാരസമ്പത്താണ് ഇവിടെ സംഭരിച്ചു സംരക്ഷിച്ചുപോരുന്നതു്. ഗ്രന്ഥങ്ങൾ ഇവിടെ സൂക്ഷിച്ചിട്ടുള്ള രീതിയും പ്രധാനഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായവും കൗതുകത്തോടെ ഞങ്ങൾ മനസ്സിലാക്കി. ഈ ഗ്രന്ഥസമ്പത്തു കണ്ടപ്പോഴാണ് കേരളത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പല പഴയ തറവാടുകളിലും ഇരുന്നു ജീർണ്ണിച്ചുപോകുന്ന ഗ്രന്ഥങ്ങളെപ്പററി ഞങ്ങൾക്കു സന്താപം തോന്നിയതു് നമ്മുടെ പൂർവ്വന്മാരുടെ വിലമതിക്കാൻ പാടില്ലാത്ത ചിന്താസന്താനങ്ങളാണ് അനാസ്ഥയുടെയും അശ്രദ്ധയുടെയും ഫലമായി എന്നെന്നേയ്ക്കുമായി നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഈ ദുഃസ്ഥിതിക്കു പരിഹാരം കണ്ടുപിടിക്കേണ്ടതു കേരളീയരായ എല്ലാവരുടെയും കർത്തവ്യമാണല്ലോ. ഇപ്പോൾ തന്നെ പരശ്ശതം ഗ്രന്ഥങ്ങളും അവയിൽ ഉൾക്കൊള്ളുന്ന അനർഘങ്ങളായ വിചാരസമ്പത്തുകളും നമുക്കു നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ഇനിയും ഇത്തരം നഷ്ടം നേരിടാതിരിക്കാൻ ഏകമാർഗ്ഗം ഗ്രന്ഥങ്ങളുള്ളവർ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയെ ഏൽപ്പിക്കുക എന്നുള്ളതാണ്. ഓരോ കുടുംബത്തിൽനിന്നും കൊടുക്കുന്ന ഗ്രന്ഥങ്ങൾ അവരവരുടെ പേരിൽ തന്നെ സംരക്ഷിക്കുന്നതും, പ്രസിദ്ധീകരണം അർഹിക്കുന്നവ

പ്രകാശിപ്പിക്കുന്നതും ആയിരിക്കുമെന്നു ഞങ്ങൾ മനസ്സിലാക്കി. പ്രാചീനഗ്രന്ഥങ്ങൾ കൈവശമുള്ള എല്ലാം കേരളീയരും അവ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിക്കുന്നതിനു കൊടുത്തു് നമ്മുടെ സംസ്കാരസംരക്ഷണയത്നത്തെ സഫലമാക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
6—1—54.

നീലകണ്ഠൻ വാദ്ധ്യാൻ നമ്പൂതിരി
(തിരുനാവായി.)

ചെറുമുക്കു വൈദികൻ കൃഷ്ണൻ നമ്പൂതിരി

യു. എം. സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടു്
(ഊരമമ്പിള്ളിമന.)

# ഗുരുസമ്മതപദാൎത്ഥങ്ങളും കൌമാരില മതോപന്യാസവും.

വേദാൎത്ഥവിചാരാത്മകമായ പൂൎവ്വമീമാംസയിലെ രണ്ടു മഹാപ്രസ്ഥാനങ്ങളാണല്ലോ പ്രഭാകരസിദ്ധാന്തവും കുമാരിലഭട്ടസിദ്ധാന്തവും. ഈ രണ്ടു സിദ്ധാന്തങ്ങളും മനസ്സിലാക്കുക വളരെ ക്ലേശകരമായ കാൎയ്യമാണ്. കഠിനമായ പ്രഭാകരശാസ്ത്രഗ്രന്ഥത്തിൽനിന്നും പ്രഭാകരഗുരുവിന്റെ സിദ്ധാന്തം മനസ്സിലാക്കുന്നതുപോലെ തന്നെ മഹത്തും ഗംഭീരവുമായ ഭാട്ടഗ്രന്ഥത്തിൽനിന്നും ഭാട്ടസിദ്ധാന്തം ഗ്രഹിക്കുവാനും പ്രയാസമാണ്. എന്നാൽ മീമാംസാശാസ്ത്രമാകുന്ന ക്ഷീരസാഗരം കടഞ്ഞെടുത്ത പീയൂഷമായിട്ടാണ് "ഗുരുസമ്മത പദാൎത്ഥാഃ" എന്ന പ്രകരണഗ്രന്ഥവും, "കൌമാരില മതോപന്യാസഃ" എന്ന പ്രകരണഗ്രന്ഥവും പരിലസിക്കുന്നതു്. ഇവയിൽ 'ഗുരുസമ്മത പദാൎത്ഥാഃ' എന്ന കൃതി തിരുവിതാംകൂർ യൂണിവേഴ്സിററി ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്നും പ്രസിദ്ധീകരിച്ചുവരുന്ന സംസ്കൃതം ജേൎണ്ണലിന്റെ ഏഴാം വാല്യം ഒന്നും രണ്ടും നമ്പർ പുസ്തകത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. അടുത്ത ജേർണലിൽ കൌമാരിലമതോപന്യാസവും പ്രസിദ്ധീകരിക്കുന്നതാണ്. പതിനാലു പേജുകൾ മാത്രമേ ഈ കൃതിക്കുവേണ്ടി വന്നിട്ടുള്ളു എന്നതുകൊണ്ടു് ഇതു വളരെ ചെറിയ ഒരു ഗ്രന്ഥമെന്നു സ്പഷ്ടമത്രേ. പക്ഷേ സ്വഭാവംകൊണ്ടു് ഇതു് ഒരു ലഘുകൃതിയല്ല. പ്രഭാകരഗുരുവിന്റെ സിദ്ധാന്തമനുസരിച്ചുള്ള പദാൎത്ഥങ്ങളെയും അവയുടെ ലക്ഷണത്തെയും സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണിതു്. പ്രഭാകരൻ വൈശേഷികസമ്മതങ്ങളായ പദാൎത്ഥങ്ങളെ അതേവിധം സ്വീകരിക്കുകയും, തനിക്ക് അഭിപ്രായവ്യത്യാസമുള്ള സ്ഥലങ്ങളിൽ വൈശേഷികമതത്തെ ഖണ്ഡിക്കയും ചെയ്യുന്നതുകൊണ്ടു് വൈശേഷികദർശനത്തോടാണ് ഈ പ്രകരണഗ്രന്ഥത്തിനു കൂടുതൽ സാദൃശ്യമുള്ളതു്.

തൎക്കസംഗ്രഹത്തിൽ "ദ്രവ്യ, ഗുണ, കൎമ്മ, സാമാന്യ, വിശേഷ, സമവായാഭാവാഃ സപ്ത പദാൎത്ഥാഃ" എന്നു പദാൎത്ഥങ്ങളെ തരംതിരിച്ചു കാണിക്കുന്നതുപോലെ ഈ ഗ്രന്ഥത്തിൽ:—

"ദ്രവ്യജാതിഗുണാഃ കൎമ്മസംഖ്യാസാദൃശ്യശക്തയഃ
സമവായ ഇതീമേഽഷ്ടൗ പദാൎത്ഥാ ഗുരുസമ്മതാഃ"

എന്നു പദാൎത്ഥങ്ങളെ തരംതിരിച്ചു കാണിച്ചിരിക്കുന്നു. പ്രാഭാകര സിദ്ധാന്തപ്രകാരം സംഖ്യ, സാദൃശ്യം, ശക്തി എന്നീ മൂന്നു പദാൎത്ഥങ്ങൾ വൈശേഷികമതത്തിൽനിന്നും കൂടുതലായി സ്വീകരിച്ചിരിക്കുന്നതായും, വൈശേഷികന്മാർ അംഗീകരിക്കുന്ന വിശേഷവും, അഭാവവും നിരാകരിക്കുന്നതായും ഇവിടെ സ്പഷ്ടമാകുന്നുണ്ടല്ലോ.

ഈ കൃതിയുടെ ഈ പതിപ്പിന്നു് ആശ്രയമായ ഗ്രന്ഥം സി. ഒ. എൽ. ൫൩൮൯ ആകുന്നു. ഇതു് വൈയ്ക്കം കടുത്തുരുത്തിയിൽ കൈലാസപുരത്തു് കെ. ആർ. കേശവപ്പിഷാരോടി അവർകളുടെ പക്കൽനിന്നും ലൈബ്രറിക്കു കിട്ടിയിട്ടുള്ള ഗ്രന്ഥമാകുന്നു. കൎത്താവിനെക്കുറിച്ചു യാതൊരു വിവരവും ലഭിക്കുന്നില്ല.

കുമാരിലഭട്ടന്റെ സിദ്ധാന്തം എന്തെന്നു കൗമാരിലമതോപന്യാസത്തിൽനിന്നും മനസ്സിലാക്കാം. അത്രമാത്രം സുസ്ഫുടമായ ഈ കൃതിയുടെ കൎത്താവു് മാനമേയോദയത്തിലേ മേയഭാഗം എഴുതിയ നാരായണൻ തന്നെ ആണെന്നു കരുതേണ്ടിയിരിക്കുന്നു. ൧൪൯ ശ്ലോകങ്ങൾകൊണ്ടു് ഈ കൃതി പൂൎണ്ണമാക്കിയിരിക്കുന്നു. ഗുരുമതത്തിനും ഭാട്ടമതത്തിനും തമ്മിൽ ഉള്ള വ്യത്യാസവും അവയ്ക്കു് വൈശേഷികദൎശനവുമായുള്ള സാദൃശ്യവൈസാദൃശ്യങ്ങളും മനസ്സിലാക്കാൻ കൗതുകമുള്ളവൎക്കു് ഈ കൃതികൾ വളരെ പ്രയോജനപ്രദങ്ങളാണു്.

"ധൎമ്മോ യാഗാദിരൂപഃ സ തു സുരനഗരപ്രാപ്തി പശ്വാദിലാഭേ
ഹേതുഃ കുൎവ്വന്നപൂൎവ്വം നിഗമവചനമേവാഖിലം തത്ര മാനം
നിത്യാന്യേതാനി സൎവ്വാണ്യപി ന തു വിഹിതാനീശ്വരേണാ-
പരൈൎവ്വാ.
പ്രാമാണ്യസ്യ സ്വതസ്ത്വം ഭവതി ച നിഖിലാനാഞ്ച
മാനാന്തരാണാം"

എന്ന ആദിമശ്ലോകത്തിൽനിന്നും ഭാട്ടസിദ്ധാന്തത്തിന്റെ ഒരു സംക്ഷിപ്തവിവരം മനസ്സിലാക്കാം. ഈ രീതിയിലാണു് ഈ ഗ്രന്ഥം പോകുന്നതു്.

കൂടല്ലൂർ നാറേരിമനയ്ക്കൽനിന്നും കിട്ടിയിട്ടുള്ള ൫൨൦൭-ഡി നമ്പർ ഗ്രന്ഥത്തെ ആശ്രയിച്ചാണു് ഈ കൃതി പ്രസിദ്ധീകരണത്തിനു തയ്യാറാക്കിയിട്ടുള്ളതു്. ഇതിന്റെ മാതൃക കൈവശമുള്ളവർ അയച്ചുതന്നു് ഞങ്ങളെ സഹായിക്കണം എന്നു് അഭ്യൎത്ഥിച്ചുകൊള്ളുന്നു.

വി. ജി. നമ്പൂതിരി.